# സാമൂഹ്യശാസ്ത്രം

ഭാഗം 1

സ്റ്റാൻഡേർഡ് VI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

6

# സാമൂഹ്യശാസ്ത്രം

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2025
Printed at : KBPS, Kakkanad, Kochi
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

ആറാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിന്റെ ഒന്നാം ഭാഗമാണിത്. ഏഴ് യൂണിറ്റുകളാണ് ഈ പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മനുഷ്യരുടെ ആവിർഭാവം മുതൽ അവർ നയിച്ചുവരുന്ന സാമൂഹിക-സാംസ്കാരിക ജീവിതത്തെക്കുറിച്ച് ധാരണനേടുന്നതിന് പര്യാപ്തമായ രീതിയിലാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ഭൂമിയിൽ മനുഷ്യർ ആവിർഭവിച്ചതും തുടർന്നുള്ള സാംസ്കാരിക ജീവിതവും പ്രതിപാദ്യമാക്കിക്കൊണ്ടാണ് പാഠപുസ്തകം ആരംഭിക്കുന്നത്. തുടർന്ന് ആദ്യകാല രാഷ്ട്രങ്ങളും മനുഷ്യരെ സ്വാധീനിച്ച വിവിധ ദർശനങ്ങളും ചർച്ചചെയ്യുന്നു. 'രാഷ്ട്രവും ഗവൺമെന്റും' എന്ന യൂണിറ്റിൽ രാഷ്ട്രത്തെയും അതിന്റെ ഘടകങ്ങളെയും കുറിച്ച് വിശദീകരിക്കുന്നു. 'ഗ്ലോബിൽ നിന്ന് ഭൂപടത്തിലേക്ക്' എന്ന പാഠം ഗ്ലോബുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ പരിചയപ്പെടുന്നതിന് സഹായകമാണ്. വിവിധതരം ഭൂപട നിർമ്മാണ രീതികളെക്കുറിച്ചും ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നുണ്ട്. സംസ്കാരം രൂപപ്പെടുന്നത് എങ്ങനെയെന്നും സംസ്കാരത്തിന്റെ സവിശേഷതകളെക്കുറിച്ചും 'സംസ്കാരവും സാംസ്കാരിക വൈവിധ്യങ്ങളും' എന്ന പാഠം ചർച്ച ചെയ്യുന്നു. 'കൃഷിയിൽ നിന്ന് വ്യവസായത്തിലേക്ക്' എന്ന യൂണിറ്റിൽ കാർഷികോൽപാദനത്തിൽ നിന്നും വ്യാവസായികോൽപാദനത്തിലേക്കുള്ള മാറ്റങ്ങളെക്കുറിച്ച് വിശദമാക്കുന്നു. 'ഭൂഖണ്ഡങ്ങളിലൂടെ' എന്ന യൂണിറ്റ് ഭൂഖണ്ഡങ്ങളെക്കുറിച്ചറിയാനും അവയുടെ വൈവിധ്യങ്ങൾ പരിചയപ്പെടുന്നതിനും സഹായകമാകും.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 നിർദേശിക്കുന്ന സാമൂഹ്യശാസ്ത്ര സമീപനങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള ഈ പാഠപുസ്തകം സാമൂഹികപ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്നതിന് മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മാനവരാശിയുടെ വിവിധ മേഖലകളിലെ വളർച്ചയും വികാസവും തിരിച്ചറിയുന്നതിനും അതുപയോഗിച്ചുള്ള അറിവുനിർമ്മാണത്തിനും ഈ പുസ്തകം നിശ്ചയമായും സഹായിക്കും.

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

## പാഠപുസ്തകരചനാസമിതി

### അഡൈ്വസർ

**ഡോ. കെ. എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്

### ചെയർപേഴ്സൺ

**ഡോ. അഭിലാഷ് കുമാർ കെ. ജി.**
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്,
ബി.ജെ.എം. ഗവ. കോളേജ്, ചവറ, കൊല്ലം

### വിദഗ്ധർ

**ഡോ. നന്ദകുമാർ ബി. വി.**
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
ശ്രീ നാരായണ കോളേജ്,
കൊല്ലം

**ഡോ. ആന്റണി പാലക്കൽ**
പ്രൊഫസർ & ഹെഡ് (റിട്ട)
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി,
കേരള സർവകലാശാല,
തിരുവനന്തപുരം

### അംഗങ്ങൾ

**ഡോ. അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

**അനിൽകുമാർ കെ.**
ഹെഡ്മാസ്റ്റർ
ജി.എച്ച്.എസ്. കണ്ടല, തിരുവനന്തപുരം

**നിഷ ടി. എസ്.**
യു.പി. എസ്. ടി.
എസ് എൻ വി യു പി എസ് , മരുതമൺപള്ളി, കൊല്ലം

**പുഷ്പാംഗദൻ യു.**
യു.പി.എസ്.ടി (റിട്ട.)
ജി.എച്ച്.എസ്.എസ്. അഞ്ചൽ (വെസ്റ്റ്) പുനലൂർ, കൊല്ലം

**രാജൻ പി.പി.**
ട്രെയ്നർ,
ബി.ആർ.സി., മലപ്പുറം

**ബീന എസ്.നായർ**
യു.പി.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്.,
മലയിൻകീഴ്, തിരുവനന്തപുരം

**പ്രിയ എസ്. എസ്.**
പി.ഡി. ടീച്ചർ, യു.പി.എസ്.ടി.,
ജി.ജി.എച്ച്.എസ്.എസ്. കോട്ടൺഹിൽ, തിരുവനന്തപുരം

**രാംദേവ് പി. ആർ.**
എച്ച്. എസ്. എസ്. ടി. ജിയോഗ്രഫി
ജി.എച്ച്.എസ്.എസ്., വെള്ളത്തൂവൽ, ഇടുക്കി

**ജോൺ കെ.**
യു.പി.എസ്.ടി (റിട്ട.) ഗവ. വി & എച്ച്.എസ്.എസ്. ,
പാറശാല, തിരുവനന്തപുരം

### ചിത്രകാരർ

**ദീപേഷ് ടി.,** കണ്ണൂർ
**ആൽബിൻ ഫ്രാൻസിസ്,** തിരുവനന്തപുരം
**ഹരികൃഷ്ണൻ ജി.,** കൊട്ടാരക്കര
**അഭിനന്ദ് ബാബു,** തിരുവനന്തപുരം
**ആൽബർട്ട് വി.സ്റ്റീഫൻ,** പത്തനംതിട്ട.

### അക്കാദമിക് കോഡിനേറ്റർ

**ഡോ. മഞ്ജു ശങ്കർ കെ.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


1 ആദിമ മനുഷ്യരും സംസ്കാരങ്ങളും ........ 7-22

2 ആദ്യകാല രാഷ്ട്രങ്ങൾ ........ 23-36

3 രാഷ്ട്രവും ഗവൺമെന്റും ........ 37-47

4 ഗ്ലോബിൽ നിന്ന് ഭൂപടത്തിലേക്ക് ........ 48-59

5 സംസ്കാരവും സാംസ്കാരിക വൈവിധ്യങ്ങളും ........ 60-74

6 കൃഷിയിൽ നിന്ന് വ്യവസായത്തിലേക്ക് ........ 75-86

7 ഭൂഖണ്ഡങ്ങളിലൂടെ... ........ 87-102


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


തുടർവായന
*(വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല)*


പ്രവർത്തനം


ചർച്ച ചെയ്യാം


റോൾപ്ലേ


തുടർപ്രവർത്തനങ്ങൾ


നിർമ്മിക്കാം


ഐ.സി.ടി


എഴുതാം


പ്ലക്കാർഡ് നിർമാണം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം"എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



# 1 ആദിമ മനുഷ്യരും സംസ്കാരങ്ങളും

ആദിമ മനുഷ്യർ ഒരിക്കലും നാം ഇന്ന് കാണുന്നതുപോലെ ആയിരുന്നിരിക്കില്ല. പകുതി കുരങ്ങും പകുതി മനുഷ്യനുമായിരുന്ന അവർ ഏതാണ്ട് കുരങ്ങിനെപ്പോലെ തന്നെ ജീവിച്ചിരിക്കണം. ജർമ്മനിയിൽ ഹൈഡൽബർഗ് എന്ന പട്ടണത്തിൽ ഒരു പ്രൊഫസറെ കാണാൻ നമ്മൾ പോയത് നിനക്ക് ഓർമ്മയുണ്ടോ? ജന്തുക്കളുടെ അവശിഷ്ടങ്ങൾ സൂക്ഷിച്ചിട്ടുള്ള ഒരു കാഴ്ചബംഗ്ലാവ് അദ്ദേഹം നമുക്ക് കാണിച്ചു തന്നു. അതിൽ വിശേഷിച്ച് ഒരു തലയോട് അദ്ദേഹം ഒരു ഇരുമ്പു പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരുന്നുവല്ലോ. അത് ഒരു ആദിമ മനുഷ്യന്റെ തലയോടാണത്രെ. ആ ആദിമ മനുഷ്യനെ ഇപ്പോൾ 'ഹൈഡൽബർഗ് മനുഷ്യൻ' എന്നാണ് പറഞ്ഞുവരുന്നത്. ആ തലയോട് ഹൈഡൽബർഗ് എന്ന പട്ടണത്തിനു സമീപം ഒരു ദിക്കിൽ കുഴിച്ചപ്പോൾ കണ്ടുകിട്ടിയതുകൊണ്ടാണ് ആ പേര് വന്നത്.

അവലംബം - 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ'
ജവഹർലാൽ നെഹ്റു

'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന ജവഹർലാൽ നെഹ്റുവിന്റെ പുസ്തകത്തിലെ ഒരു ഭാഗമാണ് നിങ്ങൾ വായിച്ചത്.

ഇതിൽ ജവഹർലാൽ നെഹ്റു പരാമർശിക്കുന്ന ചരിത്രശേഷിപ്പ് എന്താണ്?

- 

ഇത് എവിടെ നിന്ന് ലഭിച്ചു എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്?

- 

ആദിമ മനുഷ്യന്റെ ഈ ചരിത്രശേഷിപ്പിന് ലക്ഷക്കണക്കിന് വർഷങ്ങൾ പഴക്കമുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ഇത്രയേറെ വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന മനുഷ്യരെക്കുറിച്ചോ ആ കാലഘട്ടത്തെക്കുറിച്ചോ നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നുണ്ടോ?

അക്കാലത്തെ മനുഷ്യരുടെ ചരിത്രം നമുക്ക് പരിശോധിച്ചാലോ?

## പൂർവികരെ കണ്ടെത്താം

സിനു തന്റെ കുടുംബത്തിലെ മുൻ തലമുറകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ കുടുംബവൃക്ഷം ശ്രദ്ധിക്കൂ.

ഇതുപോലെ നിങ്ങളുടെ കുടുംബത്തിലെ എത്ര തലമുറകളെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും?

ഇങ്ങനെ അനേകായിരം തലമുറകൾ പിറകോട്ട് പോകാൻ കഴിഞ്ഞാൽ നമുക്ക് ആദിമ മനുഷ്യരിൽ ചെന്നെത്താം.



ചിത്രം 1.1

### ബി.സി.ഇ. - സി.ഇ.

കാലഗണന അനുസരിച്ച് ചരിത്രത്തെ രണ്ട് കാലഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു- പൊതുവർഷത്തിന് മുമ്പും (Before Common Era- BCE) പൊതുവർഷവും (Common Era- CE). യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കി മുൻകാലങ്ങളിൽ ബി.സി. (BC), എ.ഡി. (AD)എന്നിങ്ങനെയാണ് വിഭജിച്ചിരുന്നത്. ക്രിസ്തു ജനിക്കുന്നതിനു മുമ്പുള്ളകാലം ബി.സി. (Before Christ) എന്നും ക്രിസ്തുവിന്റെ ജനനത്തിന് ശേഷമുള്ള കാലം എ.ഡി. (Anno Domini) എന്നും അറിയപ്പെട്ടിരുന്നു. ഇന്ന് ഇത് യഥാക്രമം ബി.സി.ഇ. എന്നും സി.ഇ. എന്നുമാണ് അറിയപ്പെടുന്നത്.




**ഒരു നൂറ്റാണ്ട് എന്നാൽ നൂറ് വർഷമാണ്. ഒരു ദശലക്ഷം വർഷമെന്നാൽ പത്ത് ലക്ഷം വർഷമാണ്.**

## മനുഷ്യരുടെ ഉദ്ഭവവും പരിണാമവും

ആദിമ മനുഷ്യരുടെ ചരിത്രത്തെക്കുറിച്ച് അറിയാൻ നമ്മെ സഹായിക്കുന്ന പ്രധാന സ്രോതസ്സുകളാണ് മനുഷ്യഫോസിലുകൾ. ഇത്തരം ഫോസിലുകളുടെ കാലപ്പഴക്കം ശാസ്ത്രീയമായി നിർണ്ണയിച്ചാണ് മനുഷ്യരുടെ ഉദ്ഭവത്തിന്റെയും പരിണാമത്തിന്റെയും ചരിത്രം രൂപപ്പെടുത്തിയിരിക്കുന്നത്.

**ഫോസിലുകൾ**

പുരാതന സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എന്നിവയുടെ ശേഷിപ്പുകളാണ് ഫോസിലുകൾ. പൊതുവേ പാറകളിൽ പതിഞ്ഞിരിക്കുന്ന ഇവ ദശലക്ഷക്കണക്കിന് വർഷങ്ങളായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

### മനുഷ്യപരിണാമം

മനുഷ്യരുടെ ഉദ്ഭവത്തെക്കുറിച്ച് ശാസ്ത്രീയമായൊരു കാഴ്ചപ്പാട് മുന്നോട്ടുവച്ചത് ചാൾസ് ഡാർവിനാണ്. ദീർഘകാലംകൊണ്ട് സംഭവിച്ച ജൈവിക മാറ്റത്തിലൂടെയാണ് മനുഷ്യരുടെ ഉദ്ഭവമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ പ്രക്രിയക്ക് അദ്ദേഹം പരിണാമം എന്ന പേര് നൽകി. 1859 ൽ പ്രസിദ്ധീകരിച്ച 'ഓൺ ദി ഒറിജിൻ ഓഫ് സ്പീഷീസ്' എന്ന ഗ്രന്ഥത്തിലാണ് മനുഷ്യപരിണാമത്തെക്കുറിച്ചുള്ള സിദ്ധാന്തം അദ്ദേഹം അവതരിപ്പിച്ചത്.

**ചാൾസ് ഡാർവിൻ**


ചാൾസ് ഡാർവിൻ

1809 ഫെബ്രുവരി 12ന് ഇംഗ്ലണ്ടിലാണ് ചാൾസ് ഡാർവിൻ ജനിച്ചത്. ഭൂമിയിൽ ജീവന്റെ ഉദ്ഭവത്തിലേക്കും ജീവജാലങ്ങളുടെ വൈവിധ്യത്തിലേക്കും നയിച്ച പ്രക്രിയകൾ മനസ്സിലാക്കാൻ സഹായിച്ച പ്രകൃതിശാസ്ത്രജ്ഞനാണ് അദ്ദേഹം. എല്ലാ ജീവജാലങ്ങളും പരിണമിച്ച് രൂപപ്പെട്ടതാണെന്നും ഓരോ ജീവിവർഗവും ഇന്നത്തെ രൂപത്തിലെത്താൻ അനേകലക്ഷം വർഷങ്ങൾ എടുത്തുവെന്നും ചാൾസ് ഡാർവിൻ തന്റെ പരിണാമ സിദ്ധാന്തത്തിലൂടെ വിശദീകരിച്ചു.

### മനുഷ്യരുടെ പൂർവികർ

ആദിമ മനുഷ്യർ രൂപംകൊണ്ടത് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പാണ്. സസ്തനികളിൽ ഒരു വിഭാഗമായ പ്രൈമേറ്റുകളിൽനിന്നാണ് മനുഷ്യപരിണാമം ആരംഭിക്കുന്നത്. പരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഫ്ലോചാർട്ട് നിരീക്ഷിക്കൂ.

**പ്രൈമേറ്റുകൾ**
സസ്തനികളിൽ ഒരു വിഭാഗം

**ഹോമിനോയിഡുകൾ**
നാല് കാലിൽ നടത്തം

**ഹോമിനിഡുകൾ**
ഇരുകാലിൽ നടത്തം

ആസ്ട്രലോ പിത്തേക്കസ്

**ഹോമോ**

**ഹോമോ ഹാബിലിസ്**
ഉപകരണ നിർമ്മാതാക്കൾ

**ഹോമോ ഇറക്ടസ്**
നിവർന്നുനിൽക്കുന്ന മനുഷ്യർ

**ഹോമോ സാപ്പിയൻസ്**
ബുദ്ധിയുള്ള മനുഷ്യർ

ഹോമോയുടെ ഉപവിഭാഗങ്ങളാണ് ഹോമോ ഹാബിലിസ്, ഹോമോ ഇറക്ടസ്, ഹോമോ സാപ്പിയൻസ് എന്നിവയെന്ന് ഫ്ലോചാർട്ടിൽ നിങ്ങൾ കണ്ടല്ലോ. നമ്മൾ ഉൾപ്പെടുന്ന മനുഷ്യവർഗം ഹോമോ സാപ്പിയൻസ് വിഭാഗത്തിൽപ്പെടുന്നവരാണ്.

മനുഷ്യപരിണാമത്തിന്റെ വിവിധ ഘട്ടങ്ങളും അവയുടെ സവിശേഷതകളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൂ.

## മനുഷ്യവികാസത്തിന്റെ വിവിധ ഘട്ടങ്ങൾ

ആദിമ മനുഷ്യർ വനാന്തരങ്ങളിലാണ് വസിച്ചിരുന്നത്. കായ്കനികൾ ശേഖരിച്ചും മൃഗങ്ങളെ വേട്ടയാടി അവയുടെ മാംസം ഭക്ഷണമാക്കിയും അവർ ജീവിച്ചിരുന്നു. ചുറ്റുപാടിൽ നിന്നും ലഭിച്ച പരുക്കൻ കല്ലുകളാണ് അവർ ആയുധമാക്കിയിരുന്നത്. ശിലകൾ ആയുധമായി ഉപയോഗിച്ചിരുന്നതിനാൽ ഈ കാലഘട്ടത്തെ ശിലായുഗം എന്ന് വിളിക്കുന്നു. ശിലകൾകൊണ്ട് നിർമ്മിക്കപ്പെട്ട ആയുധങ്ങളിലും ഉപകരണങ്ങളിലും കാലക്രമത്തിലുണ്ടായ പുരോഗതിയെ അടിസ്ഥാനമാക്കി ശിലായുഗത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം.

ശിലായുഗം

പ്രാചീന ശിലായുഗം | മധ്യ ശിലായുഗം | നവീന ശിലായുഗം

വിവിധ ശിലായുഗഘട്ടങ്ങളുടെ സവിശേഷതകൾ ശ്രദ്ധിക്കൂ.

**പ്രാചീന ശിലായുഗം**



ചിത്രം 1.2

- ശിലായുഗത്തിലെ ആദ്യഘട്ടം
- പരുക്കൻ കല്ലുകൾ ഉപകരണങ്ങളാക്കി
- ശേഖരണവും വേട്ടയാടലും ഉപജീവനമാക്കി

**മധ്യ ശിലായുഗം**



ചിത്രം 1.3

- സൂക്ഷ്മ ശിലാ ഉപകരണങ്ങൾ ഉപയോഗിച്ചു
- ഭക്ഷ്യയോഗ്യമായ പുല്ലിനങ്ങളും മത്സ്യവും ഭക്ഷണമാക്കി
- മൃഗത്തോലും മരത്തോലും ഇലകളും വസ്ത്രങ്ങളാക്കി

**നവീന ശിലായുഗം**



ചിത്രം 1.4

- കൂടുതൽ പരിഷ്കരിക്കപ്പെട്ടതും മിനുസമുള്ളതുമായ കല്ലുപകരണങ്ങൾ ഉപയോഗിച്ചു
- കൃഷി ആരംഭിച്ചു
- ചക്രം കണ്ടുപിടിക്കുകയും മൺപാത്രനിർമ്മാണം ആരംഭിക്കുകയും ചെയ്തു

**ഭിംബേഡ്ക**

ശിലായുഗ മനുഷ്യർ അധിവസിച്ചിരുന്ന ഇന്ത്യയിലെ ഒരു പ്രധാന ഗുഹാകേന്ദ്രമാണ് മധ്യപ്രദേശിലെ ഭിംബേഡ്ക. പ്രാചീന മനുഷ്യരുടെ വിവിധ ജീവിതരീതികളെക്കുറിച്ച് ഇവിടുത്തെ ഗുഹാചിത്രങ്ങൾ നമ്മോട് പറയുന്നു. അവരുടെ ആശയവിനിമയത്തിന്റെ തെളിവുകൾകൂടിയാണ് ഈ ഗുഹാചിത്രങ്ങൾ.



ഭിംബേഡ്ക



ഗുഹാചിത്രങ്ങൾ

പ്രാചീന ശിലായുഗം, മധ്യ ശിലായുഗം, നവീന ശിലായുഗം എന്നിവയുടെ പ്രത്യേകതകൾ സ്ടിപ്പുകളിൽ എഴുതി ബൗളിൽ വയ്ക്കുക. വിവിധ ശിലായുഗങ്ങളുടെ പേരുകൾ എഴുതിയ ചാർട്ടുകൾ ക്ലാസിൽ ക്രമീകരിക്കുക. കുട്ടികൾ സ്ടിപ്പുകൾ എടുത്ത് ഉചിതമായ രീതിയിൽ ചാർട്ടിൽ ഒട്ടിക്കുക.

## കൃഷിയുടെ ആരംഭവും സ്ഥിരവാസവും

കൃഷിയുടെ ആരംഭം നവീനശിലായുഗത്തിലാണെന്ന് നിങ്ങൾ കണ്ടല്ലോ. കൃഷി ചെയ്യാൻ ആരംഭിച്ച മനുഷ്യർക്ക് കൃഷിയിടങ്ങൾക്ക് സമീപത്തായി സ്ഥിരവാസം അനിവാര്യമായി വന്നു. കൃഷി പരിപാലിക്കാനും കൃഷിയിടങ്ങളെ വന്യജീവികളിൽ നിന്ന് സംരക്ഷിക്കാനും മൃഗപരിപാലനത്തിനുമായി അവർ കൃഷിയിടങ്ങൾക്ക് സമീപത്തായി സ്ഥിരവാസമുറപ്പിച്ചു.



ചിത്രം 1.5

സ്ഥിരവാസം മനുഷ്യരിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാവാം?

സ്ഥിരവാസവും മാറ്റങ്ങളും

- വാസസ്ഥലങ്ങൾ നിർമ്മിച്ചു തുടങ്ങി
- ജനങ്ങൾ തമ്മിൽ കൂടുതൽ ഇടപഴകാൻ തുടങ്ങുകയും സംഘടിത സാമൂഹികജീവിതത്തിന് തുടക്കം കുറിക്കുകയും ചെയ്തു
- സ്ഥിരവാസ കേന്ദ്രങ്ങൾ ക്രമേണ ഗ്രാമങ്ങളായും നഗരങ്ങളായും വികാസം പ്രാപിച്ചു

## ശിലയിൽ നിന്നും ലോഹത്തിലേക്ക്



ചിത്രം 1.6

മുകളിൽ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ. ഇവ ഏത് വസ്തുക്കൾകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്?

- 
- 

മനുഷ്യർ ആദ്യം ഉപയോഗിച്ച ലോഹം ഏതാണെന്ന് നിങ്ങൾക്ക് അറിയാമോ?

ചെമ്പായിരുന്നു മനുഷ്യർ ആദ്യം ഉപയോഗിച്ച ലോഹം. ലോഹങ്ങൾ കൊണ്ട് ആയുധങ്ങളും ഉപകരണങ്ങളും നിർമ്മിച്ച് ഉപയോഗിച്ചിരുന്ന കാലഘട്ടത്തെ ലോഹയുഗം എന്നാണ് വിളിക്കുന്നത്. മണ്ണ് ഉഴുതുമറിക്കാനും മരങ്ങൾ മുറിക്കാനുമൊക്കെയുള്ള കാഠിന്യവും ഉറപ്പും ചെമ്പിന് കുറവായതിനാൽ ചെമ്പും ഈയവും കൂട്ടിച്ചേർത്ത് കാഠിന്യവും ഉറപ്പുമുള്ള വെങ്കലം എന്ന ലോഹസങ്കരം അവർ നിർമ്മിച്ചു. വെങ്കലം കൊണ്ടുള്ള ആയുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചിരുന്ന കാലഘട്ടം വെങ്കലയുഗം എന്ന് അറിയപ്പെടുന്നു.

വെങ്കലം കൊണ്ടുള്ള ഉപകരണങ്ങൾ ഉപയോഗിക്കാൻ ആരംഭിച്ചതോടെ മനുഷ്യജീവിതത്തിൽ കാതലായ മാറ്റങ്ങളുണ്ടായി. അവ എന്തൊക്കെയെന്ന് നോക്കാം.




ശിലായുഗത്തിലെയും വെങ്കലയുഗത്തിലെയും മനുഷ്യജീവിതത്തിന്റെ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## വെങ്കലയുഗ സംസ്കാരങ്ങൾ

വെങ്കലയുഗത്തിൽ മനുഷ്യജീവിതത്തിലുണ്ടായ മാറ്റങ്ങൾ നിങ്ങൾ കണ്ടല്ലോ. ഈ മാറ്റങ്ങളുടെ ഫലമായി നഗരങ്ങൾ കേന്ദ്രീകരിച്ച് വെങ്കലയുഗത്തിൽ സംസ്കാരങ്ങൾ (Civilizations) രൂപപ്പെട്ടു. അത്തരത്തിൽ രൂപപ്പെട്ട വെങ്കലയുഗ സംസ്കാരങ്ങളെ നമുക്ക് പരിചയപ്പെടാം.



വെങ്കലയുഗത്തിൽ നിലനിന്നിരുന്ന നാല് പ്രധാന സംസ്കാരങ്ങളെ ചുവടെ നൽകിയിരിക്കുന്ന ഭൂപടത്തിൽ കണ്ടെത്തൂ.




ഭൂപടം 1.1

ഭൂപടം 1.1 നിരീക്ഷിച്ച് പ്രധാന വെങ്കലയുഗ സംസ്കാരങ്ങൾ വികസിച്ചുവന്ന നദീതടങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| സംസ്കാരം | നദികൾ |
|---|---|
| മെസൊപ്പൊട്ടേമിയൻ | |
| ഈജിപ്ഷ്യൻ | |
| ഹരപ്പൻ | |
| ചൈനീസ് | |

വെങ്കലയുഗ സംസ്കാരങ്ങൾ നദീതടങ്ങളിൽ രൂപപ്പെട്ടത് എന്തുകൊണ്ടായിരിക്കാം?

എന്തുകൊണ്ട് നദീതടങ്ങളിൽ?

- ഫലഭൂയിഷ്ഠമായ മണ്ണ്
- ജലലഭ്യത
- അനുകൂല കാലാവസ്ഥ

## മെസൊപ്പൊട്ടേമിയൻ സംസ്കാരം

ഭൂപടം 1.1 നിരീക്ഷിച്ച് മെസൊപ്പൊട്ടേമിയയുടെ സ്ഥാനം കണ്ടെത്തൂ.

ഏതൊക്കെ നദികൾക്കിടയിലാണ് മെസൊപ്പൊട്ടേമിയ സ്ഥിതി ചെയ്യുന്നത്?

- 
- 

'മെസൊപ്പൊട്ടേമിയ' എന്ന വാക്കിന്റെ അർഥം 'നദികൾക്കിടയിലെ പ്രദേശം' എന്നാണ്. യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ നദികൾക്കിടയിലാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്. നിലവിൽ ഇറാഖിന്റെ ഭാഗമാണ് ഈ പ്രദേശം. സുമേറിയൻ, ബാബിലോണിയൻ, അസീറിയൻ, കാൽഡിയൻ എന്നിങ്ങനെ നാല് വ്യത്യസ്ത സംസ്കാരങ്ങൾ കൂടിച്ചേർന്നതായിരുന്നു മെസൊപ്പൊട്ടേമിയൻ സംസ്കാരം.

## നഗരജീവിതവും എഴുത്തുവിദ്യയും

മെസൊപ്പൊട്ടേമിയയിൽ നഗരജീവിതം കെട്ടിപ്പടുക്കാൻ സംഭാവന നൽകിയ ആദ്യ ജനത സുമേറിയക്കാരായിരുന്നു. മെസൊപ്പൊട്ടേമിയൻ സംസ്കാരത്തിലെ പ്രധാന നഗരങ്ങളായിരുന്നു ഉർ, ഉറൂക്ക്, ലഗാഷ് മുതലായവ.

മെസൊപ്പൊട്ടേമിയക്കാരുടെ എഴുത്ത് സമ്പ്രദായം ക്യൂണിഫോം എന്ന് അറിയപ്പെട്ടു.



ചിത്രം 1.7
ക്യൂണിഫോം ലിപി

- ഈ ലിപി വികസിപ്പിച്ചത് സുമേറിയക്കാരാണ്
- ആപ്പിന്റെ ആകൃതിയിലുള്ള (Wedge-shaped) ചിത്രലിപിയാണിത്
- കളിമൺ ഫലകങ്ങളിലാണ് അവർ എഴുതിയിരുന്നത്
- കൂർത്ത മുനയുള്ള ഈറത്തണ്ടുകളാണ് കളിമൺ ഫലകങ്ങളിൽ എഴുതാൻ അവർ ഉപയോഗിച്ചിരുന്നത്

## മെസൊപ്പൊട്ടേമിയക്കാരുടെ സംഭാവനകൾ

**ശാസ്ത്രവും ഗണിതവും**

- ചാന്ദ്രപഞ്ചാംഗം
- സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും കണക്കാക്കി
- ഹരണവും ഗുണനവും

**നിയമം**

- സുമേറിയൻ ഭരണാധികാരിയായിരുന്ന ഡുൻഗിയുടെ കാലഘട്ടത്തിലാണ് നിയമങ്ങൾ ആദ്യമായി ക്രോഡീകരിക്കപ്പെട്ടത്
- ഈ നിയമങ്ങൾ പരിഷ്കരിച്ചതാണ് ഹമ്മുറാബിയുടെ നിയമസംഹിത

### ഹമ്മുറാബിയുടെ നിയമസംഹിത

ബാബിലോണിയൻ ഭരണാധികാരിയായിരുന്ന ഹമ്മുറാബിയുടെ (ബി.സി.ഇ. 1792-1750) കാലഘട്ടത്തിൽ നിലനിന്നിരുന്ന നിയമസംഹിതയാണിത്. ലോകത്ത് എഴുതപ്പെട്ടതിൽ ഏറ്റവും പഴക്കമേറിയ നിയമസംഹിതയായി ഇതറിയപ്പെടുന്നു. "കണ്ണിന് കണ്ണ്, പല്ലിന് പല്ല്" എന്ന ശിക്ഷാരീതി ഈ നിയമസംഹിതയിൽ നിന്നുള്ളതാണ്.



### സിഗുറാത്തുകൾ

മെസൊപ്പൊട്ടേമിയക്കാരുടെ ആരാധനാലയങ്ങൾ 'സിഗുറാത്തുകൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. പ്രധാനമായും നഗരങ്ങളിലാണ് ഈ ആരാധനാലയങ്ങൾ പണിതിരുന്നത്. ഇഷ്ടികകൾ ഉപയോഗിച്ചാണ് ഇവ നിർമ്മിച്ചത്. 'ഉർ' നഗരത്തിലെ 'സിഗുറാത്ത്' ഇന്നും സംരക്ഷിക്കപ്പെടുന്നു.



സിഗുറാത്ത്

മെസൊപ്പൊട്ടേമിയക്കാരുടെ സാംസ്കാരിക സംഭാവനകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ.

## ഈജിപ്ഷ്യൻ സംസ്കാരം

ഭൂപടം 1.1 നിരീക്ഷിക്കൂ. ഈജിപ്ഷ്യൻ സംസ്കാരം നിലനിന്നിരുന്ന പ്രദേശം കണ്ടെത്തൂ.

നൈൽ നദീതടത്തിലാണ് ഈജിപ്ഷ്യൻ സംസ്കാരം നിലനിന്നിരുന്നത് എന്ന് നിങ്ങൾ കണ്ടല്ലോ. ഈജിപ്ഷ്യൻ സംസ്കാരത്തിലെ പ്രധാന നഗരം കെയ്റോ ആയിരുന്നു.

ഈജിപ്തിലെ രാജാക്കൻമാർ 'ഫറവോ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഈ സംസ്കാരത്തിന്റെ പ്രധാന സവിശേഷതയാണ് പിരമിഡുകൾ.

കൃഷിയായിരുന്നു ജനങ്ങളുടെ പ്രധാന ജീവിതമാർഗം. ഗോതമ്പ്, ബാർലി, തിന, പഴവർഗങ്ങൾ, ചണം, പരുത്തി മുതലായവ നൈൽ നദീതടത്തിൽ സമൃദ്ധമായി വളർന്നിരുന്നു. ഈ കാർഷിക സമൃദ്ധിയാണ് നൈൽ നദീതടത്തിൽ ഒരു നാഗരിക സംസ്കാരം വളർന്നുവരാൻ ഇടയാക്കിയത്. അതിനാൽ ഈജിപ്തിനെ 'നൈലിന്റെ ദാനം' എന്ന് വിശേഷിപ്പിക്കുന്നു.



ചിത്രം 1.8
ഈജിപ്ഷ്യൻ ഫറവോ



### പിരമിഡുകൾ

ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതയാണ് ഫറവോമാരുടെ ശവകുടീരങ്ങളായ പിരമിഡുകൾ. ഗിസയിലെ മഹത്തായ പിരമിഡ് ഏറ്റവും വലുതും പ്രശസ്തവുമാണ്.

### മമ്മികൾ

മൃതദേഹം സുഗന്ധദ്രവ്യങ്ങൾ പൂശി അനശ്വരമായി സൂക്ഷിക്കുന്ന സമ്പ്രദായം ഈജിപ്തുകാർക്ക് ഉണ്ടായിരുന്നു. ഇപ്രകാരം സൂക്ഷിച്ചിരുന്ന മൃതദേഹമാണ് 'മമ്മി' എന്നറിയപ്പെടുന്നത്. ഫറവോ ആയിരുന്ന തൂത്തൻഖാമന്റെ മമ്മിയാണ് ഇവയിൽ ഏറ്റവും പ്രശസ്തമായത്. പിരമിഡുകൾക്കുള്ളിലാണ് ഇത്തരം മമ്മികൾ സൂക്ഷിച്ചിരുന്നത്.



മമ്മി

## എഴുത്തുവിദ്യ

**മെസൊപ്പൊട്ടേമിയയിലേതുപോലെ ഈജിപ്തിലും എഴുത്തുവിദ്യ നിലനിന്നിരുന്നു. ഈജിപ്ഷ്യൻ എഴുത്തുവിദ്യയുടെ സവിശേഷതകൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.**

പുരാതന ഈജിപ്തുകാരുടെ എഴുത്ത് ലിപി ഹൈറോഗ്ലിഫിക്സ് ആയിരുന്നു

ചിഹ്നരൂപവും അക്ഷരരൂപവും കൂടിച്ചേർന്ന ലിപിയാണിത്



ഹൈറോഗ്ലിഫിക്സ് ലിപി

'വിശുദ്ധമായ എഴുത്ത്' എന്നാണ് 'ഹൈറോഗ്ലിഫിക്സ്' എന്ന വാക്കിന്റെ അർഥം

വലത്തുനിന്ന് ഇടത്തോട്ടാണ് വായിച്ചിരുന്നത്

## ശാസ്ത്രനേട്ടങ്ങൾ

ഗണിതവും വൈദ്യശാസ്ത്രവും ഈജിപ്തിൽ പുരോഗതി കൈവരിച്ചിരുന്നു. ഗണിതശാസ്ത്രത്തിലെ ജ്യാമിതിക്ക് അടിസ്ഥാനമിട്ടത് ഈജിപ്തുകാരായിരുന്നു. സങ്കലനം, വ്യവകലനം എന്നിവ ഇവരുടെ സംഭാവനകളായിരുന്നു. മുപ്പത് ദിവസം വീതമുള്ള പന്ത്രണ്ട് മാസങ്ങളോടൊപ്പം അഞ്ച് ദിവസം കൂട്ടിച്ചേർത്ത 365 ദിവസങ്ങൾ അടങ്ങിയ ഒരു വർഷമാണ് ഇവരുടെ സൗരപഞ്ചാംഗത്തിൽ (Solar Calender) ഉൾപ്പെട്ടിട്ടുള്ളത്.

ഇപ്പോൾ നാം ഉപയോഗിക്കുന്ന കലണ്ടറിൽ എത്ര മാസങ്ങളാണുള്ളത്? ഓരോ മാസത്തിലും മുപ്പത് ദിവസങ്ങളാണോ ഉള്ളത്? നിങ്ങളുടെ വീട്ടിലെ കലണ്ടർ നിരീക്ഷിച്ച് ഓരോമാസത്തിലും എത്ര ദിവസങ്ങൾ വീതമാണുള്ളത് എന്ന് കണ്ടെത്തി എഴുതൂ.

## ചൈനീസ് സംസ്കാരം

'ഹൊയാങ് ഹോ' നദീതടത്തിലാണ് ചൈനീസ് സംസ്കാരം ഉടലെടുത്തത്. കൃഷിയായിരുന്നു ഈ സംസ്കാരത്തിന്റെയും അടിത്തറ. കൂടാതെ നെയ്ത്ത്, മൺപാത്ര നിർമ്മാണം, പട്ടുവസ്ത്ര നിർമ്മാണം എന്നിവയിലും അവർ വിദഗ്ധരായിരുന്നു. മികവുറ്റ വെങ്കല ശില്പങ്ങൾ അവർ നിർമ്മിച്ചിരുന്നു.




ചിത്രം 1.9- ചൈനീസ് ലിപി

## എഴുത്ത് സമ്പ്രദായം

ചൈനക്കാരുടെ ഇടയിൽ പുരാതനകാലം മുതൽതന്നെ എഴുത്ത് സമ്പ്രദായം നിലവിലുണ്ടായിരുന്നു. അക്ഷരങ്ങൾക്ക് പകരം ചിത്രങ്ങൾ ഉപയോഗിക്കുന്ന ചിത്രലിപിയായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. കാലക്രമത്തിൽ അവർ ചിത്രങ്ങൾക്ക് പകരം ചിഹ്നങ്ങൾ രൂപപ്പെടുത്തി. മാറ്റങ്ങളോടെ ആ ലിപി ഇന്നും ചൈനയിൽ നിലനിൽക്കുന്നു.

മെസൊപ്പൊട്ടേമിയ, ഈജിപ്ത്, ചൈന എന്നിവിടങ്ങളിൽ നിലനിന്നിരുന്ന എഴുത്ത് രീതിയുടെ പ്രത്യേകതകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| സംസ്കാരങ്ങൾ | ലിപി | പ്രത്യേകതകൾ |
|---|---|---|
| മെസൊപ്പൊട്ടേമിയ | ........................................ | ........................................ |
| ഈജിപ്ത് | ........................................ | ........................................ |
| ചൈന | ........................................ | ........................................ |

## ഹരപ്പൻ സംസ്കാരം

വെങ്കലയുഗത്തിൽ സിന്ധുനദീതടത്തിൽ നിലനിന്നിരുന്ന സംസ്കാരമാണ് ഹരപ്പൻ സംസ്കാരം. ഏകദേശം ബി.സി.ഇ. 2600 മുതൽ ബി.സി.ഇ. 1900 വരെയാണ് ഈ സംസ്കാരത്തിന്റെ കാലഘട്ടമായി പൊതുവെ കരുതപ്പെടുന്നത്. ഹരപ്പയാണ് ആദ്യമായി കണ്ടെത്തിയ നഗരം. അതിനാലാണ് ഈ സംസ്കാരത്തെ ഹരപ്പൻ സംസ്കാരം എന്ന് വിളിക്കുന്നത്. ഈ സംസ്കാരം ഉടലെടുത്തത് സിന്ധു

നദീതീരത്തായതിനാൽ സിന്ധുനദീതട സംസ്കാരം എന്നും അറിയപ്പെടുന്നു. നഗരങ്ങൾ കേന്ദ്രീകരിച്ചാണ് ഈ സംസ്കാരം വളർന്നു വന്നത്. അതിനാൽ ഇന്ത്യയിലെ ഒന്നാം നഗരവൽക്കരണം എന്ന് ഈ സംസ്കാരത്തെ വിശേഷിപ്പിക്കുന്നു.



ഭൂപടം 1.2

### സർ ജോൺ മാർഷൽ



ഇന്ത്യയിൽ പുരാവസ്തുക്കളുടെ ഉൽഖനനത്തിനും സംരക്ഷണത്തിനുമായി രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് 'ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ' (ASI). 1902 മുതൽ 1928 വരെ 'ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ' യുടെ ഡയറക്ടർ ജനറൽ ആയിരുന്നു സർ ജോൺ മാർഷൽ. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണങ്ങളിലാണ് ഹരപ്പൻ സംസ്കാരത്തെ കണ്ടെത്തിയത്.

ഭൂപടം 1.2 നിരീക്ഷിച്ച് ഹരപ്പൻ സംസ്കാരത്തിലെ പ്രധാന നഗരങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൂ.

- മോഹൻജൊദാരോ
- 
- 
- 

## നഗരാസൂത്രണം (Town Planning)

ഹരപ്പൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതയാണ് നഗരാസൂത്രണം. തെരുവുകളുടെ ഇരുവശങ്ങളിലുമായാണ് അവർ വീടുകൾ നിർമ്മിച്ചിരുന്നത്. ചുട്ടെടുത്ത ഇഷ്ടികകളാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി അവർ ഉപയോഗിച്ചിരുന്നത്. അഴുക്കുചാൽ സമ്പ്രദായം ഹരപ്പൻ സംസ്കാരത്തിന്റെ മറ്റൊരു പ്രധാന സവിശേഷതയായിരുന്നു. വീടുകളിൽ നിന്നുള്ള മലിനജലം തെരുവിലെ അഴുക്കുചാലുകളിലൂടെ നഗരത്തിന് പുറത്തേക്ക് ഒഴുക്കികൊണ്ടുപോകുന്ന തരത്തിലായിരുന്നു നഗരങ്ങളുടെയും അഴുക്കുചാലുകളുടെയും ആസൂത്രണം.

## മോഹൻജൊദാരോയിലെ വലിയ കുളം (Great Bath)

ഹരപ്പൻ സംസ്കാരത്തിലെ പ്രധാന നഗരമായിരുന്നു മോഹൻജൊദാരോ. വലിയ കുളമാണ് ഈ നഗരത്തിലെ ഏറ്റവും സവിശേഷമായ നിർമ്മിതി. ഈ കുളത്തിലേക്കിറങ്ങാൻ ഇരുവശങ്ങളിലും പടവുകളും കുളിക്കുവാനായി കുളിമുറികളും ഉണ്ടായിരുന്നു. ശുദ്ധജലം നിറയ്ക്കാനും മലിനജലം പുറത്തേയ്ക്കൊഴുക്കാനുമുള്ള സംവിധാനവും ഇവിടെ നിലനിന്നിരുന്നു.


ചിത്രം 1.10 - വലിയ കുളത്തിന്റെ അവശിഷ്ടങ്ങൾ

## ധാന്യപ്പുര (Granary)


ചിത്രം 1.11 - ധാന്യപ്പുരയുടെ അവശിഷ്ടങ്ങൾ

ഹരപ്പൻ ജനതയുടെ പ്രധാന ഉപജീവനമാർഗം കൃഷിയായിരുന്നു. ഗുജറാത്തിലെ രംഗ്പൂർ, ലോഥാൽ എന്നിവിടങ്ങളിൽ നിന്ന് നെല്ല് കൃഷിചെയ്തിരുന്നതിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഹരപ്പയിൽ കണ്ടെത്തിയ പ്രധാന ചരിത്രശേഷിപ്പാണ് ധാന്യപ്പുര. ധാന്യങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനുമാണ് ഇത് ഉപയോഗിച്ചിരുന്നത്.

## കരകൗശലവിദ്യ

ഹരപ്പൻ ജനത കരകൗശലവിദ്യയിൽ വൈദഗ്ധ്യമുള്ളവരായിരുന്നു. ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ.


കളിപ്പാട്ടം


മുദ്രകൾ


നർത്തകിയുടെ വെങ്കല പ്രതിമ


ആഭരണങ്ങൾ


മൺപാത്രം

ചിത്രം 1.12

ഈ ചിത്രങ്ങളിൽ നിന്ന് ഹരപ്പൻ ജനതയുടെ കരകൗശലവിദ്യയെക്കുറിച്ച് എന്തൊക്കെ വിവരങ്ങളാണ് ലഭിക്കുന്നത്? കണ്ടെത്തി ആശയപടം പൂർത്തിയാക്കൂ.

ഹരപ്പൻ ജനതയുടെ കരകൗശലവിദ്യ

- ..............................................................
- കളിപ്പാട്ടങ്ങൾ നിർമ്മിച്ചിരുന്നു
- ..............................................
- ..............................................
- മുദ്രകൾ നിർമ്മിച്ചിരുന്നു

സ്വർണവും വെള്ളിയും മുത്തുകളും ചിപ്പികളും കൊണ്ടുണ്ടാക്കിയ മാലകളും കൈവളകളും കർണാഭരണങ്ങളും ഇവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. കളിമണ്ണുകൊണ്ടും ശിലകൾ കൊണ്ടും അവർ മുദ്രകൾ നിർമ്മിച്ചിരുന്നു. ഹരപ്പൻ നഗരങ്ങളിൽ നിന്നു കണ്ടെത്തിയ കളിപ്പാട്ടങ്ങൾ, മൺപാത്രങ്ങൾ, വെങ്കലപ്രതിമ എന്നിവയെല്ലാം ഹരപ്പൻ ജനതയുടെ കലാവൈദഗ്ധ്യം പ്രകടമാക്കുന്നു.

## എഴുത്തുവിദ്യ

ഹരപ്പൻ ജനതയ്ക്ക് അവരുടേതായ എഴുത്തുരീതി ഉണ്ടായിരുന്നു. അക്ഷരങ്ങൾക്ക് പകരം ചിഹ്നങ്ങളാണ് അവർ എഴുതാനായി ഉപയോഗിച്ചിരുന്നത്. മുദ്രകളിലാണ് അവരുടെ എഴുത്തുവിദ്യ ഏറ്റവുമധികം കാണപ്പെട്ടത്.



ചിത്രം 1.13

## ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ച

ഏകദേശം ബി.സി.ഇ. 1900 ത്തോടുകൂടി ഹരപ്പൻ നഗരങ്ങൾ തകർച്ചയെ നേരിട്ടു. ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചയെ സംബന്ധിച്ച് നിരവധി അഭിപ്രായങ്ങൾ നിലനിൽക്കുന്നു. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.




പ്രാചീനകാലത്തെ മനുഷ്യചരിത്രത്തെ രേഖപ്പെടുത്തുക എന്നത് ഏറെ ദുഷ്കരവും ശ്രമകരവുമായ പ്രവൃത്തിയാണ്. എഴുതപ്പെട്ട തെളിവുകൾ ഒന്നും ലഭ്യമല്ലാത്ത ചരിത്രാതീത കാലഘട്ടങ്ങളിലെ മനുഷ്യരെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും പഠിക്കാൻ ചരിത്രശേഷിപ്പുകളായ പുരാവസ്തു തെളിവുകൾ മാത്രമാണ് നമുക്ക് ആശ്രയം. ഇത്തരം തെളിവുകൾ വിശകലനം ചെയ്താണ് ചരിത്രകാരർ മനുഷ്യരുടെ ഉൽപത്തി മുതലുള്ള ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് രൂപപ്പെട്ട മനുഷ്യരെക്കുറിച്ച് ഫോസിൽ അവശിഷ്ടങ്ങൾ തെളിവുകൾ നൽകുമ്പോൾ, ശിലായുധങ്ങളും ഉപകരണങ്ങളും ഗുഹാചിത്രങ്ങളും ശിലായുഗകാലത്തെ മനുഷ്യ

രെക്കുറിച്ച് നമ്മോട് പറയുന്നു. നവീനശിലായുഗകാലത്തെ കൃഷിയുടെ ആരംഭവും സ്ഥിരവാസ കേന്ദ്രങ്ങളുടെ വികാസവും മാനവചരിത്രത്തിലെ നാഴികക്കല്ലുകളായിരുന്നു. വെങ്കലയുഗത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെട്ട സംസ്കാരങ്ങൾ അക്കാലഘട്ടത്തിൽ മനുഷ്യർ കൈവരിച്ച നേട്ടങ്ങളുടെ ചരിത്രം നമുക്ക് കാട്ടിതരുന്നു. പ്രാചീന സംസ്കാരങ്ങളിൽ രൂപപ്പെട്ട രീതികളും അറിവുകളുമാണ് ഇന്നത്തെ സംസ്കാരത്തിന്റെ അടിത്തറ. ഭൂതകാലത്തെക്കുറിച്ചുള്ള ഇത്തരം ഓർമ്മപ്പെടുത്തലുകൾ നമുക്ക് ഭാവിയിലേക്കുള്ള ചവിട്ടുപടിയാക്കാം.

## തുടർപ്രവർത്തനങ്ങൾ

- വിവിധ ശിലായുഗ ഘട്ടങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ ചിത്ര ആൽബം തയ്യാറാക്കൂ.
- 'വെങ്കലയുഗസംസ്കാരങ്ങളും മനുഷ്യപുരോഗതിയും' എന്ന വിഷയത്തിൽ കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ അവതരണം തയ്യാറാക്കൂ.

  **സൂചകങ്ങൾ**

  - ♦ മെസൊപ്പൊട്ടേമിയൻ സംസ്കാരം
  - ♦ ഈജിപ്ഷ്യൻ സംസ്കാരം
  - ♦ ചൈനീസ് സംസ്കാരം
  - ♦ ഹരപ്പൻ സംസ്കാരം

- വെങ്കലയുഗ സംസ്കാരങ്ങളുടെ സവിശേഷതകൾ വെളിപ്പെടുത്തുന്ന ചിത്രങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
- കളിമൺ ഫലകം നിർമ്മിച്ച് നിങ്ങൾക്കറിയാവുന്ന ലിപി എഴുതി ഉണക്കി സാമൂഹ്യശാസ്ത്രലാബിൽ പ്രദർശിപ്പിക്കുക.
- നദീതടങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രധാന നഗരങ്ങൾ കണ്ടെത്തി പട്ടിക തയ്യാറാക്കുക.



# 2

# ആദ്യകാല രാഷ്ട്രങ്ങൾ




വളരെ സന്തോഷത്തിലാണ് തിങ്കൾമേട് സർക്കാർ വിദ്യാലയത്തിലെ കുട്ടികൾ. സാംസ്കാരിക വിനിമയ പരിപാടിയുടെ മലയാള പരിഭാഷയിലുള്ള സംപ്രേഷണം കാണാൻ എല്ലാവരും കോൺഫറൻസ് ഹാളിൽ എത്തിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർ സംസാരിച്ചു തുടങ്ങി.

"പ്രിയപ്പെട്ട കുട്ടികളേ,

സാംസ്കാരിക വിനിമയ പരിപാടിയെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? വിവിധ രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും ചരിത്രവും സംസ്കാരവും പരസ്പരം മനസ്സിലാക്കുന്നതിന് സഹായിക്കുന്നതാണ് സാംസ്കാരിക വിനിമയ പരിപാടികൾ. വിവിധ രാജ്യങ്ങളിലെ വിദ്യാർഥി പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ വർഷവും ഇത്തരം സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷം ഗ്രീസ്, ഇറാൻ, ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഇന്ത്യ സംഘടിപ്പിച്ച ഈ പരിപാടിയിൽ പങ്കെടുത്തത്. ഓരോ രാജ്യത്തിൽ നിന്നുമുള്ള വിദ്യാർഥി പ്രതിനിധികൾ അവരുടെ രാജ്യത്തിന്റെ ചരിത്രവും സംസ്കാരവും പങ്കുവച്ചത് നമുക്ക് പരിചയപ്പെടാം."

ഗ്രീസിൽ നിന്നുള്ള അഥീന ഒളിമ്പിക്സ് ചിഹ്നം പ്രദർശിപ്പിച്ചുകൊണ്ടാണ് സ്വന്തം നാടിന്റെ വിശേഷങ്ങൾ പങ്കുവച്ചത്.





"കൂട്ടുകാരേ, ഈ ചിഹ്നം നിങ്ങൾക്ക് പരിചിതമാണല്ലോ? ഇന്ന് ലോകം മുഴുവൻ ഉത്സാഹത്തോടെ പങ്കെടുക്കുന്ന ഒളിമ്പിക്സിന് ആരംഭം കുറിച്ചത് പുരാതന ഗ്രീസിലാണ്. ഗ്രീക്ക് നഗരരാഷ്ട്രമായ ഏതൻസിൽ ഉടലെടുത്ത ജനാധിപത്യം ഞങ്ങൾ ലോകത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയാണ്. തെക്കുകിഴക്കൻ യൂറോപ്പിലാണ് ഗ്രീസ് സ്ഥിതിചെയ്യുന്നത്. സമുദ്രനിരപ്പിൽ നിന്ന് ഉയർന്നു സ്ഥിതിചെയ്യുന്ന ഒറ്റപ്പെട്ട താഴ്‌വരകൾ, കുന്നുകൾ, ചെറുപർവതങ്ങൾ തുടങ്ങിയ ഭൂമിശാസ്ത്രസവിശേഷതകളാൽ സമ്പന്നമാണ് എന്റെ രാജ്യം.

അഥീനയുടെ വിവരണം ശ്രദ്ധിച്ചല്ലോ. എന്തൊക്കെ വിവരങ്ങളാണ് ഇതിൽ നിന്ന് ലഭിച്ചത്?

- ഒളിമ്പിക്സ് ആരംഭിച്ചത് പുരാതന ഗ്രീസിലാണ്
- 
- 
- 

പുരാതന ഗ്രീസിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നമുക്ക് അന്വേഷിക്കാം.

## ഗ്രീക്ക് നഗരരാഷ്ട്രങ്ങൾ

പുരാതന ഗ്രീസിൽ ഗ്രാമങ്ങളായിരുന്നു പ്രധാന അധിവാസകേന്ദ്രങ്ങൾ. കൃഷിയും കച്ചവടവും വികസിച്ചതോടെ നഗരങ്ങൾ രൂപംകൊണ്ടു. കാലക്രമേണ ഒരു നഗരവും ചുറ്റുമുള്ള കുറേ ഗ്രാമങ്ങളും ഒത്തുചേർന്ന് നഗരരാഷ്ട്രങ്ങളായി രൂപാന്തരം പ്രാപിക്കാൻ തുടങ്ങി. ഈ നഗരരാഷ്ട്രങ്ങൾ 'പോളിസ്' (Polis) എന്നാണ് അറിയപ്പെട്ടിരുന്നത്.

ഭൂപടം 2.1 നിരീക്ഷിച്ച് പുരാതന ഗ്രീസിൽ നിലനിന്നിരുന്ന പ്രധാന നഗരരാഷ്ട്രങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി എഴുതൂ.




**ഭൂപടം 2.1 - പുരാതന ഗ്രീസിലെ പ്രധാന നഗരരാഷ്ട്രങ്ങൾ**

•

•

•

•

കടലുകളോ ഉയർന്ന പർവതങ്ങളോ പുരാതന ഗ്രീസിലെ ഈ നഗരരാഷ്ട്രങ്ങളെ തമ്മിൽ വേർതിരിച്ചിരുന്നു. അതിനാൽ ഓരോ നഗരരാഷ്ട്രവും ഒറ്റപ്പെട്ട നിലയിലായിരുന്നു. ഇക്കാരണത്താൽ ഒരു പൊതുഭരണ സംവിധാനം പുരാതന ഗ്രീസിൽ ഉണ്ടായിരുന്നില്ല. ഗ്രീസിലെ പ്രധാന നഗരരാഷ്ട്രങ്ങളായിരുന്നു ഏതൻസും സ്പാർട്ടയും.

## ഏതൻസ്

നിങ്ങൾ ക്ലാസ് ലീഡറെയും സ്കൂൾ ലീഡറെയുമൊക്കെ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്?.

- കൂട്ടായ തീരുമാനത്തിലൂടെയോ വോട്ടെടുപ്പിലൂടെയോ

ഇപ്രകാരം ഭരണാധികാരികളെ ജനങ്ങൾ തിരഞ്ഞെടുക്കുന്ന സംവിധാനം ഏതാണ്?

•

ജനാധിപത്യത്തിന്റെ ആദ്യരൂപം ഉടലെടുത്തത് ഗ്രീക്ക് നഗരരാഷ്ട്രമായ ഏതൻസിലാണ്. ഭരണകർത്താക്കളെ തിരഞ്ഞെടുക്കുന്നതിലും നിയമനിർമ്മാണത്തിലും ഏതൻസിലെ പൗരത്വമുള്ള

എല്ലാ പുരുഷന്മാർക്കും പങ്കാളിത്തമുണ്ടായിരുന്നു. സ്ത്രീകൾ, അടിമകൾ, വിദേശികൾ തുടങ്ങിയവർക്ക് പൗരത്വപദവി ഉണ്ടായിരുന്നില്ല.

പെരിക്ലിസിന്റെ കാലത്താണ് ഏതൻസിൽ ജനാധിപത്യം വിപുലമാകാൻ തുടങ്ങിയത്. ഏതൻസിലെ രാഷ്ട്രീയസഭ 'അസംബ്ലി' എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇനി ഏതൻസിന്റെ മറ്റ് സവിശേഷതകൾ പരിചയപ്പെടാം.

- കല, സംസ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിരുന്ന വിദ്യാഭ്യാസ രീതി
- ആൺകുട്ടികൾക്ക് രണ്ടുവർഷത്തെ നിർബന്ധിത സൈനിക സേവനം
- ശക്തമായ കപ്പൽപ്പടയും സൈനിക വ്യൂഹവും

### ഏതൻസിലെ പൗരർ

ഏതൻസിൽ എല്ലാവരെയും പൗരരായി പരിഗണിച്ചിരുന്നില്ല. ഒരു വ്യക്തിക്ക് പൗരത്വപദവി ലഭിക്കണമെങ്കിൽ അയാൾ സ്വതന്ത്രനായ പുരുഷനായിരിക്കണം, രക്ഷാകർത്താക്കൾ ഏതൻസുകാർ ആയിരിക്കണം എന്നിങ്ങനെയുള്ള നിബന്ധനകൾ ഉണ്ടായിരുന്നു.

### പെരിക്ലിസ്

ഏതൻസിലെ ശക്തനായ ഭരണാധികാരിയായിരുന്ന പെരിക്ലിസിന്റെ ഭരണകാലത്താണ് ഏതൻസ്, ഗ്രീക്ക് നഗരരാഷ്ട്രങ്ങളിൽ പ്രബലമായ സ്ഥാനം നേടിയെടുത്തത്. അധികാരം ഒരാളിൽ കേന്ദ്രീകരിക്കാതെ, എല്ലാ ജനങ്ങൾക്കും പങ്കാളിത്തമുള്ളതാകണം എന്നതായിരുന്നു പെരിക്ലിസിന്റെ ആശയം.

## സ്പാർട്ട

ഏതൻസിൽ നിന്നും വ്യത്യസ്തമായി പ്രഭുഭരണമാണ് സ്പാർട്ടയിൽ നിലനിന്നിരുന്നത്. പരമ്പരാഗതമൂല്യങ്ങൾക്കും സൈനിക പരിശീലനത്തിനും മുൻതൂക്കമുള്ള വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു ഇവിടെയുണ്ടായിരുന്നത്. ആൺകുട്ടികൾക്ക് ഇരുപത്തിമൂന്ന് വർഷത്തെ സൈനിക സേവനം നിർബന്ധമായിരുന്നു.

**ഏതൻസിന്റെയും സ്പാർട്ടയുടെയും സവിശേഷതകൾ സംഭാഷണ രൂപത്തിൽ അവതരിപ്പിക്കൂ.**




ഗ്രീക്ക് നഗരരാഷ്ട്രങ്ങളുമായി ശത്രുതയിലായിരുന്ന പേർഷ്യൻ സാമ്രാജ്യത്തെ, ഏതൻസിന്റെയും സ്പാർട്ടയുടെയും സംയുക്തസൈന്യം ആക്രമിച്ചു കീഴടക്കി. ഈ യുദ്ധങ്ങളാണ് ഗ്രീക്കോ-പേർഷ്യൻ യുദ്ധങ്ങൾ എന്നറിയപ്പെടുന്നത്.

എന്നാൽ പിൽക്കാലത്ത് ഏതൻസുമായി ശത്രുതയിലായ സ്പാർട്ടയും, സ്പാർട്ടയുമായി സഖ്യത്തിലായിരുന്ന ചില നഗരരാഷ്ട്രങ്ങളും ചേർന്ന് ഏതൻസിനെ ആക്രമിച്ചു. പെലൊപ്പൊനീഷ്യൻ യുദ്ധങ്ങൾ എന്നറിയപ്പെട്ട ഈ യുദ്ധത്തിൽ സ്പാർട്ട വിജയിച്ചു.

### മാരത്തൺ ഓട്ടം

ഗ്രീക്കോ-പേർഷ്യൻ യുദ്ധകാലത്ത് ഏതൻസിൽ നിന്ന് 26 മൈലുകൾക്കപ്പുറത്തുള്ള മാരത്തണിൽ വച്ച് ഗ്രീക്കുകാരും പേർഷ്യക്കാരും ഏറ്റുമുട്ടി. യുദ്ധത്തിൽ ഗ്രീക്കുകാർ വിജയികളായി. വിജയവാർത്ത അറിയിക്കുന്നതിനുവേണ്ടി ഒരു സന്ദേശവാഹകനെ ഏതൻസിലേക്കയച്ചു. അത്രയും ദൂരം ഓടിയെത്തി, അയാൾ സന്തോഷത്തോടെ "ആഹ്ലാദിക്കൂ, നമ്മൾ വിജയിച്ചു" എന്ന് ആർത്തുവിളിച്ചു. എന്നാൽ ദീർഘദൂരം ഓടിയതിന്റെ ഫലമായി അയാൾ അപ്പോൾത്തന്നെ മരണപ്പെട്ടു. ഈ ഓട്ടത്തിന്റെ ഓർമ്മയ്ക്കായി ദീർഘദൂര ഓട്ടത്തിന് 'മാരത്തൺ ഓട്ടം' എന്ന് പേരുനൽകിയിരിക്കുന്നു.

### ഹെറോഡോട്ടസും തൂസിഡൈഡ്സും


ഹെറോഡോട്ടസ്

ഗ്രീക്കോ-പേർഷ്യൻ യുദ്ധങ്ങളെ ഇതിവൃത്തമാക്കി രചിച്ച കൃതിയാണ് 'ദ ഹിസ്റ്ററീസ്'. ലോകത്തെ ആദ്യത്തെ ചരിത്ര കൃതിയാണിത്. ചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഹെറോഡോട്ടസാണ് ഈ കൃതി രചിച്ചത്. സ്പാർട്ടയും ഏതൻസും തമ്മിൽ നടന്ന പെലൊപ്പൊനീഷ്യൻ യുദ്ധങ്ങളുടെ ചരിത്രം രേഖപ്പെടുത്തിയത് തൂസിഡൈഡ്സ് എന്ന ചരിത്രകാരനാണ്. 'ഹിസ്റ്ററി ഓഫ് ദ പെലൊപ്പൊനീഷ്യൻ വാർ' എന്നാണ് ആ ചരിത്രകൃതിയുടെ പേര്.


തൂസിഡൈഡ്സ്

## ഗ്രീക്ക് തത്വചിന്തകർ

ലോകത്തെ സ്വാധീനിച്ച പ്രധാന ഗ്രീക്ക് തത്വചിന്തകരാണ് സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ.

**ഗ്രീക്ക് തത്വചിന്തകർ**


**സോക്രട്ടീസ്** (Socrates)

- 'അറിവാണ് നന്മ' എന്ന തത്വത്തിന് പ്രാധാന്യം നൽകി
- സംവാദ രീതി (Socratic Method) യിലൂടെ ആശയങ്ങൾ പ്രചരിപ്പിച്ചു


**പ്ലേറ്റോ** (Plato)

- സോക്രട്ടീസിന്റെ ശിഷ്യൻ
- 'അക്കാദമി' എന്ന പഠനകേന്ദ്രം സ്ഥാപിച്ചു
- പ്രധാന കൃതി 'റിപ്പബ്ലിക്ക്'


**അരിസ്റ്റോട്ടിൽ** (Aristotle)

- പ്ലേറ്റോയുടെ 'അക്കാദമി' യിൽ വിദ്യാർഥിയായിരുന്നു
- 'ലൈസീയം' എന്ന പഠനകേന്ദ്രം സ്ഥാപിച്ചു
- 'പൊളിറ്റിക്സ്' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്

പുരാതന ഗ്രീക്ക് സംസ്കാരത്തെക്കുറിച്ച് വിവരങ്ങൾ ലഭിക്കുന്നത് ഹോമറിന്റെ ഇതിഹാസ കാവ്യങ്ങളായ 'ഇലിയഡ്', 'ഒഡീസ്സി' എന്നിവയിൽ നിന്നാണ്.



## ഇലിയഡ്

ഗ്രീക്കുകാർ ട്രോയ് നഗരത്തിന് നേരെ നടത്തിയ യുദ്ധത്തിന്റെ കഥയാണ് ഇലിയഡ്. ട്രോയ് നഗരവുമായുള്ള വർഷങ്ങൾ നീണ്ട യുദ്ധത്തിന് ശേഷവും ഗ്രീക്കു സൈന്യത്തിന് വിജയിക്കാനായില്ല. അവർ ഒരു കൂറ്റൻ മരക്കുതിരയുണ്ടാക്കി. ഏറ്റവും മികച്ച പോരാളികളെ കുതിരയ്ക്കുള്ളിലാക്കിയശേഷം ട്രോയ് നഗരത്തിന്റെ വഴിയിൽ ഉപേക്ഷിച്ച് പിൻവാങ്ങി.

തോൽവി സമ്മതിച്ച ഗ്രീക്കുകാർ നൽകിയ സമ്മാനമാണ് ആ മരക്കുതിരയെന്ന് ട്രോജന്മാർ കരുതി. വിജയലഹരിയിൽ ട്രോജന്മാർ മരക്കുതിരയെ വലിച്ച് നഗരത്തിനുള്ളിലേക്ക് കൊണ്ടുവന്നു. രാത്രി എല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ കുതിരയ്ക്കുള്ളിൽനിന്നും ഭടന്മാർ പുറത്തിറങ്ങി. കടലിൽ ഒളിച്ചുകിടക്കുകയായിരുന്ന ഗ്രീക്കുകപ്പലുകൾ ട്രോയിലേക്ക് ഇരച്ചു കയറി. പ്രഭാതത്തിൽ ട്രോയ് നഗരം നാമാവശേഷമായിത്തീർന്നു.

**ചരിത്രം, തത്വചിന്ത, സാഹിത്യം എന്നീ മേഖലകളിൽ സംഭാവന നൽകിയ ഗ്രീക്കുകാരുടെ ചിത്രങ്ങളും വിവരങ്ങളും ഉൾപ്പെടുത്തി ഒരു ചുമർപത്രിക തയ്യാറാക്കൂ.**

## പേർഷ്യൻ സാമ്രാജ്യം



കൂട്ടുകാരേ... ഞങ്ങളുടെ രാജ്യമായ ഇറാൻ പേർഷ്യൻ സാംസ്കാരിക പൈതൃകം ഉൾക്കൊള്ളുന്നു. അക്കാലത്ത് നിലനിന്നിരുന്ന സാമ്രാജ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു പേർഷ്യൻ സാമ്രാജ്യം. വ്യത്യസ്ത ഭൂപ്രദേശങ്ങൾ ഈ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നതിനാൽ വൈവിധ്യമാർന്ന സംസ്കാരവും ഭാഷയും പാരമ്പര്യവും ഒത്തുചേർന്നതായിരുന്നു പേർഷ്യൻ സാമ്രാജ്യം. പെർസെപൊളിസ് ആയിരുന്നു ഈ സാമ്രാജ്യത്തിന്റെ തലസ്ഥാനം.



**പെർസെപൊളിസ്**

ഇറാനെ പ്രതിനിധീകരിച്ച് സാംസ്കാരിക വിനിമയപരിപാടിയിൽ പങ്കെടുത്ത ജഹാന്റെ വിവരണം ശ്രദ്ധിച്ചല്ലോ.

എന്തെല്ലാം ആശയങ്ങളാണ് ഈ വിവരണത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത്?

പേർഷ്യൻ സാമ്രാജ്യത്തിലെ പ്രമുഖരായ ഭരണാധികാരികളായിരുന്നു സൈറസും ദാരിയസ് ഒന്നാമനും സെർക്സിസും.

**പേർഷ്യൻ ഭരണസംവിധാനം**

- ഭരണസൗകര്യത്തിനായി വിശാലമായ സാമ്രാജ്യത്തെ നിരവധി സത്രപി (പ്രവിശ്യ) കളായി വിഭജിച്ചിരുന്നു
- 'സത്രപ്' എന്നറിയപ്പെട്ടിരുന്ന ഗവർണർമാരുടെ കീഴിലായിരുന്നു സത്രപികൾ
- സത്രപ്മാർ രാജാവിന്റെ നിയമങ്ങളും നികുതി സമ്പ്രദായങ്ങളും സത്രപികളിൽ നടപ്പിലാക്കി

## സരതുഷ്ട്ര ദർശനം

പേർഷ്യയിലാണ് സരതുഷ്ട്ര ദർശനം രൂപംകൊണ്ടത്.

**സരതുഷ്ട്ര ദർശനം**

- സരതുഷ്ട്രയാണ് സ്ഥാപകൻ
- 'അഹുരമസ്ദ' എന്നു വിളിക്കപ്പെട്ട ഏകദൈവത്തിൽ വിശ്വസിച്ചു
- 'സെൻഡ് അവസ്ത' ആയിരുന്നു മതഗ്രന്ഥം

പേർഷ്യൻ സാമ്രാജ്യത്തെയും സംസ്കാരത്തെയും കുറിച്ച് ഒരു പ്രശ്നോത്തരി സംഘടിപ്പിക്കുന്നതിനുള്ള ചോദ്യോത്തരങ്ങൾ തയ്യാറാക്കൂ.

## റോമൻ സാമ്രാജ്യം



ഹായ് കൂട്ടുകാരേ... എന്റെ പേര് എലീന. എന്റെ നാടായ ഇറ്റലി റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. പാശ്ചാത്യ നാഗരികതയുടെ ജന്മസ്ഥലമായാണ് റോമാ നഗരം കണക്കാക്കപ്പെടുന്നത്. 'എല്ലാ പാതകളും റോമിലേക്ക്' എന്ന പ്രയോഗം തന്നെ ഈ സാമ്രാജ്യത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു. ആദ്യകാലത്ത് റോമിൽ രാജഭരണമായിരുന്നു നിലനിന്നിരുന്നത്. എന്നാൽ, കാലക്രമത്തിൽ പ്രജാതൽപരർ അല്ലാത്ത ഭരണാധികാരികൾക്കെതിരെ കലാപങ്ങൾ ഉയർന്നുവരികയും ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ രാജഭരണം അവസാനിക്കുകയും ചെയ്തു. തുടർന്ന് 'റിപ്പബ്ലിക്' എന്ന പുതിയൊരു ഭരണസംവിധാനം റോമിൽ നിലവിൽ വന്നു. പുരാതന റോമിന്റെ ചരിത്രത്തിലെ പ്രധാന വഴിത്തിരിവായിരുന്നു റിപ്പബ്ലിക്കിന്റെ ഉദയം.

പുരാതന റോമിനെക്കുറിച്ച് എലീന നൽകിയ വിവരണത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ കുറിക്കൂ.

- പാശ്ചാത്യ നാഗരികതയുടെ ജന്മസ്ഥലമായി റോമാ നഗരം കണക്കാക്കപ്പെടുന്നു
- 
- 
- 



ചിത്രം 2.1
ജൂലിയസ് സീസർ

റിപ്പബ്ലിക്കൻ ഭരണസംവിധാനത്തിൽ രാജാവിന് പകരം 'കോൺസെൽ' എന്നറിയപ്പെട്ടിരുന്ന തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കായിരുന്നു ഭരണച്ചുമതല. ബി.സി.ഇ. ഒന്നാം നൂറ്റാണ്ടിൽ റോമൻ റിപ്പബ്ലിക്കിന്റെ കോൺസൽ പദവി വഹിച്ചിരുന്ന ജൂലിയസ് സീസർ റിപ്പബ്ലിക്കൻ ഭരണരീതി അവസാനിപ്പിച്ച് ഏകാധിപതിയായി അധികാരം കൈയടക്കി.



ചിത്രം 2.2
അഗസ്റ്റസ്

അഗസ്റ്റസിന്റെ ഭരണകാലത്താണ് റോമൻ റിപ്പബ്ലിക്ക് പൂർണ്ണമായും റോമാ സാമ്രാജ്യമായി മാറിയത്. ഇതോടെ ചക്രവർത്തി, പരമോന്നത ഭരണാധികാരിയായി മാറി.

**റോമൻ സാമ്രാജ്യത്തിന്റെ സവിശേഷതകൾ**

- യൂറോപ്പ്, വടക്കൻ ആഫ്രിക്ക, പടിഞ്ഞാറൻ ഏഷ്യ എന്നിവിടങ്ങളിൽ വ്യാപിച്ചിരുന്ന വിശാലമായ സാമ്രാജ്യമായിരുന്നു
- റോമൻ ചക്രവർത്തിമാർ 'പ്രിൻസെപ്' (പ്രഥമ പൗരൻ) എന്നറിയപ്പെട്ടു
- 'പ്രിൻസെപ്' തലവനായ റോമൻ ഭരണ സംവിധാനം 'പ്രിൻസിപ്പേറ്റ്' എന്നറിയപ്പെട്ടു
- അഗസ്റ്റസാണ് 'പ്രിൻസിപ്പേറ്റ്' ഭരണ സംവിധാനം സ്ഥാപിച്ചത്
- വേതനം കൈപ്പറ്റി സേവനം ചെയ്ത ശക്തമായ സൈന്യം ഉണ്ടായിരുന്നു

## റോമിന്റെ സാംസ്കാരിക സംഭാവനകൾ

ഭാഷ, സാഹിത്യം, കല, നഗരാസൂത്രണം തുടങ്ങിയ മേഖലകളിലെല്ലാം റോമിന്റെ സംഭാവനകൾ നിലനിൽക്കുന്നുണ്ട്. ജലവിതരണത്തിനായി നിർമ്മിക്കപ്പെട്ട കമാനാകൃതിയിലുള്ള കനാലുകളായ അക്വിഡക്ടുകളും വിശാലമായതും തുറന്നവേദിയുമായ കൊളോസിയവും റോമൻ സാമ്രാജ്യത്തിന്റെ സാംസ്കാരിക സംഭാവനകളാണ്.



ചിത്രം 2.3 അക്വിഡക്റ്റ്



ചിത്രം 2.4 കൊളോസിയം

റോമിൽ നിലനിന്ന വ്യത്യസ്ത ഭരണസംവിധാനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൂ.



## രാഷ്ട്രരൂപീകരണം ഇന്ത്യയിൽ

സാംസ്കാരിക വിനിമയ പരിപാടിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തത് വിവാൻ ആയിരുന്നു. വിവാന്റെ വിവരണം ശ്രദ്ധിക്കാം.



ഞാൻ വിവാൻ. ഇന്ത്യയെ പ്രതിനിധീകരിച്ചാണ് ഈ പരിപാടിയിൽ പങ്കെടുക്കുന്നത്. സിന്ധുനദിയുടെയും പോഷകനദികളുടെയും തീരങ്ങളിൽ നിലനിന്നിരുന്ന ഹരപ്പൻ സംസ്കാരത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്കുശേഷം ഏകദേശം 1500 ബി.സി.ഇ. യോടെ ആര്യന്മാർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറുള്ള സപ്തസിന്ധു പ്രദേശങ്ങളിൽ അധിവാസമുറപ്പിച്ചു. അക്കാലത്ത് രചിക്കപ്പെട്ട വേദങ്ങളിൽ നിന്നാണ് ഇവരെക്കുറിച്ച് നമുക്കു വിവരങ്ങൾ ലഭിക്കുന്നത്. വേദങ്ങൾ രചിക്കപ്പെട്ട ഈ കാലഘട്ടം വേദകാലം എന്നറിയപ്പെടുന്നു. പിൽക്കാലത്ത് ആര്യന്മാർ സപ്തസിന്ധു പ്രദേശത്തുനിന്ന് ഗംഗയുടെയും പോഷകനദികളുടെയും തീരങ്ങളിൽ എത്തിച്ചേർന്നു. ഇരുമ്പിന്റെ കണ്ടുപിടുത്തവും ഉപയോഗവും കൃഷിയുടെ വ്യാപനത്തിനും ഉൽപാദന വർധനവിനും കാരണമായി. മിച്ചോൽപാദനം കച്ചവടകേന്ദ്രങ്ങളുടെ വികാസത്തിന് വഴിതെളിച്ചു. ഈ കച്ചവടകേന്ദ്രങ്ങളാണ് പിന്നീട് നഗരങ്ങളായി മാറിയത്. ഈ നഗരങ്ങൾ കേന്ദ്രീകരിച്ച് ജനപദങ്ങൾ രൂപപ്പെട്ടു.

വിവാൻ നൽകിയ വിവരണത്തിൽ നിന്നും ഇന്ത്യയിലെ ജനപദങ്ങളുടെ വളർച്ചയെ സൂചിപ്പിക്കുന്ന ചരിത്രവഴികൾ കണ്ടെത്തി ചുവടെ നൽകിയിരിക്കുന്ന വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

വർക്ക്ഷീറ്റ്




## ജനപദങ്ങളിൽ നിന്ന് മഹാജനപദങ്ങളിലേക്ക്

പുരാതന ഇന്ത്യയിൽ രൂപംകൊണ്ട നഗരങ്ങൾ കേന്ദ്രീകരിച്ചാണ് ജനപദങ്ങൾ രൂപപ്പെട്ടതെന്ന് കണ്ടല്ലോ. ഫലഭൂയിഷ്ഠമായ നദീതടങ്ങളും സമൃദ്ധമായ വനമേഖലകളും ചില ജനപദങ്ങളെ കൂടുതൽ ശക്തമാക്കി. സമീപപ്രദേശത്തുള്ള ജനപദങ്ങളെ കീഴടക്കിയ പ്രബലമായ ജനപദങ്ങൾ മഹാജനപദങ്ങളായി പരിണമിച്ചു. മഹാജനപദങ്ങളുടെ കാലം ഇന്ത്യയിലെ 'രണ്ടാം നഗരവൽക്കരണം' എന്നാണ് അറിയപ്പെടുന്നത്.

## മഗധ പ്രബലശക്തിയാകുന്നു

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിലനിന്നിരുന്ന പതിനാറ് മഹാജനപദങ്ങളിൽ പ്രബലശക്തിയായി മാറിയത് മഗധയാണ്.

### ജനപദങ്ങൾ

'ജനപദം' എന്നാൽ ജനം അധിവസിച്ച സ്ഥലം എന്നാണ് അർഥം. വിഭവങ്ങൾ ലഭ്യമായ ഇടങ്ങളിൽ കൃഷിയിടങ്ങളും താമസമേഖലകളും രൂപപ്പെടുത്തിയ ജനങ്ങൾ അവിടെ സ്ഥിരമായി താമസിച്ചു. ഇങ്ങനെയാണ് ജനപദങ്ങൾ രൂപപ്പെട്ടത്.

### പതിനാറ് മഹാജനപദങ്ങൾ

കംബോജം, ഗാന്ധാരം, മഗധ, അംഗം, വജ്ജി, മല്ല, കാശി, വത്സ, കോസലം, ചേദി, പാഞ്ചാലം, അശ്മകം, അവന്തി, ശൂരസേന, കുരു, മത്സ്യ എന്നിവയായിരുന്നു പതിനാറ് മഹാജനപദങ്ങൾ




ഭൂപടം 2.2 - മഹാജനപദങ്ങളിൽ പ്രബലശക്തിയായിരുന്ന മഗധ

ഭൂപടം 2.2 ൽ മഗധയുടെ സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.

പ്രബലമായ ഒരു മഹാജനപദമാകുന്നതിന് മഗധയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

**മഗധയുടെ വളർച്ചയ്ക്ക് സഹായകമായ ഘടകങ്ങൾ**

- ശക്തരായ ഭരണാധികാരികളും ശക്തമായ സൈന്യവും
- ഗംഗയുടെയും പോഷകനദികളുടെയും സാമീപ്യം കൊണ്ടുണ്ടായ ഫലഭൂയിഷ്ഠത
- ഇരുമ്പയിരിന്റെ സാന്നിധ്യം - ഇരുമ്പായുധങ്ങളുടെയും ഉപകരണങ്ങളുടെയും നിർമ്മാണവും ഉപയോഗവും
- കാർഷിക മേഖലയിലും വാണിജ്യരംഗത്തും ഉണ്ടായ പുരോഗതി

തുടക്കത്തിൽ രാജഗൃഹയും (ബീഹാറിലെ രാജ്ഗീർ), പിന്നീട് പാടലീപുത്രവും (പാറ്റ്ന) ആയിരുന്നു മഗധയുടെ തലസ്ഥാനങ്ങൾ.

**മഗധയിലെ പ്രധാന ഭരണാധികാരികൾ**

- ബിംബിസാരൻ
- അജാതശത്രു
- മഹാപത്മനന്ദൻ
- ധനനന്ദൻ

## മൗര്യ രാജ്യം

ബി.സി.ഇ. 321 ൽ മഗധയിലെ ഭരണാധികാരിയായിരുന്ന ധനനന്ദനെ പരാജയപ്പെടുത്തി ചന്ദ്രഗുപ്ത മൗര്യൻ മഗധയുടെ അധികാരം പിടിച്ചെടുത്തു. മഗധയോടൊപ്പം സമീപ പ്രദേശങ്ങളും കൂട്ടിച്ചേർത്ത് മൗര്യ രാജ്യം സ്ഥാപിച്ചത്

ചന്ദ്രഗുപ്ത മൗര്യനാണ്. മഗധയെ വിശാലമായ മൗര്യ രാജ്യമാക്കി മാറ്റാനും മികച്ചൊരു ഭരണ സംവിധാനം രൂപപ്പെടുത്താനും ചന്ദ്രഗുപ്ത മൗര്യനെ സഹായിച്ചത് അദ്ദേഹത്തിന്റെ മന്ത്രിയായിരുന്ന കൗടില്യൻ അഥവാ ചാണക്യൻ ആണ്.

മൗര്യ രാജ്യത്തിലെ മികച്ച ഭരണാധികാരിയായിരുന്ന അശോകൻ, കാശ്മീരും കലിംഗവും (ഇന്നത്തെ ഒഡീഷയുടെ കടലോര പ്രദേശം) കീഴടക്കി രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിച്ചു. ഭൂപടം 2.3 ൽ നിന്നും മൗര്യ രാജ്യത്തിന്റെ വിസ്തൃതി നിരീക്ഷിക്കൂ.




**ഭൂപടം 2.3 - അശോകന്റെ ഭരണകാലത്തെ മൗര്യ രാജ്യം**

### കൗടില്യന്റെ അർഥശാസ്ത്രം

മൗര്യ രാജ്യത്തെക്കുറിച്ച് നമുക്ക് വിവരങ്ങൾ ലഭിക്കുന്നത് കൗടില്യൻ രചിച്ച 'അർഥശാസ്ത്രത്തിൽ നിന്നാണ്. രാജാവ് ഭരണം നടത്തേണ്ടതും രാജ്യ വിസ്തൃതി വർധിപ്പിക്കേണ്ടതും എങ്ങനെയാണെന്ന് ഈ കൃതിയിൽ വിവരിക്കുന്നുണ്ട്. രാജ്യത്തെ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കേണ്ട വിധം, നികുതി ഈടാക്കൽ എന്നിവയെക്കുറിച്ചെല്ലാം വിശദമായ വിവരണങ്ങൾ നൽകുന്ന ഗ്രന്ഥമാണിത്.

**മഹാജനപദമായിരുന്ന മഗധ ശക്തമായ മൗര്യരാജ്യമായി വളർന്നതെങ്ങനെയെന്ന് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.**

## പ്രാചീന ഇന്ത്യയിലെ ദർശനങ്ങൾ

പ്രാചീന ഇന്ത്യയിലുണ്ടായ ആദ്യകാല രാഷ്ട്ര രൂപീകരണം നാം കണ്ടല്ലോ. ഇനി ഇക്കാലഘട്ടത്തിൽ രൂപംകൊണ്ട ചില ദർശനങ്ങളെ നമുക്ക് പരിചയപ്പെടാം.

### ജൈനമതം

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപംകൊണ്ട ദർശനമായിരുന്നു ജൈനമതം. വർധമാന മഹാവീരനാണ് ജൈനമതം പ്രചരിപ്പിച്ചത്. ജൈനമതത്തിലെ ഇരുപത്തിനാലാമത്തെ തീർഥങ്കരനായിരുന്നു വർധമാന മഹാവീരൻ. 'ലൗകിക സുഖങ്ങളെ കീഴടക്കിയവൻ' എന്ന അർഥം വരുന്ന 'ജിനൻ' എന്നും അദ്ദേഹം അറിയപ്പെട്ടു.



**ചിത്രം - 2.5**
**വർധമാന മഹാവീരൻ**

**ജൈനമത ആശയങ്ങൾ**

- എല്ലാ വസ്തുക്കൾക്കും ജീവനുണ്ട്
- ജീവനുള്ള ഒന്നിനെയും ഉപദ്രവിക്കരുത് (അഹിംസ)
- കളവു പറയരുത് മോഷ്ടിക്കരുത്
- ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ പ്രവൃത്തി (ത്രിരത്നങ്ങൾ) എന്നിവ അനുഷ്ഠിക്കുക

**തീർഥങ്കരർ**

സന്യാസത്തിലൂടെ ജ്ഞാനം നേടിയവർ എന്നാണ് 'തീർഥങ്കരർ' എന്ന വാക്കിന്റെ അർഥം.

ജൈനമത വിശ്വാസ പ്രകാരം ഇരുപത്തിനാല് തീർഥങ്കരരുണ്ടായിരുന്നു.

## ബുദ്ധമതം

പ്രാചീന ഇന്ത്യയിൽ രൂപംകൊണ്ട മറ്റൊരു പ്രധാന ദർശനമായിരുന്നു ബുദ്ധമതം. ഗൗതമ ബുദ്ധനാണ് ബുദ്ധമതം സ്ഥാപിച്ചത്. സിദ്ധാർഥൻ എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർഥ പേര്. ബീഹാറിലെ ബോധഗയയിൽ വച്ച് 'ജ്ഞാനോദയം' നേടിയ അദ്ദേഹം ഗൗതമ ബുദ്ധൻ എന്നറിയപ്പെട്ടു.



ചിത്രം - 2.6
ഗൗതമ ബുദ്ധൻ

**ബുദ്ധമത ആശയങ്ങൾ**

- ഹിംസിക്കാതിരിക്കുക
- കളവുപറയാതിരിക്കുക
- സത്യസന്ധത പുലർത്തുക
- അന്യരുടെ സ്വത്ത് ആഗ്രഹിക്കാതിരിക്കുക

ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആശയങ്ങളുടെ പൊതുസവിശേഷതകൾ വിശകലനം ചെയ്യുക.

**ചാർവാക ദർശനം**

ഇന്ത്യയിൽ നിലനിന്നിരുന്ന മറ്റൊരു ദർശനമായിരുന്നു ചാർവാക ദർശനം. ഈ ദർശനം 'ലോകായത' എന്നും അറിയപ്പെട്ടിരുന്നു. വിശ്വസിക്കുക എന്നതിനെക്കാൾ അന്വേഷിക്കുക എന്ന തത്വത്തിനായിരുന്നു ചാർവാക ദർശനം പ്രാധാന്യം നൽകിയിരുന്നത്.

ബി.സി.ഇ. ആറാം നൂറ്റാണ്ട് മുതൽ ലോകത്താകമാനം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും നൂതനമായ കാഴ്ചപ്പാടുകൾ രൂപംകൊള്ളാൻ തുടങ്ങിയിരുന്നു. ഈ കാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ രാഷ്ട്രീയ-ദാർശനിക വികാസങ്ങളെക്കുറിച്ചാണ് നമ്മൾ ഈ പാഠഭാഗത്തിൽ ചർച്ചചെയ്തത്. രാഷ്ട്രരൂപീകരണം, ഭരണസംവിധാനങ്ങൾ, സാംസ്കാരിക മുന്നേറ്റങ്ങൾ തുടങ്ങിയ മേഖലകളിലുണ്ടായ മാറ്റങ്ങൾ നാം പരിചയപ്പെട്ടു. രാഷ്ട്രത്തിന്റെയും ഭരണസംവിധാനത്തിന്റെയും സവിശേഷതകളും പ്രത്യേകതകളും എന്തൊക്കെയാണെന്ന് തുടർന്നുള്ള പാഠങ്ങളിൽ പരിചയപ്പെടാം.

## തുടർപ്രവർത്തനങ്ങൾ

- ലോകഭൂപടത്തിൽ ഗ്രീസ്, ഇറ്റലി, ഇറാൻ, ഇന്ത്യ എന്നീ രാജ്യങ്ങൾ അടയാളപ്പെടുത്തി സാമൂഹ്യശാസ്ത്ര നിരീക്ഷണപുസ്തകത്തിൽ ചേർക്കൂ.
- പുരാതനലോകത്തെ രാഷ്ട്രരൂപീകരണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പ്/ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.
- വർധമാന മഹാവീരനും ഗൗതമബുദ്ധനുമായി ബന്ധപ്പെട്ട കഥകൾ ശേഖരിച്ച് സാമൂഹ്യശാസ്ത്രക്ലബിൽ അവതരിപ്പിക്കൂ.
- അറ്റ്ലസ് നിരീക്ഷിച്ച് ആധുനിക ഇന്ത്യയിൽ രാജ്ഗിർ, പാറ്റ്ന ഇവയുടെ സ്ഥാനം കണ്ടെത്തൂ. ഇന്ത്യയുടെ ഭൂപടത്തിൽ ഇവ രേഖപ്പെടുത്തി സാമൂഹ്യശാസ്ത്ര നിരീക്ഷണപുസ്തകത്തിൽ ചേർക്കൂ.




# രാഷ്ട്രവും ഗവൺമെന്റും




ഹിറ്റ്ലറുടെ സൈനിക ആക്രമണം കാരണം സ്വന്തം രാജ്യത്ത് ഒരു ഇടുങ്ങിയ മുറിയിൽ ഒളിവു ജീവിതം നയിക്കേണ്ടിവന്ന ആൻ ഫ്രാങ്ക് തന്റെ പ്രിയപ്പെട്ട ഡയറിയായ 'കിറ്റി 'യിൽ കുറിച്ചിട്ട വരികളാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

ഇവിടെ ആൻ ഫ്രാങ്ക് എന്തെല്ലാമാണ് ആഗ്രഹിക്കുന്നത്?

- സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ
- ..............................................................
- ..............................................................
- ..............................................................

നമ്മുടെ മാതൃരാജ്യം എന്തെല്ലാമാണ് നമുക്ക് ഉറപ്പുനൽകുന്നത്? ചർച്ച ചെയ്യൂ.

## രാഷ്ട്രവും ജനങ്ങളും




മുകളിൽ നൽകിയിരിക്കുന്ന കൊളാഷ് ശ്രദ്ധിക്കൂ. ഇവിടെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതും അവർക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതും ആരാണ്?

ജനങ്ങൾക്ക് രാഷ്ട്രം എന്തെല്ലാം സേവനങ്ങളാണ് പ്രദാനം ചെയ്യുന്നത്?

- ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നു
- 
- 
- 

സ്വാതന്ത്ര്യത്തോടെയും അന്തസ്സോടെയും നിർഭയരായി ജീവിക്കാൻ ജനങ്ങളെ സഹായിക്കുന്ന സാഹചര്യം ഒരുക്കുന്നത് രാഷ്ട്രമാണ്. രാഷ്ട്രത്തിന്റെ കൂടുതൽ സവിശേഷതകൾ നമുക്ക് പരിചയപ്പെടാം.

## എന്താണ് രാഷ്ട്രം?

ജനങ്ങൾ രൂപീകരിച്ച ഏറ്റവും ഉന്നതമായ സാമൂഹിക-രാഷ്ട്രീയ സ്ഥാപനമാണ് രാഷ്ട്രം. ഒരു നിശ്ചിത പ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നതും പരമാധികാരമുള്ള ഗവൺമെന്റോട് കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം. ജനസംഖ്യ, ഭൂപ്രദേശം, ഗവൺമെന്റ്, പരമാധികാരം എന്നീ ഘടകങ്ങൾ ചേർന്നാണ് രാഷ്ട്രം രൂപീകരിക്കപ്പെടുന്നത്. നിയമങ്ങൾ നിർമ്മിക്കുന്നതും ജനക്ഷേമം ഉറപ്പുവരുത്തുന്നതും രാഷ്ട്രത്തിന്റെ ചുമതലയാണ്. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് രാഷ്ട്രമാണ്. കൂടാതെ, ജനങ്ങൾ രാഷ്ട്രത്തോട് പാലിക്കേണ്ട ഉത്തരവാദിത്വങ്ങൾ നിർവചിക്കുന്നതും രാഷ്ട്രംതന്നെ.

### രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

രാഷ്ട്രത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം. പുരാതന ഗ്രീസിലാണ് രാഷ്ട്രത്തെക്കുറിച്ചുള്ള പഠനത്തിന് ആരംഭം കുറിച്ചത്. 'നഗരരാഷ്ട്രങ്ങൾ' ആയിരുന്നു രാഷ്ട്രവുമായി ബന്ധപ്പെട്ട പഠനത്തിന്റെ അടിസ്ഥാന ഘടകം. ഗ്രീക്ക് ചിന്തകരായ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരാണ് രാഷ്ട്രവുമായി ബന്ധപ്പെട്ട ചിന്തകൾക്ക് തുടക്കമിട്ടത്. 'പൊളിറ്റിക്സ്' അല്ലെങ്കിൽ രാഷ്ട്രതന്ത്രം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവായ അരിസ്റ്റോട്ടിലാണ്. അദ്ദേഹത്തിന്റെ വിഖ്യാത ഗ്രന്ഥമാണ് 'പൊളിറ്റിക്സ്.'



നിക്കോളൊ മാക്യവല്ലി

### സ്റ്റേറ്റ് (State)

ഗ്രീക്കുകാർ നഗരരാഷ്ട്രങ്ങളെ സൂചിപ്പിക്കാൻ 'പോളിസ്' (Polis) എന്ന പദവും റോമാക്കാർ 'സിവിറ്റാസ്' (Civitas) എന്ന പദവും ഉപയോഗിച്ചിരുന്നു. ഇറ്റാലിയൻ തത്വചിന്തകനായ നിക്കോളൊ മാക്യവല്ലിയാണ് 'സ്റ്റേറ്റ്' (State) എന്ന പദം ആദ്യമായി ആധുനിക അർഥത്തിൽ ഉപയോഗിച്ചത്. ജർമ്മനിയിലെ പുരാതന ഗോത്രവിഭാഗങ്ങളായ ട്യൂട്ടോണുകൾക്കിടയിൽ പ്രചാരത്തിൽ ഉണ്ടായിരുന്ന 'സ്റ്റാറ്റസ്' എന്ന വാക്കിൽ നിന്നാണ് 'സ്റ്റേറ്റ്' എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്.

രാഷ്ട്രത്തിന്റെ ഘടകങ്ങൾ ഓരോന്നും നമുക്ക് വിശദമായി പരിശോധിക്കാം

## ജനസംഖ്യ (Population)




ചിത്രം 3.1 എ




ചിത്രം 3.1 ബി

മുകളിൽ കൊടുത്തിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ. ഇതിലേതാണ് പൂർണ്ണമായ അർഥത്തിൽ ഒരു വിദ്യാലയമാകുന്നത്?

ഒരു വിദ്യാലയം വിദ്യാലയമാകണമെങ്കിൽ അവിടെ മറ്റ് സൗകര്യങ്ങളോടൊപ്പം കുട്ടികളും അധ്യാപകരും ജീവനക്കാരും ഉണ്ടാകണം. എല്ലാവരും ഒത്തൊരുമയോടെ സജീവമായി പ്രവർത്തിക്കുമ്പോഴാണ് വിദ്യാലയം എന്ന ആശയം പൂർണമാകുന്നത്.

ഇതുപോലെ തന്നെയാണ് രാഷ്ട്രവും

ജനങ്ങൾ ഇല്ലാതെ രാഷ്ട്രത്തിന് നിലനിൽപ്പില്ല. എന്നാൽ, രാഷ്ട്രരൂപീകരണത്തിന് ആവശ്യമായ ജനസംഖ്യ എത്രയെന്ന് നിജപ്പെടുത്തിയിട്ടുമില്ല. ഒരു രാഷ്ട്രത്തിലെ ജനസംഖ്യയിൽ വിവിധ മത, വർഗ്ഗ, വർണ്ണ വിഭാഗങ്ങൾ ഉൾപ്പെടാം. പരസ്പരാശ്രയത്വം, പൊതുതാൽപര്യം, പൊതുബോധം എന്നിവയാൽ ഒത്തൊരുമിച്ച് നിൽക്കുമ്പോഴാണ് ജനങ്ങൾ രാഷ്ട്രത്തിന്റെ ഘടകമായി മാറുന്നത്.

നിങ്ങൾക്ക് കണ്ടെത്താമോ?

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യം : ..............................................

ഏറ്റവും കുറവ് ജനസംഖ്യയുള്ള രാജ്യം : ..............................................

**വർക്ക് ഷീറ്റ് പൂർത്തിയാക്കൂ.**

| ചുവടെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ശരിയായവയ്ക്ക് നേരെ 🙂 തെറ്റായവയ്ക്ക് നേരെ ☹️ വരച്ചു ചേർക്കുക. | 🙂 | ☹️ |
|---|---|---|
| രാഷ്ട്രരൂപീകരണത്തിന് ആവശ്യമായ ജനസംഖ്യ ഒരുലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. | | |
| ഒരു രാഷ്ട്രത്തിലെ ജനസംഖ്യയിൽ വ്യത്യസ്ത മത, വർഗ വിഭാഗങ്ങൾ ഉൾപ്പെടാം. | | |
| ജനങ്ങൾ രൂപീകരിച്ച ഏറ്റവും ഉന്നതമായ രാഷ്ട്രീയ സ്ഥാപനമാണ് രാഷ്ട്രം. | | |
| ജനങ്ങളില്ലാതെയും രാഷ്ട്രത്തിന് നിലനിൽക്കാം. | | |

## ഭൂപ്രദേശം (Territory)




ഭൂപടം 3.1




ഭൂപടം 3.2

2011 ൽ രൂപീകരിക്കപ്പെട്ട ദക്ഷിണ സുഡാന്റെ ഭൂപടമാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

ദക്ഷിണ സുഡാൻ ഏത് ഭൂഖണ്ഡത്തിലാണ് സ്ഥിതി ചെയ്യുന്നത്? ______

ഏത് നദിയാണ് ഈ രാജ്യത്തെ ജലസമൃദ്ധമാക്കുന്നത്? ______

ദക്ഷിണ സുഡാന്റെ അതിർത്തി രാജ്യങ്ങൾ കണ്ടെത്തി എഴുതൂ.

വടക്ക് ______ കിഴക്ക് ______

തെക്ക് ______ പടിഞ്ഞാറ് ______

ആഫ്രിക്കയിലെ ഏറ്റവും വലിയ രാജ്യമായ സുഡാനിൽ നിന്ന് സ്വതന്ത്രമാക്കപ്പെട്ട പത്ത് തെക്കൻസംസ്ഥാനങ്ങൾ ചേർന്ന് രൂപീകരിച്ച രാജ്യമാണ് ദക്ഷിണ സുഡാൻ. ദക്ഷിണ സുഡാനെപ്പോലെ ഏതൊരു രാഷ്ട്രം രൂപപ്പെടുന്നതിനും കൃത്യമായ ഭൂപ്രദേശം ആവശ്യമാണെന്ന് ഇതിൽനിന്ന് തിരിച്ചറിഞ്ഞല്ലോ.

രാഷ്ട്രം നിലനിൽക്കണമെങ്കിൽ സ്ഥിരവും കൃത്യമായി നിർവചിക്കപ്പെട്ടതുമായ ഭൂപ്രദേശം അനി

വാര്യമാണ്. എന്നാൽ രാഷ്ട്രരൂപീകരണത്തിന് ആവശ്യമായ ഭൂപ്രദേശത്തിന്റെ വിസ്തൃതി എത്ര യെന്ന് നിജപ്പെടുത്തിയിട്ടുമില്ല. ഒരു രാഷ്ട്രത്തിന്റെ കര, ജല, വായു, തീരദേശ മേഖലകൾ അതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ആധുനിക രാഷ്ട്രങ്ങൾ പൊതുവേ ഭൂവിസ്തൃതിയിൽ മുന്നിൽ നിൽക്കുന്നവയാണ്.

**ലോകത്തെ ഏറ്റവും വലിയ രാജ്യവും ഏറ്റവും ചെറിയ രാജ്യവും സാമൂഹ്യശാസ്ത്ര ലാബിലെ ഭൂപടം പരിശോധിച്ച് തിരിച്ചറിയൂ.**




രാഷ്ട്രരൂപീകരണത്തിൽ ഭൂപ്രദേശം വഹിക്കുന്ന പങ്കിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## ഗവൺമെന്റ് (Government)




മുകളിൽ നൽകിയിരിക്കുന്ന വാർത്തകൾ ശ്രദ്ധിക്കൂ.

ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ ഗവൺമെന്റ്/സർക്കാർ വളരെ വലിയ പങ്കാണ് വഹിക്കുന്നത്. രാഷ്ട്രവും ജനങ്ങളും തമ്മിലുള്ള ബന്ധം സജീവമായി നിലനിർത്താൻ സഹായിക്കുന്നത് ഗവൺമെന്റാണ്. ജനങ്ങൾ അധിവസിക്കുന്നതുകൊണ്ടുമാത്രം ഒരു പ്രത്യേക ഭൂപ്രദേശം രാഷ്ട്രമായി മാറണമെന്നില്ല. അവിടുത്തെ വിഭവങ്ങളെയും ജനങ്ങളെയും ഏകോപിപ്പിച്ച് കൊണ്ടുപോകാൻ ഗവൺമെന്റ് എന്ന സംവിധാനം അനിവാര്യമാണ്. രാഷ്ട്രം ഒരു സ്ഥിരസ്ഥാ

പനവും ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുന്നതുമാണ്. രാഷ്ട്രത്തിന്റെ നയങ്ങൾ രൂപീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും സാക്ഷാത്കരിക്കുന്നതിനുമുള്ള ഏജൻസിയാണ് ഗവൺമെന്റ്. ക്രമസമാധാനം, നിയമവാഴ്ച, പ്രതിരോധം, വിദേശ ബന്ധങ്ങൾ, റോഡുകൾ, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം കൈകാര്യം ചെയ്യുന്നത് ഗവൺമെന്റാണ്.



ഗവൺമെന്റിന്റെ പ്രധാന ചുമതലകൾ ഉൾപ്പെടുത്തി തന്നിട്ടുള്ള ആശയപടം പൂർത്തിയാക്കൂ.




## പരമാധികാരം (Sovereignty)




മുകളിൽ കൊടുത്തിട്ടുള്ള വാർത്താ തലക്കെട്ടുകൾ ശ്രദ്ധിക്കൂ.

ഓരോ വാർത്തയിലും രാജ്യങ്ങൾ അവരുടെ അധികാരം വിനിയോഗിച്ചുകൊണ്ട് വ്യത്യസ്ത മേഖലകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ബാഹ്യ ഇടപെടലുകൾക്കോ സമ്മർദങ്ങൾക്കോ വിധേയമാകാതെ തീരുമാനങ്ങൾ എടുക്കാനുള്ള രാഷ്ട്രത്തിന്റെ പരമമായ അധികാരമാണ് പരമാധികാരം. രാഷ്ട്രത്തിനു മാത്രമുള്ള ഒരു സവിശേഷതയാണിത്. നിയമങ്ങൾ നിർമ്മിക്കുന്നതും രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും പരമാധികാരത്തിന്റെ ഭാഗമായാണ്. രാഷ്ട്രം അതിന്റെ പരമാധികാരം വിനിയോഗിക്കുന്നതും കാത്തുസൂക്ഷി

ക്കുന്നതും ഗവൺമെന്റിലൂടെയാണ്. ജനങ്ങൾ, ഭൂപ്രദേശം, ഗവൺമെന്റ് എന്നിവയുണ്ടെങ്കിലും പരമാധികാരമില്ലെങ്കിൽ രാഷ്ട്രത്തിന് നിലനിൽപ്പില്ല.




തന്നിരിക്കുന്ന വാർത്തകളിൽ ഏതിലാണ് രാഷ്ട്രത്തിന്റെ പരമാധികാരം പരിപാലിക്കപ്പെടുന്നത്? എന്തുകൊണ്ട്? കുറിപ്പ് തയ്യാറാക്കൂ.

രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ സ്ടിപ്പുകളിൽ രേഖപ്പെടുത്തി മേശപ്പുറത്തെ ബൗളിൽ നിക്ഷേപിക്കുക. ഓരോരുത്തരും ഒരു സ്ടിപ്പ് വീതം എടുക്കുക. ഒരേ വിഷയം കിട്ടിയവർ ചേർന്ന് ഗ്രൂപ്പുകളാവുക. ഓരോ ഗ്രൂപ്പും തങ്ങൾക്ക് കിട്ടിയ വിഷയത്തെക്കുറിച്ച് ചർച്ചചെയ്യൂ. അവ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കൂ (പോസ്റ്റർ, കുറിപ്പ്, പ്രസംഗം, പാനൽചർച്ച, റോൾപ്ലേ തുടങ്ങിയവ).

## രാഷ്ട്രരൂപീകരണം: സിദ്ധാന്തങ്ങൾ

രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ ഏതൊക്കെയാണെന്ന് നാം ചർച്ച ചെയ്തല്ലോ? ഇനി രാഷ്ട്രം എങ്ങനെയാണ് രൂപംകൊണ്ടത് എന്ന് പരിശോധിക്കാം.

രാഷ്ട്രരൂപീകരണത്തെ സംബന്ധിച്ച് ക്ലാസ്സിൽ പാനൽ ചർച്ച സംഘടിപ്പിച്ചിരിക്കുകയാണ്. കുട്ടികൾ അവരുടെ അഭിപ്രായങ്ങൾ എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് നോക്കൂ.



രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തിയ അഭിപ്രായപ്രകടനങ്ങൾ ശ്രദ്ധിച്ചല്ലോ. രാഷ്ട്രം രൂപപ്പെടുന്നതിനിടയാക്കിയ വിവിധ സിദ്ധാന്തങ്ങളെക്കുറിച്ചാണ് അവർ പ്രതിപാദിച്ചത്. ചുവടെ കൊടുത്തിരിക്കുന്ന ആശയപടം പൂർത്തിയാക്കിയാലോ?

| രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ | | |
|---|---|---|
| ബലസിദ്ധാന്തം | സാമൂഹിക ഉടമ്പടി/ കരാർ സിദ്ധാന്തം | സാമൂഹിക പരിണാമ സിദ്ധാന്തം |
| | ജനങ്ങൾ ഉണ്ടാക്കിയ കരാറുകളാണ് രാഷ്ട്രരൂപീകരണത്തിന് അടിസ്ഥാനമായത്. | |

രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങളിൽ ഏറ്റവും പ്രചാരം നേടിയതും പൊതുവേ അംഗീകരിക്കപ്പെട്ടതും സാമൂഹിക പരിണാമ സിദ്ധാന്തമാണ്. ഇതനുസരിച്ച് രാഷ്ട്രം ആരുടെയും നിർമ്മിതിയല്ല, ദീർഘ കാലയളവിനുള്ളിൽ നിരവധി ഘടകങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായാണ് രാഷ്ട്രം രൂപപ്പെട്ടത്.

## ഗോത്രരാഷ്ട്രത്തിൽ നിന്ന് ദേശരാഷ്ട്രത്തിലേക്ക്

ആധുനിക രാഷ്ട്രങ്ങളുടെ സ്വഭാവം ആദ്യകാലരാഷ്ട്രങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. രാഷ്ട്രങ്ങളുടെ സ്വഭാവത്തിൽ വന്ന മാറ്റങ്ങൾ പരിശോധിക്കാം.

| | |
|---|---|
| ഗോത്ര രാഷ്ട്രങ്ങൾ | രാഷ്ട്രീയ സ്ഥാപനങ്ങളുടെ സ്വഭാവം പൗരാണികകാലത്ത് ചെറിയതോതിലെങ്കിലും പ്രകടിപ്പിച്ചിരുന്നത് ഗോത്ര കൂട്ടായ്മകളാണ്. ഒരേ വംശത്തിലുള്ള ജനനം, ഒരേ താൽപര്യങ്ങൾ, ഒരേ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയുടെ സ്വാധീനം ഗോത്രരാഷ്ട്രങ്ങളുടെ രൂപീകരണത്തിന് കാരണമായി. |
| പൗരസ്ത്യ ഭരണ സംവിധാനങ്ങൾ | ആധുനിക രാഷ്ട്രങ്ങളുടെ ചില സവിശേഷതകൾ പ്രകടിപ്പിച്ചിരുന്നവയാണ് പൗരസ്ത്യ ഭരണസംവിധാനങ്ങൾ. നദീതട സംസ്കാര കേന്ദ്രങ്ങളായ മെസൊപ്പൊട്ടേമിയ, ഈജിപ്ത്, ചൈന എന്നിവ ഉദാഹരണങ്ങളാണ്. വെങ്കലയുഗ സംസ്കാരകേന്ദ്രങ്ങളായ ഇവിടങ്ങളിൽ ജനങ്ങൾ നാഗരികജീവിതമാണ് നയിച്ചിരുന്നത്. |
| ഗ്രീക്ക് നഗര രാഷ്ട്രങ്ങൾ | ആധുനിക രാഷ്ട്രങ്ങളോട് ഏറ്റവുമധികം സാദൃശ്യം പുലർത്തുന്നവയാണ് ഗ്രീക്ക് നഗരരാഷ്ട്രങ്ങൾ. ഏതൻസ്, സ്പാർട്ട എന്നിവ ഉദാഹരണങ്ങളാണ്. |
| റോമാ സാമ്രാജ്യം | റോമാ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന ഭരണ സംവിധാനം, നിയമം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ആധുനിക രാഷ്ട്രങ്ങളോട് ഏറെ സമാനത പുലർത്തുന്നവയായിരുന്നു. |

| | |
|---|---|
| **ഫ്യൂഡൽ രാഷ്ട്രങ്ങൾ** | റോമാസാമ്രാജ്യത്തിന്റെ പതനശേഷം രൂപംകൊണ്ടതാണ് ഫ്യൂഡൽ രാഷ്ട്രങ്ങൾ. ഫ്യൂഡലിസമായിരുന്നു ഈ രാഷ്ട്രങ്ങളുടെ പ്രധാന സവിശേഷത. ഇവിടെ രാജാവ്-പ്രഭുക്കൾ-കർഷകർ എന്നിങ്ങനെ അധികാരശ്രേണി വിഭജിക്കപ്പെട്ടിരുന്നു. രാജാവിന് അധികാരം പരിമിതമായിരുന്നു. ഭരണാധികാരം പ്രഭുക്കൾക്കായിരുന്നു. |
| **ദേശ രാഷ്ട്രങ്ങൾ** | യൂറോപ്പിലാണ് ആധുനിക ദേശരാഷ്ട്രങ്ങൾ പിറവിയെടുത്തത്. നവോഥാന കാലഘട്ടത്തിൽ യുക്തിചിന്ത, ശാസ്ത്രബോധം തുടങ്ങിയവ സാമൂഹ്യഘടനയിൽ മാറ്റങ്ങൾ വരുത്തി. വ്യവസായ വിപ്ലവം, കോളനിവൽക്കരണം, ദേശീയ ബോധം തുടങ്ങിയവയും ദേശരാഷ്ട്രങ്ങളുടെ വളർച്ചയ്ക്ക് കാരണമായി. ക്രമേണ ജനസംഖ്യ, ഭൂപ്രദേശം, ഗവൺമെന്റ്, പരമാധികാരം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി ദേശരാഷ്ട്രങ്ങൾ നിലവിൽ വന്നു. |

### ഫ്യൂഡലിസം (Feudalism)

പ്രഭുക്കന്മാർ തങ്ങളുടെ കൃഷിഭൂമിയിൽ പണിയെടുത്തിരുന്നവരെ അടിമകളെപ്പോലെ ചൂഷണം ചെയ്തിരുന്ന സാമൂഹിക-ഭരണ വ്യവസ്ഥിതിയാണ് ഫ്യൂഡലിസം. 'ഒരു തുണ്ട് ഭൂമി ' എന്നർഥം വരുന്ന 'ഫ്യൂഡ്' എന്ന ജർമ്മൻ പദത്തിൽ നിന്നാണ് ഫ്യൂഡലിസം എന്ന വാക്കുണ്ടായത്. മധ്യകാല യൂറോപ്പിലാണ് ഫ്യൂഡലിസം നിലനിന്നിരുന്നത്.

### നവോഥാനം (Renaissance)

പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകളിൽ ഇറ്റലിയിലും ഇതര യൂറോപ്യൻ രാജ്യങ്ങളിലും കലാ-വൈജ്ഞാനിക രംഗങ്ങളിലുണ്ടായ പുത്തൻ ഉണർവാണ് നവോഥാനം. മതപരമായ ആശയങ്ങളെക്കാൾ മനുഷ്യർക്ക് പ്രാമുഖ്യം കല്പിക്കപ്പെട്ടു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രധാന സവിശേഷത. പെട്രാർക്ക്, ദാന്തെ, ഡാവിഞ്ചി, തുടങ്ങിയവർ വിവിധ മേഖലകളിൽ നവോഥാനത്തെ സ്വാധീനിച്ചവരാണ്.

**രാഷ്ട്രങ്ങളുടെ ഉദ്ഭവവും വളർച്ചയും സംബന്ധിച്ച വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.**

| | |
|---|---|
| രാജാവ്-പ്രഭുക്കൾ-കർഷകർ എന്നിങ്ങനെയുള്ള അധികാര ശ്രേണിയിൽ രാജാവിന് പരിമിതമായ അധികാരം മാത്രം. | ഫ്യൂഡൽ രാഷ്ട്രം |
| യുക്തിചിന്ത, ശാസ്ത്രബോധം, വ്യവസായ വിപ്ലവം, ദേശീയബോധം എന്നിവ ഇത്തരം രാഷ്ട്രങ്ങളുടെ ആവിർഭാവത്തിന് കാരണമായി. | |
| വെങ്കലയുഗ സംസ്കാര കേന്ദ്രങ്ങൾ ഈ ഭരണ സംവിധാനത്തിൽ ഉൾപ്പെടുന്നു. | |
| ഒരേ വർഗത്തിലുള്ള ജനനം, പൊതുതാൽപര്യങ്ങൾ, ഒരേ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവ ഈ വിഭാഗം രാഷ്ട്രത്തിന്റെ പ്രത്യേകതകളാണ്. | |

## രാഷ്ട്രവും ഗവൺമെന്റും: പരസ്പരബന്ധം

രാഷ്ട്രത്തിൽ ഭരണനിർവഹണം നടത്തുന്നത് ഗവൺമെന്റാണെന്ന് നാം തിരിച്ചറിഞ്ഞല്ലോ. അവയുടെ കൂടുതൽ പ്രത്യേകതകൾ പരിശോധിച്ചാലോ.

രാഷ്ട്രവും ഗവൺമെന്റും തമ്മിലുള്ള താരതമ്യത്തിനായി കിരൺ ശേഖരിച്ച വിവരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. തന്നിരിക്കുന്ന പട്ടികയിൽ അവ ഉചിതമായി ക്രമീകരിക്കുക.

- പരമാധികാരമുണ്ട്
- മാറിക്കൊണ്ടിരിക്കുന്നതാണ്
- വിശാലമായ സങ്കല്പനമാണ്
- ഒരു സ്ഥിരസ്ഥാപനമാണ്
- രാഷ്ട്രത്തിന്റെ ഒരു ഘടകമാണ്
- എല്ലാ ജനങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു
- ഭരണാധികാരികളും ഉദ്യോഗസ്ഥരും ഇതിൽ ഉൾപ്പെടുന്നു.
- പരമാധികാരം വിനിയോഗിക്കുന്നത് ഈ ഏജൻസിയിലൂടെയാണ്.

| രാഷ്ട്രം | ഗവൺമെന്റ് |
|---|---|
| | |
| | |
| | |
| | |

ജനങ്ങളും രാഷ്ട്രവും തമ്മിലുള്ള ബന്ധം സജീവമായി നിലനിർത്താൻ സഹായിക്കുന്നത് ഗവൺമെന്റാണ്. ഗവൺമെന്റില്ലാതെ ഒരു രാഷ്ട്രത്തിന് നിലനില്പില്ല. രാഷ്ട്രത്തിന്റെ നിയമങ്ങളും നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നത് ഗവൺമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെയാണ്. അവ ഏതൊക്കെയെന്നു നോക്കാം

## ഗവൺമെന്റിന്റെ ഘടകങ്ങൾ

### നിയമനിർമ്മാണ വിഭാഗം (Legislature)

രാജ്യത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുക, നിലവിലുള്ള നിയമങ്ങളിൽ മാറ്റം വരുത്തുക തുടങ്ങിയവയാണ് നിയമനിർമ്മാണ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. രാഷ്ട്രഭരണത്തെ നിയന്ത്രിക്കുന്നതിൽ നിയമനിർമ്മാണ വിഭാഗത്തിന് കാര്യമായ പങ്കുണ്ട്.

### കാര്യനിർവഹണ വിഭാഗം (Executive)

നിയമനിർമ്മാണസഭ നിർമ്മിക്കുന്ന നിയമങ്ങൾ നടപ്പിലാക്കുകയും ഭരണനിർവഹണം നടത്തുകയും ചെയ്യുന്നത് കാര്യനിർവഹണ വിഭാഗമാണ്. ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതും ഈ വിഭാഗമാണ്.

### നീതിന്യായ വിഭാഗം (Judiciary)

നിയമങ്ങൾ വ്യാഖ്യാനിക്കുന്നതും തർക്കങ്ങളിൽ തീർപ്പ് കല്പിക്കുന്നതും കുറ്റം ചെയ്തവരെ ശിക്ഷിക്കുന്നതും നീതിന്യായ വിഭാഗമാണ്. നിയമനിർമ്മാണ വിഭാഗം നിയമങ്ങൾ നിർമ്മിക്കുമ്പോൾ കാര്യനിർവഹണ വിഭാഗം അത് നടപ്പിലാക്കുന്നു. ഈ പ്രക്രിയകളിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നത് നീതിന്യായ വിഭാഗമാണ്.

ഗവൺമെന്റിന്റെ സുഗമമായ പ്രവർത്തനത്തിന് ഈ മൂന്ന് വിഭാഗങ്ങളും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

താഴെ തന്നിരിക്കുന്ന വാർത്താ തലക്കെട്ടുകൾ പരിശോധിക്കൂ. ഓരോന്നും നിയമ നിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നിവയുടെ അധികാരപരിധി യിൽ ഏതിലാണ് ഉൾപ്പെടുന്നതെന്ന് കണ്ടെത്തൂ.

- കോടതി നടപടിക്രമങ്ങൾ തൽസമയം സംപ്രേഷണം ചെയ്യുമെന്ന് സുപ്രീം കോടതി
- വിദ്യാഭ്യാസ അവകാശ നിയമം കർശനമായി നടപ്പാക്കാനൊരുങ്ങി ഗവൺമെന്റ്
- പരിസ്ഥിതി സംരക്ഷണം: നിയമഭേദഗതി ഉടൻ
- സ്കൂളുകളിൽ ഹരിതചട്ടം കർശനമായി പാലിക്കണം: വിദ്യാഭ്യാസ വകുപ്പ്
- ട്രാഫിക്ക് നിയമ പരിഷ്കരണം: പുരോഗതി അറിയിക്കണമെന്ന് കോടതി
- പുതിയ ഗതാഗത നിയമ പരിഷ്കാരത്തിന് അംഗീകാരം നൽകി പാർലമെന്റ്

**രാഷ്ട്രസങ്കല്പനത്തിന്റെ ഉൽപ്പത്തിയും വികാസവുമാണ് നാം പരിചയപ്പെട്ടത്. പുരാതന ഗോത്ര ഭരണസംവിധാനത്തിൽ തുടങ്ങി ജനാധിപത്യത്തിൽ അധിഷ്ഠിതമായ ആധുനിക ദേശരാഷ്ട്രങ്ങ ളുടെ തലത്തിലേക്ക് നമ്മുടെ രാഷ്ട്രങ്ങൾ മാറിക്കഴിഞ്ഞു. സമത്വം, സ്വാതന്ത്ര്യം, പരമാധികാരം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം കല്പിക്കപ്പെടുന്ന ആധുനിക ദേശരാഷ്ട്രങ്ങൾ മനുഷ്യപുരോഗതി യുടെ അടയാളപ്പെടുത്തൽ കൂടിയാണ്.**

## തുടർപ്രവർത്തനങ്ങൾ

- നിയമനിർമ്മാണസഭ/ കാര്യനിർവഹണ വിഭാഗം/ നീതിന്യായ വിഭാഗം എന്നിവ യുടെ പ്രവർത്തനങ്ങൾ നേരിട്ട് ബോധ്യപ്പെടുന്നതിനായി നിയമസഭ/കളക്ടറേറ്റ്/ കോടതി എന്നിവിടങ്ങളിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കുക.
- രാഷ്ട്രരൂപീകരണത്തിലെ വിവിധ ഘട്ടങ്ങളും വളർച്ചയും ഉൾപ്പെടുത്തി 'ഗോത്ര രാഷ്ട്രങ്ങൾ മുതൽ ദേശരാഷ്ട്രങ്ങൾ വരെ' എന്ന വിഷയത്തിൽ സെമിനാർ സംഘടി പ്പിക്കൂ.

  ഉപവിഷയങ്ങൾ

  - ഗോത്രരാഷ്ട്രങ്ങൾ
  - ഗ്രീക്ക് നഗര രാഷ്ട്രങ്ങൾ
  - ഫ്യൂഡൽ രാഷ്ട്രങ്ങൾ
  - പൗരസ്ത്യ ഭരണസംവിധാനങ്ങൾ
  - റോമൻ സാമ്രാജ്യം
  - ദേശ രാഷ്ട്രങ്ങൾ
- നിയമനിർമ്മാണ വിഭാഗം, കാര്യനിർവഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നി വയെക്കുറിച്ച് കൂടുതലറിയുന്നതിനായി ഇവയിൽ നിന്നുള്ള പ്രതിനിധികളുമായി അഭിമുഖം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സംഘമായി ചോദ്യാവലി തയ്യാ റാക്കി അഭിമുഖം സംഘടിപ്പിക്കൂ.




# 4

# ഗ്ലോബിൽ നിന്ന് ഭൂപടത്തിലേക്ക്...

സൂര്യനിൽനിന്നൊരു ചുടുതീക്കുടമായ്
ശൂന്യാകാശ സരസ്സിൽ
വീണുതണുത്തുകിടന്നു മയങ്ങി-
യുണർന്നവളല്ലോ ഭൂമി.
വായുവിലീറൻ ജീവകണങ്ങളെ
വാരിച്ചൂടിയ ഭൂമി.

അവലംബം - ഭൂമി സനാഥയാണ് **വയലാർ രാമവർമ്മ**



*സൂര്യനിൽ നിന്നടർന്ന ഒരു തീക്കുടം ശൂന്യാകാശമാകുന്ന പൊയ്കയിൽ വീണ് തണുത്ത് മയങ്ങി ഉണർന്നാണ് ഭൂമിയായി രൂപപ്പെട്ടതെന്നും അന്തരീക്ഷത്തിൽ ഈറൻ ജീവകണങ്ങളെ വാരിച്ചൂടി നിൽക്കുകയാണ് ഭൂമി എന്നുമാണ് വയലാർ രാമവർമ്മ പാടിയത്.*

അന്തരീക്ഷം, ജലം, അനുകൂല കാലാവസ്ഥ എന്നിവയാൽ സമ്പന്നമായ നമ്മുടെ ഭൂമി, പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ള ഒരേയൊരു ആകാശഗോളമാണ്.

ഭൂമിയുടെ ആകൃതി, ചലനങ്ങൾ, മറ്റ് സവിശേഷതകൾ എന്നിവ മുൻക്ലാസിൽ നമ്മൾ പരിചയപ്പെട്ടല്ലോ.

ബഹിരാകാശത്തുനിന്നും എടുത്ത ചിത്രങ്ങൾ ഭൂമിയുടെ ശരിയായ ആകൃതി നമുക്ക് കാണിച്ചു തരുന്നുണ്ട്.

ഗോളാകൃതി തന്നെയാണോ ഭൂമിക്കുള്ളത്?

ധ്രുവങ്ങളിൽ അല്പം പരന്നും മധ്യഭാഗം അല്പം തള്ളിയും കാണപ്പെടുന്ന സവിശേഷമായ ആകൃതിയാണ് ഭൂമിക്കുള്ളത്. ഭൂമിയുടെ ഈ ആകൃതി ജിയോയിഡ് എന്ന് അറിയപ്പെടുന്നു.

ഭൂമിയുടെ യഥാർത്ഥ മാതൃകയാണല്ലോ ഗ്ലോബ്. ഭൗമോപരിതല സവിശേഷതകൾ മനസ്സിലാക്കുന്നതിനും സ്ഥാനനിർണ്ണയം നടത്തുന്നതിനും ഗ്ലോബ് ഉപയോഗിക്കുന്നു.

ഗ്ലോബിലെ നെടുകെയും കുറുകെയുമുള്ള രേഖകൾ എന്താണെന്ന് മുൻക്ലാസുകളിൽ പരിചയപ്പെട്ടതാണല്ലോ. ഈ രേഖകളുടെ കൂടുതൽ സവിശേഷതകൾ പരിചയപ്പെടാം.

## അക്ഷാംശരേഖകൾ (Lines of Latitude)

ഭൂകേന്ദ്രം ആധാരമാക്കി ഭൂമധ്യരേഖയുടെ ഇരുവശത്തും ഒരേ കോണീയ അകലത്തിലുള്ള ബിന്ദുക്കളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖകളാണ് അക്ഷാംശ രേഖകൾ. ഭൗമോപരിതലത്തിൽ ഭൂമധ്യരേഖയ്ക്ക് സമാന്തരമായി വരയ്ക്കുന്ന അക്ഷാംശവൃത്തങ്ങളാണിവ.




ചിത്രം 4.1

ചിത്രം 4.1 നിരീക്ഷിച്ച് ഏറ്റവും വലിയ അക്ഷാംശ വൃത്തം (Circle of Latitude) കണ്ടെത്തൂ.

$0^0$ അക്ഷാംശവൃത്തമാണ് ഏറ്റവും വലുപ്പമുള്ളതെന്ന് കണ്ടെത്തിയല്ലോ. ഇതാണ് ഭൂമധ്യരേഖ (Equator).

ഗ്ലോബിൽ ഭൂമധ്യരേഖയുടെ വടക്കുംതെക്കുമായി അക്ഷാംശരേഖകൾ വരച്ചിരിക്കുന്നത് നിരീക്ഷിക്കൂ. എല്ലാ അക്ഷാംശവൃത്തങ്ങൾക്കും ഒരേ വലുപ്പമാണോ?

ഭൂമധ്യരേഖയിൽനിന്ന് ഇരുവശങ്ങളിലേക്ക് പോകുന്തോറും അക്ഷാംശവൃത്തങ്ങളുടെ വലുപ്പം കുറഞ്ഞു വരുന്നതായി കാണാം.

### അക്ഷാംശരേഖകൾ വരച്ചു നോക്കിയാലോ?

അകം പൊള്ളയല്ലാത്ത ഒരു റബ്ബർപന്തിനെ രണ്ട് തുല്യഭാഗങ്ങളായി ഛേദിക്കുക. രണ്ട് പകുതിയിലും കോൺമാപിനി ഉപയോഗിച്ച് ചിത്രത്തിൽ കാണുന്നതുപോലെ $0^0$ മുതൽ $90^0$ വരെ കോണളവുകൾ രേഖപ്പെടുത്തുക. കോണളവുകൾ അടിസ്ഥാനമാക്കി ഛേദിച്ച ഭാഗത്തിന്റെ മധ്യത്തിലേക്ക് ചിത്രത്തിൽ കാണുന്നതുപോലെ രേഖകൾ വരച്ച് യോജിപ്പിക്കൂ. ഇനി ഈ വരകളെ ഉപരിതലത്തിലേക്ക് നീട്ടി വരച്ച് തുല്യ കോണളവുകളെ യോജിപ്പിക്കൂ. തുടർന്ന് മറ്റേ പകുതിയിലും ഇതുപോലെ വരച്ചുചേർക്കുക. രണ്ട് പകുതികളും ചേർത്ത് ഒട്ടിക്കുക. അക്ഷാംശവൃത്തങ്ങൾ വരച്ച പന്ത് ലഭ്യമാകും.



ഭൂമധ്യരേഖയെ അടിസ്ഥാനമാക്കി ഭൂമിയെ രണ്ട് അർധഗോളങ്ങളായി സങ്കല്പിക്കാം. ഭൂമധ്യരേഖയുടെ വടക്കു ഭാഗത്തുള്ള അർധഗോളം ഉത്തരാർധഗോളം (Northern Hemisphere) എന്നും തെക്കുഭാഗത്തുള്ള അർധഗോളം ദക്ഷിണാർധഗോളം (Southern Hemisphere) എന്നും അറിയപ്പെടുന്നു.

ഗ്ലോബ് നിരീക്ഷിച്ച് തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കൂ.



ചിത്രം 4.2

| ഉത്തരാർധഗോളത്തിൽ ഉൾപ്പെട്ട ഭൂഖണ്ഡങ്ങൾ | ദക്ഷിണാർധഗോളത്തിൽ ഉൾപ്പെട്ട ഭൂഖണ്ഡങ്ങൾ | രണ്ട് അർധഗോളങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന ഭൂഖണ്ഡങ്ങൾ |
|---|---|---|
| | | |

ഭൂമധ്യരേഖ ($0^0$ അക്ഷാംശവൃത്തം) യിൽ നിന്നും വടക്കോട്ടും തെക്കോട്ടും പോകുന്തോറും അക്ഷാംശവൃത്തങ്ങളുടെ വലുപ്പം കുറഞ്ഞുവരുന്നതായി കാണുന്നില്ലേ. അക്ഷാംശവൃത്തങ്ങളുടെ വലുപ്പം കുറഞ്ഞുവന്ന് $90^0$ വടക്ക്, $90^0$ തെക്ക് എന്നീ ബിന്ദുക്കളിൽ അവസാനിക്കുന്നതായി കാണാം. $90^0$ വടക്കുള്ള അക്ഷാംശത്തെ ഉത്തരധ്രുവം (North Pole) എന്നും $90^0$ തെക്കുള്ള അക്ഷാംശത്തെ ദക്ഷിണധ്രുവം (South Pole) എന്നും വിളിക്കുന്നു.



ചിത്രം 4.3

ആശയവ്യക്തതയ്ക്കായുള്ള ചിത്രീകരണം

ഭൂമധ്യരേഖയ്ക്ക് വടക്കുള്ള അക്ഷാംശങ്ങൾ ഉത്തര അക്ഷാംശങ്ങൾ എന്നും തെക്കുള്ള അക്ഷാംശങ്ങൾ ദക്ഷിണ അക്ഷാംശങ്ങൾ എന്നും അറിയപ്പെടുന്നു.



ചിത്രം 4.4

ചിത്രത്തിൽ ഉത്തരധ്രുവവും ദക്ഷിണധ്രുവവും നിരീക്ഷിക്കൂ. ധ്രുവങ്ങളെ യോജിപ്പിച്ചുകൊണ്ട് ഭൂമിക്കുള്ളിലൂടെ ഒരു നേർരേഖ സങ്കല്പിച്ചാൽ അതാണ് ഭൂമിയുടെ അച്ചുതണ്ട് (Axis).

ഈ സാങ്കല്പിക അച്ചുതണ്ടിനെ ആധാരമാക്കിയാണ് ഭൂമി ഭ്രമണം ചെയ്യുന്നത്. അച്ചുതണ്ടിന് ഭൂമിയുടെ പരിക്രമണതലത്തിന്റെ ലംബത്തിൽനിന്ന് $23\frac{1}{2}^{\circ}$ ചരിവുണ്ട് ചിത്രം 4.5 ബി നിരീക്ഷിച്ച് അച്ചുതണ്ടിന്റെ ചരിവ് തിരിച്ചറിയൂ.




ചിത്രം 4.5 എ

ആശയവ്യക്തതയ്ക്കായുള്ള ചിത്രീകരണം




ചിത്രം 4.5 ബി

ആശയവ്യക്തതയ്ക്കായുള്ള ചിത്രീകരണം

ചിത്രം 4.5 എ നിരീക്ഷിച്ച് പ്രധാനപ്പെട്ട അക്ഷാംശരേഖകളുടെ പട്ടിക പൂർത്തിയാക്കൂ.

| പ്രധാന അക്ഷാംശരേഖകൾ | ഡിഗ്രി അളവ് |
|---|---|
| ഭൂമധ്യരേഖ | 0° |
| ഉത്തരായണരേഖ | ................................................... |
| ................................................... | 23½° തെക്ക് |
| ആർട്ടിക് വൃത്തം | ................................................... |
| അന്റാർട്ടിക് വൃത്തം | 66½° തെക്ക് |

## രേഖാംശരേഖകൾ (Lines of Longitude)

ഭൂകേന്ദ്രത്തെ ആധാരമാക്കി ഉത്തര-ദക്ഷിണധ്രുവങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഭൗമോപരിതലത്തിലൂടെ വരയ്ക്കുന്ന സാങ്കല്പിക രേഖകളാണ് രേഖാംശരേഖകൾ. ഒരേ വലുപ്പത്തിലുള്ള അർധവൃത്തങ്ങളാണിവ. രേഖാംശരേഖകളെ അടിസ്ഥാനമാക്കിയാണ് ഭൂമിയിൽ സമയം നിർണ്ണയിക്കുന്നത്. പ്രധാന രേഖാംശരേഖകളാണ് 0° രേഖാംശരേഖയും 180° രേഖാംശരേഖയും. 1° ഇടവിട്ട് ഇരു ധ്രുവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് രേഖാംശരേഖകൾ വരയ്ക്കുകയാണെന്ന് സങ്കൽപ്പിക്കൂ. എങ്കിൽ നമുക്ക് 360 രേഖാംശരേഖകൾ വരയ്ക്കാൻ കഴിയും.




അക്ഷാംശരേഖകൾ വരച്ചതുപോലെ ചിത്രങ്ങൾ നിരീക്ഷിച്ച് പന്തിൽ രേഖാംശരേഖകൾ വരച്ച് അളവുകൾ രേഖപ്പെടുത്തൂ.

ചിത്രം 4.6, 4.7 എന്നിവ നിരീക്ഷിക്കൂ. പ്രധാന രേഖാംശരേഖകൾ പ്രത്യേകമായി അടയാളപ്പെടുത്തിയിരിക്കുന്നത് കണ്ടില്ലേ. ഗ്ലോബ് നിരീക്ഷിച്ച് ഈ രേഖകളെ തിരിച്ചറിയൂ. ഇവയുടെ പ്രത്യേകതകൾ എന്താണ്?

### പ്രധാന രേഖാംശരേഖകൾ




ചിത്രം 4.6




ചിത്രം 4.7

ചിത്രം 4.6, 4.7ആശയവ്യക്തതയ്ക്കായുള്ള ചിത്രീകരണം

0° രേഖാംശരേഖയെ പ്രൈം മെറിഡിയൻ (Prime Meridian) എന്നാണ് വിളിക്കുന്നത്. ലണ്ടന് സമീപമുള്ള ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി ഈ രേഖ കടന്നുപോകുന്നതുകൊണ്ട് 'ഗ്രീനിച്ച് രേഖ' എന്നും ഇത് അറിയപ്പെടുന്നു. 0° രേഖാംശരേഖയുടെ നേരെ എതിർവശത്തുള്ള രേഖയാണ് 180° രേഖാംശരേഖ. ഇതിനെ ആധാരമാക്കിയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ (International Date Line) വരച്ചിരിക്കുന്നത്. അന്താരാഷ്ട്ര ദിനാങ്കരേഖ ഒരു നേർരേഖയല്ല. കാരണം അന്വേഷിച്ചറിയൂ.

പ്രൈം മെറിഡിയനെ ആധാരമാക്കി ഭൂമിയെ കിഴക്കേ അർധഗോളമെന്നും (Eastern Hemisphere) പടിഞ്ഞാറേ അർധഗോളമെന്നും (Western Hemisphere) രണ്ടായി തിരിക്കാം. ഗ്രീനിച്ച് രേഖയ്ക്ക് കിഴക്കുള്ള രേഖാംശങ്ങളെ കിഴക്കൻ രേഖാംശങ്ങൾ എന്നും പടിഞ്ഞാറുള്ളവയെ പടിഞ്ഞാറൻ രേഖാംശങ്ങൾ എന്നും വിളിക്കുന്നു.




ചിത്രം 4.8



ചിത്രം 4.8 നിരീക്ഷിക്കൂ. പടിഞ്ഞാറേ അർധഗോളവും കിഴക്കേ അർധഗോളവും തിരിച്ചറിയൂ. ചുവടെ നൽകിയിരിക്കുന്ന രാജ്യങ്ങൾ ഏതൊക്കെ അർധഗോളത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് ഗ്ലോബിന്റെ സഹായത്തോടെ കണ്ടെത്തി രാജ്യങ്ങളുടെ നേരെ രേഖപ്പെടുത്തൂ.

- ഇന്ത്യ ..........................................................
- അമേരിക്കൻ ഐക്യനാടുകൾ ..........................................................
- ബ്രസീൽ ..........................................................
- ഇന്തോനേഷ്യ ..........................................................

അക്ഷാംശ-രേഖാംശ രേഖകൾ പരിചയപ്പെട്ടല്ലോ. അക്ഷാംശ-രേഖാംശ രേഖകളെ അടിസ്ഥാനമാക്കിയാണ് ഭൂമിയിൽ ഒരു സ്ഥലത്തിന്റെയോ പ്രദേശത്തിന്റെയോ വസ്തുവിന്റെയോ കൃത്യമായ സ്ഥാനം നിർണ്ണയിക്കുന്നത്.

അക്ഷാംശ-രേഖാംശ രേഖകളെ ചിത്രീകരിച്ചിരിക്കുന്നത് നോക്കൂ (ചിത്രം 4.9). അക്ഷാംശ-രേഖാംശ രേഖകളുടെ ജാലികയാണിത്. ഇതിനെ ഗ്രാറ്റിക്കൂൾ (Graticule) എന്ന് വിളിക്കുന്നു. ഭൂപടങ്ങളിലും അറ്റ്ലസുകളിലും അക്ഷാംശ-രേഖാംശ രേഖകളുടെ ജാലിക കാണാൻ കഴിയും.



ചിത്രം 4.9

ചിത്രം നിരീക്ഷിക്കൂ. ഇന്ത്യയുടെ സ്ഥാനം ഏതൊക്കെ അക്ഷാംശ-രേഖാംശങ്ങൾക്കിടയിലാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തൂ.



Map not to scale

| ഇന്ത്യയുടെ സ്ഥാനം | | |
|---|---|---|
| അക്ഷാംശം | ................................. മുതൽ | ................................. വരെ |
| രേഖാംശം | ................................. മുതൽ | ................................. വരെ |

## ഭൂപ്രക്ഷേപങ്ങൾ (Map Projections)

ഭൂമിയുടെ ഉപരിതല സവിശേഷതകളുടെ സൂക്ഷ്മമായ പഠനത്തിന് ഗ്ലോബ് മാത്രം മതിയാകുമോ?

ഇന്ത്യയുടെ സ്ഥാനം ഭൂമിയിലെവിടെയാണെന്ന് കൃത്യമായി നിർണ്ണയിക്കാൻ അക്ഷാംശ-രേഖാംശ രേഖകളുടെ ജാലികയാണ് നമ്മെ സഹായിച്ചത്. ഭൂപടനിർമ്മാണത്തിനുള്ള ചട്ടക്കൂട് ഈ അക്ഷാംശ-രേഖാംശങ്ങളുടെ ജാലികയാണ്.

ഭൗമോപരിതല സവിശേഷതകളെ ചിത്രീകരിച്ചിട്ടുള്ള ഒരു പരന്ന പ്രതലമാണ് ഭൂപടം എന്ന് നിങ്ങൾക്കറിയാം.

ഭൂമിയുടെ ഉപരിതലം വക്രമാണെങ്കിലും ഭൂപടം നിർമ്മിക്കേണ്ടത് പരന്ന പ്രതലത്തിലാണ്. ഉരുണ്ട പ്രതലത്തിലെ സവിശേഷതകളെ പരന്ന പ്രതലത്തിലേക്ക് മാറ്റി വരയ്ക്കുന്നത് ഭൂപട നിർമ്മാണത്തിലെ പ്രധാന വെല്ലുവിളിയാണ്. ഒരു ഗ്ലോബിനെ പരത്തി നമുക്ക് എങ്ങനെ ഭൂപടം നിർമ്മിക്കാൻ കഴിയും. ചിത്രത്തിൽ കാണുന്നതുപോലെ ഒന്ന് പരത്തിനോക്കിയാലോ.


ചിത്രം 4.10

ഗ്ലോബിനെ പരന്ന പ്രതലമാക്കി മാറ്റിയപ്പോൾ ധ്രുവപ്രദേശങ്ങളും ചില വൻകരകളും മുറിഞ്ഞു പോയതായി കാണുന്നില്ലേ. ഇത്തരത്തിൽ ഗ്ലോബിനെ പരത്തി ഭൂപടം നിർമ്മിച്ചാൽ വികലമായ ഭൂപടമാകും കിട്ടുക. ഗ്ലോബിനെ ഒരു ട്രേസിങ് പേപ്പർ ഉപയോഗിച്ച് പൊതിഞ്ഞശേഷം ഭൂഖണ്ഡങ്ങൾ വരയ്ക്കാൻ ശ്രമിക്കൂ. മടക്കുകളും ചുളിവുകളും കാരണം അപാകതകൾ നിറഞ്ഞ ഭൂപടമല്ലേ നമുക്ക് ലഭിക്കുക. ഗോളാകൃതിയിലുള്ള ഗ്ലോബിന്റെ ഉപരിതല സവിശേഷതകളെ ഇത്തരത്തിലുള്ള അപാകതകൾ ഇല്ലാതെ പരന്ന പ്രതലത്തിലേക്ക് എങ്ങനെ പകർത്തി ഒരു ഭൂപടം നിർമ്മിക്കാം. ഇതിനായി ഭൂപ്രക്ഷേപങ്ങൾ എന്ന സങ്കേതം ഉപയോഗിക്കുന്നു.

അക്ഷാംശ-രേഖാംശ രേഖകളുടെ ജാലികയെ (Graticule) ഏതെങ്കിലും പരന്ന പ്രതലത്തിലേക്ക് ശാസ്ത്രീയമായി പകർത്തുന്ന രീതിയാണ് ഭൂപ്രക്ഷേപങ്ങൾ. സുതാര്യമായ ഗ്ലോബിനുള്ളിൽ ഒരു പ്രകാശസ്രോതസ്സ് സജ്ജീകരിച്ച് അക്ഷാംശ-രേഖാംശ രേഖകളും ഭൂതലസവിശേഷതകളും പരന്ന പ്രതലത്തിലേക്ക് മാറ്റി വരയ്ക്കുകയാണ് പരമ്പരാഗത രീതി.

ഇവ എങ്ങനെയാണ് വരയ്ക്കുന്നതെന്ന് നോക്കിയാലോ. ഒരു സ്ഫടികജാർ വായ്ഭാഗം അടിയിൽ വരുന്ന രീതിയിൽ വയ്ക്കുക. ജാറിന്റെ ഉപരിതലത്തിൽ ചിത്രത്തിൽ കാണുന്നതുപോലെ മാർക്കർ പെൻ ഉപയോഗിച്ച് അക്ഷാംശരേഖകളും രേഖാംശരേഖകളും വരച്ചുനോക്കൂ.

ഈ സ്ഫടികജാറിന് മുകളിലായി ഒരു പരന്ന പ്രതലം വയ്ക്കുക. ജാറിനുള്ളിൽ ഒരു പ്രകാശസ്രോതസ്സ് വയ്ക്കുക. എന്താണ് കാണുന്നത്?



ചിത്രം 4.11

ജാറിന് മുകളിൽ വരച്ചിട്ടുള്ള അക്ഷാംശ-രേഖാംശ രേഖകളുടെ നിഴൽ പരന്ന പ്രതലത്തിലേക്ക് പതിയുന്നത് കാണാം. ഈ ജാലികയെ പരന്ന പ്രതലത്തിൽ വരച്ചെടുക്കൂ. വരച്ചെടുത്ത അക്ഷാംശ-രേഖാംശ രേഖകളുടെ ഡിഗ്രി അളവുകൾ രേഖപ്പെടുത്തിയതിനുശേഷം അവയെ അടിസ്ഥാനമാക്കി ഭൂഖണ്ഡങ്ങളോ രാജ്യങ്ങളോ വരച്ചു ചേർത്ത് ഭൂപടം നിർമ്മിക്കാവുന്നതാണ്. ഈ രീതിയിൽ ഭൂമിയിലെ ഏതുപ്രദേശത്തിന്റെയും അക്ഷാംശ-രേഖാംശ രേഖകളുടെ ജാലിക പകർത്തി ആ പ്രദേശത്തിന്റെ ഭൂപടം നിർമ്മിക്കാൻ കഴിയും. വ്യത്യസ്ത ആകൃതിയിലുള്ള പ്രതലങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് ഇത് സാധ്യമാക്കുന്നത്. പ്രതലം, പ്രകാശസ്രോതസ്സ് എന്നിവയുടെ സ്ഥാനം മാറ്റി വിവിധങ്ങളായ ഭൂപ്രക്ഷേപങ്ങൾ തയ്യാറാക്കാൻ കഴിയും. പ്രതലത്തിന്റെ ആകൃതിയുടെ അടിസ്ഥാനത്തിൽ ഭൂപ്രക്ഷേപങ്ങളെ മൂന്നായി തിരിക്കാം. അവയെ പരിചയപ്പെട്ടാലോ.



ചിത്രം 4.12

## സിലിൻഡ്രിക്കൽ പ്രക്ഷേപം (Cylindrical Projection)

ചിത്രം 4.13 നിരീക്ഷിക്കൂ.

സുതാര്യമായ ഗ്ലോബിൽ ഒരു പ്രകാശസ്രോതസ്സ് സജ്ജീകരിച്ചിരിക്കുന്നു. അതിനെ ആവരണം ചെയ്ത് സിലിൻഡർ ആകൃതിയിലുള്ള പ്രതലം വച്ചിരിക്കുന്നു. ഗ്ലോബിനെ വലയം ചെയ്തിരിക്കുന്ന സിലിൻഡർ ആകൃതിയിലുള്ള പ്രതലത്തിലേക്ക് അക്ഷാംശ-രേഖാംശങ്ങളുടെ ജാലിക പകർത്തുന്നു. ഇതാണ് സിലിൻഡ്രിക്കൽ പ്രക്ഷേപം. ഭൂമധ്യരേഖാപ്രദേശങ്ങളുടെ കൃത്യതയാർന്ന ഭൂപടചിത്രീകരണത്തിനായി ഈ ഭൂപ്രക്ഷേപം പ്രയോജനപ്പെടുത്താവുന്നതാണ്.



സിലിൻഡർ ആകൃതിയിലുള്ള പ്രതലത്തിൽ ഭൂതല സവിശേഷതകൾ പകർത്തി നിർമ്മിച്ചാൽ ലഭിക്കുന്ന ഭൂപടം.

ചിത്രം 4.13

ചിത്രം 4.13, 4.14 ആശയവ്യക്തതയ്ക്കായുള്ള ചിത്രീകരണം. തോത് അടിസ്ഥാനമാക്കിയല്ല

## ശീർഷതല പ്രക്ഷേപം (Zenithal Projection)

ചിത്രം 4.14 നിരീക്ഷിച്ച് ഏത് പ്രദേശത്തെ അക്ഷാംശ-രേഖാംശ രേഖകളുടെ ജാലിക പകർത്തുന്നതിനായിട്ടാണ് ശീർഷതലപ്രക്ഷേപം ഉപയോഗിക്കുന്നത് എന്ന് കണ്ടെത്തൂ.

സുതാര്യമായ ഒരു ഗ്ലോബിന്റെ മധ്യഭാഗത്ത് പ്രകാശസ്രോതസ്സും മുകൾഭാഗത്ത് പരന്ന പ്രതലവും വയ്ക്കുന്നു. പ്രകാശ സ്രോതസ്സ് തെളിക്കുമ്പോൾ മുകളിൽ വച്ചിട്ടുള്ള പ്രതലത്തിൽ ആ പ്രദേശത്തെ അക്ഷാംശ-രേഖാംശ രേഖകളുടെ ജാലിക തെളിയുന്നു. ഇത്തരത്തിൽ ശീർഷതല പ്രക്ഷേപം ഉപയോഗിച്ച് അക്ഷാംശ-രേഖാംശങ്ങളുടെ ജാലിക ഒരു പരന്ന പ്രതലത്തിൽ തയ്യാറാക്കുന്നു.

പരന്ന പ്രതലത്തിൽ ധ്രുവപ്രദേശങ്ങളുടെ ഭൂതലസവിശേഷതകൾ പകർത്തി നിർമ്മിച്ചാൽ ലഭിക്കുന്ന ഭൂപടം



ചിത്രം 4.14

## കോണിക്കൽ പ്രക്ഷേപം (Conical Projection)



ആശയവ്യക്തതയ്ക്കായുള്ള ചിത്രീകരണം. തോത് അടിസ്ഥാനമാക്കിയല്ല.

ചിത്രം 4.15

കോൺ ആകൃതിയിലുള്ള പ്രതലത്തിൽ അക്ഷാംശ-രേഖാംശ രേഖകളുടെ ജാലിക പകർത്തി നിർമ്മിച്ചാൽ ലഭിക്കുന്ന ഭൂപടം.

കോൺ ആകൃതിയിലുള്ള പ്രതലത്തിൽ അക്ഷാംശ-രേഖാംശ രേഖകളുടെ ജാലികയെ പകർത്തി തയ്യാറാക്കുന്ന പ്രക്ഷേപ രീതിയാണ് കോണിക്കൽ പ്രക്ഷേപം. അക്ഷാംശ-രേഖാംശ രേഖകളുടെ നിഴലുകൾ കോൺ ആകൃതിയിലുള്ള പ്രതലത്തിൽ വരച്ച് ഭൂപടം നിർമ്മിക്കുന്നു. മധ്യഅക്ഷാംശരേഖാ പ്രദേശങ്ങളുടെ ഭൂപടനിർമ്മാണത്തിന് ഈ ഭൂപ്രക്ഷേപം കൂടുതലായി ഉപയോഗിക്കുന്നു.

ഭൂപ്രക്ഷേപങ്ങളുടെ സവിശേഷതകൾ ഉൾപ്പെടുത്തിയ ആശയപടം പൂർത്തിയാക്കൂ.






മൂന്നുതരം ഭൂപ്രക്ഷേപങ്ങൾ പരിചയപ്പെട്ടല്ലോ.

ഭൂമിയുടെ ഉപരിതല സവിശേഷതകളെ പരന്ന പ്രതലത്തിലേക്ക് മാറ്റുന്നതിന് ഭൂപ്രക്ഷേപങ്ങളെ കൂടാതെ ഗണിതശാസ്ത്ര സങ്കേതവും ഉപയോഗിക്കുന്നുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ സൂക്ഷ്മതയും കൃത്യതയും നിലനിർത്തി ഇന്ന് ഭൂപടങ്ങൾ നിർമ്മിച്ചുവരുന്നു.



നഗരസഭയിൽ ജി.ഐ.എസ് മാപ്പിങ് പദ്ധതിക്ക് തുടക്കം

വിവരശേഖരണത്തിന് കൂടുതൽ കൃത്യതയും വേഗതയും ശാസ്ത്രീയതയും നൽകുക എന്ന ലക്ഷ്യത്തോടെ ഭൂവിവരവ്യവസ്ഥ (GIS) ഉപയോഗപ്പെടുത്തി നഗരസഭയുടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ പദ്ധതിയ്ക്ക് തുടക്കമായി.

വാർത്ത നിരീക്ഷിച്ചല്ലോ.

എന്താണ് ഭൂവിവരവ്യവസ്ഥ (Geographic Information System) എന്ന് ചിന്തിച്ചിട്ടുണ്ടോ? ഭൂമിശാസ്ത്ര വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും സൂക്ഷിച്ചുവയ്ക്കുകയും അവശ്യസന്ദർഭങ്ങളിൽ ഭൂപടങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ മുതലായ രൂപങ്ങളായി ദൃശ്യവൽക്കരിച്ച് പ്രയോജനപ്പെടുത്തുന്ന സംവിധാനമാണ് ഭൂവിവര വ്യവസ്ഥ. ഭൂപടങ്ങളും അടിസ്ഥാന വിവരസ്രോതസ്സുകളായി ഭൂവിവരവ്യവസ്ഥയിൽ ഉൾപ്പെടുത്താറുണ്ട്. ഭൂപടങ്ങളെ കമ്പ്യൂട്ടറിന്റെ സഹായത്താൽ ഡിജിറ്റൽ രൂപത്തിലാക്കി അക്ഷാംശ-രേഖാംശസ്ഥാനം നിർണ്ണയിക്കുന്നു. ഈ ഡിജിറ്റൽ ഭൂപടത്തെ അടിസ്ഥാന ഭൂപടമാക്കിക്കൊണ്ട് അതിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു. ഭൂപടനിർമ്മാണം, വിഭവ പരിപാലനം, പ്രകൃതിദുരന്ത നിവാരണം, ടൂറിസം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ മേഖലകളിൽ ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താം.

നിത്യജീവിതത്തിൽ ഭൂവിവരവ്യവസ്ഥ (GIS) ഉപയോഗപ്പെടുത്തുന്ന വിവിധ സന്ദർഭങ്ങൾ പട്ടികപ്പെടുത്തൂ.

പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളുടെയും കൃത്യമായ സ്ഥാനം, ദിശ, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം എന്നിവ തിരിച്ചറിയുന്നതിന് ഭൂതല വിശകലനവും ഭൂപടവായനയും അനിവാര്യമാണ്. ഭൗമോപരിതലത്തിലെ ജലസ്രോതസ്സുകൾ, വനങ്ങൾ, കൃഷിസ്ഥലങ്ങൾ, തരിശുഭൂമികൾ, ഗ്രാമങ്ങൾ, പട്ടണങ്ങൾ, ഗതാഗത വാർത്താവിനിമയ മാർഗങ്ങൾ മുതലായവ ചിത്രീകരിച്ചിട്ടുള്ള വ്യത്യസ്ത ഭൂപടങ്ങൾ ആധുനികകാലത്ത് ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഗോളാകൃതിയിലുള്ള ഭൂമിയുടെ ഉപരിതലസവിശേഷതകൾ പരന്ന പ്രതലത്തിലേക്ക് പകർത്തുമ്പോൾ വരുന്ന മാറ്റങ്ങളും തിരിച്ചറിഞ്ഞല്ലോ. നിത്യജീവിതത്തിൽ ഭൂപടങ്ങൾ ഉപയോഗപ്പെടുത്തുന്ന അവസരങ്ങളിൽ ശരിയായ ഭൂപടവായന അനിവാര്യമാണ്.

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയുടെ അക്ഷാംശ-രേഖാംശ സ്ഥാനം കണ്ടെത്തിയതുപോലെ തന്നിട്ടുള്ള രാജ്യങ്ങളുടെ അക്ഷാംശ-രേഖാംശ സ്ഥാനം ഗ്ലോബ്, അറ്റ്ലസ്, ലോകഭൂപടം എന്നിവയുടെ സഹായത്തോടെ കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| രാജ്യം | | അക്ഷാംശ സ്ഥാനം | രേഖാംശ സ്ഥാനം |
|---|---|---|---|
| 1 | ജപ്പാൻ | .......... മുതൽ .......... വരെ | .......... മുതൽ .......... വരെ |
| 2 | ശ്രീലങ്ക | .......... മുതൽ .......... വരെ | .......... മുതൽ .......... വരെ |
| 3 | ആസ്ട്രേലിയ | .......... മുതൽ .......... വരെ | .......... മുതൽ .......... വരെ |

- ഗ്ലോബ്, അറ്റ്ലസ്, ലോകഭൂപടം എന്നിവയുടെ സഹായത്തോടെ തന്നിരിക്കുന്ന ലോകരാജ്യങ്ങൾ ഏത് അർധഗോളത്തിൽ ഉൾപ്പെടുന്നുവെന്ന് പട്ടികയിൽ രേഖപ്പെടുത്തൂ.

ബ്രസീൽ | നോർവെ | കാനഡ
ഇന്തോനേഷ്യ | ദക്ഷിണ ആഫ്രിക്ക | കെനിയ
സൗദി അറേബ്യ | അർജന്റീന | അംഗോള

| ഉത്തരാർധഗോളത്തിൽ മാത്രം ഉൾപ്പെടുന്ന രാജ്യങ്ങൾ | ദക്ഷിണാർധഗോളത്തിൽ മാത്രം ഉൾപ്പെടുന്ന രാജ്യങ്ങൾ | രണ്ട് അർധഗോളങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന രാജ്യങ്ങൾ |
|---|---|---|
| | | |
| | | |
| | | |

- ചുവടെ നൽകിയിട്ടുള്ള വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| | |
|---|---|
| ഏറ്റവു വലിയ അക്ഷാംശവൃത്തം | ഭൂമധ്യരേഖ |
| ഭൂമധ്യരേഖയുടെ വടക്കുഭാഗത്തുള്ള അർധഗോളം | ............................................ |
| ................................................................ | ദക്ഷിണാർധഗോളം |
| ഭൂകേന്ദ്രത്തെ ആധാരമാക്കി ഉത്തര-ദക്ഷിണ ധ്രുവങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖകൾ | ............................................ |
| $0^0$ രേഖാംശരേഖ | ............................................ |
| ................................................................ | അന്താരാഷ്ട്രദിനാങ്കരേഖ |



# 5

# സംസ്കാരവും സാംസ്കാരിക വൈവിധ്യങ്ങളും

ഇന്ത്യ പല നിറങ്ങളും ഭാഷകളും പാരമ്പര്യങ്ങളുമുള്ള രാജ്യമാണ്. വടക്ക് മഞ്ഞുമൂടിയ ഹിമാലയം മുതൽ തെക്ക് കടലോരങ്ങൾ വരെ, ഓരോ പ്രദേശത്തിനും തനതായ സംസ്കാരമുണ്ട്. എണ്ണമറ്റ ഉത്സവങ്ങളുടെയും സംഗീതത്തിന്റെയും നാടാണ് നമ്മുടേത്. വ്യത്യസ്തങ്ങളായ നൃത്തരൂപങ്ങൾ ഓരോന്നും നമ്മുടെ ജനങ്ങളുടെ വ്യത്യസ്തമായ കഥകൾ പറയുന്നു. എന്നിരുന്നാലും ഈ വൈവിധ്യങ്ങൾക്കിടയിൽ, മഹദ്വ്യക്തികളായ ചിന്തകരുടെയും യോദ്ധാക്കളുടെയും ജീവിതകഥകളാൽ സമ്പന്നവും ശക്തവുമായ, ഐക്യബോധം നാം പങ്കിടുന്നുണ്ട്. ഭിന്നതകളെ ഉൾക്കൊള്ളാനും വൈവിധ്യത്തിൽ ഐക്യം കണ്ടെത്താനുമുള്ള കഴിവിലാണ് ഇന്ത്യയുടെ ശക്തി കുടികൊള്ളുന്നത്.



അവലംബം - 'ഇന്ത്യയെ കണ്ടെത്തൽ' (1946) -ജവഹർലാൽ നെഹ്റു

ഇന്ത്യയുടെ വൈവിധ്യത്തെക്കുറിച്ച് നമ്മുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ കുറിച്ച വാക്കുകളാണിവ.

എന്തൊക്കെ വൈവിധ്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്?

- ഭാഷ
- 
- 
- 
- 
- 

മിലേ സുർ മേരാ തുമാരാ, തോ സുർ ബനേ ഹമാരാ

സുർ കീ നദിയാം ഹർ ദിശാ സേ, ബഹ്തേ സാഗർ മേം മിലേം ...

*    *    *    *    *

എന്റെ സ്വരവും നിങ്ങളുടെ സ്വരവും, ഒത്തുചേർന്നു നമ്മുടെ സ്വരമായ്

*    *    *    *    *

ഇന്ത്യയുടെ ദേശീയ ഐക്യം ശക്തിപ്പെടുത്തുന്നതിനായി 1988ൽ രചിക്കപ്പെട്ട 'മിലേ സുർ മേരാ' എന്ന് തുടങ്ങുന്ന ഗാനത്തിന്റെ ഏതാനും വരികളാണിവ. 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം പ്രതിഫലിപ്പിക്കുന്ന, വിവിധ ഭാഷകളിലെ വരികൾ കോർത്തിണക്കി തയ്യാറാക്കിയ താണ് ഈ ഗാനം. വ്യത്യസ്ത നദികൾ ഒരൊറ്റ സമുദ്രത്തിൽ ലയിക്കുന്നതുപോലെ വ്യത്യസ്ത മനുഷ്യരും സംസ്കാരങ്ങളും ആശയങ്ങളും കൂടിച്ചേരുമ്പോൾ മനോഹരമായ ഒരുമയുണ്ടാകുന്നു എന്നതാണ് ഈ ഗാനത്തിന്റെ സന്ദേശം. ഈ ഐക്യം വ്യക്തിതലത്തിൽ മാത്രമല്ല, സാമൂഹിക തലത്തിലും പ്രധാനമാണ്.

ദേശീയ ഐക്യം പ്രതിഫലിപ്പിക്കുന്ന മലയാളത്തിലെ കവിതകളോ ഗാനങ്ങളോ കണ്ടെത്തി ക്ലാസിൽ സംഘമായി ആലപിക്കൂ.




കേരളപ്പിറവിയോട് അനുബന്ധിച്ച് തയ്യാറാക്കിയ ബ്രോഷർ നിരീക്ഷിക്കൂ. നമുക്കും ഇതുപോലെ ഒരു ബ്രോഷർ തയ്യാറാക്കിയാലോ.

വിവിധ ഗ്രൂപ്പുകളായി തിരിയുക. സാമൂഹ്യശാസ്ത്ര ലാബിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇന്ത്യയിലെ ഒരു സംസ്ഥാനത്തെയോ കേന്ദ്രഭരണ പ്രദേശത്തെയോ സംബന്ധിക്കുന്ന ഡിജിറ്റൽ ബ്രോഷർ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ. ഭാഷ, വേഷം, കല, ആഘോഷങ്ങൾ, വിനോദം, ഭക്ഷണം മുതലായ വിവരങ്ങൾ ഉൾപ്പെടുത്തുമല്ലോ.

രാജസ്ഥാനിൽ നിന്ന്  തൊഴിലിനായി കേരളത്തിൽ വന്ന് സ്ഥിരതാമസമാക്കിയ ഒരു കുടുംബത്തിലെ അംഗമാണ് റിഥി. ചോലവനം ഗവൺമെന്റ് യു.പി.സ്കൂളിലെ വിദ്യാർഥിയായ റിഥി തന്റെ കൂട്ടുകാർക്കായി പങ്കുവെച്ച സന്ദേശം വായിക്കൂ.




ഓണത്തോട് സാമ്യമുള്ള എന്തെല്ലാം സവിശേഷതകളാണ് രാജസ്ഥാനിലെ 'തീജ്' ആഘോഷത്തിനുള്ളത്?

- 
- 

കേരളത്തിൽ നിന്ന് വ്യത്യസ്തമായ എന്തെല്ലാം സവിശേഷതകളാണ് രാജസ്ഥാനിൽ കാണാൻ കഴിയുന്നത്?

- 
- 
- 

രാജസ്ഥാനിലെയും കേരളത്തിലെയും ഭക്ഷണം, വസ്ത്രം, ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവയിലെ ചില സാമ്യങ്ങളും വ്യത്യാസങ്ങളും നാം പരിചയപ്പെട്ടല്ലോ. ഓരോ നാടിനും ഇത്തരത്തിൽ ധാരാളം സവിശേഷതകൾ കാണാൻ കഴിയും.

നിങ്ങളുടെ പ്രദേശത്തെ പ്രധാന ആഘോഷങ്ങൾ, ഭാഷ, വേഷം, ഭക്ഷണം, കലാ-കായിക വിനോദങ്ങൾ, സ്മാരകങ്ങൾ മുതലായവയെ സംബന്ധിച്ച് മുതിർന്നവരോട് അന്വേഷിച്ചറിഞ്ഞ് ചുവടെ കൊടുത്തിരിക്കുന്ന ആശയപടം പൂർത്തിയാക്കൂ.

എന്റെ നാട്

| ഭക്ഷണം | വേഷം | ഭാഷ | ആഘോഷം | വിനോദം | സ്മാരകം |
|---|---|---|---|---|---|
| • | • | • | • | • | • |
| • | • | • | • | • | • |

പൂർത്തിയാക്കിയ ആശയപടം അടിസ്ഥാനമാക്കി 'എന്റെ നാട്' എന്ന തലക്കെട്ടിൽ വിവരണം തയ്യാറാക്കി സ്കൂൾ വിക്കിയിൽ ചേർക്കൂ.

എന്റെ നാട് എന്ന വിവരണത്തിൽ നാം ഉൾപ്പെടുത്തിയിരിക്കുന്ന സവിശേഷതകൾ നമ്മുടെ നാടിന്റെ സംസ്കാരത്തെ കുറിക്കുന്നു. എന്താണ് സംസ്കാരം?

നമ്മുടെ ഭക്ഷണം, വേഷം, ഭാഷ തുടങ്ങിയവ ചേർന്നാണ് നമ്മുടെ സംസ്കാരം രൂപപ്പെടുന്നത്. നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രീതിയും സംസ്കാരത്തിന്റെ ഭാഗമാണ്. സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ നമുക്ക് പരമ്പരാഗതമായി ലഭിക്കുന്നതാണ് സംസ്കാരം. മനുഷ്യരുടെ എല്ലാ നേട്ടങ്ങളെയും സംസ്കാരം എന്നു പറയാം.


ഇ. ബി. ടൈലർ

ഇ.ബി. ടൈലർ 1871ൽ പ്രസിദ്ധീകരിച്ച 'പ്രിമിറ്റീവ് കൾച്ചർ' എന്ന പുസ്തകത്തിലെ ആദ്യവരികളിൽ സംസ്കാരത്തെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു. 'സമൂഹത്തിലെ ഒരു അംഗമെന്ന നിലയിൽ മനുഷ്യർ ആർജിച്ച വിജ്ഞാനം, വിശ്വാസം, കല, സദാചാരങ്ങൾ, നിയമം, സമ്പ്രദായങ്ങൾ, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയുടെ സങ്കീർണ്ണമായ ആകെത്തുകയാണ് സംസ്കാരം'.

സംസ്കാരമാണ് മനുഷ്യരെ മറ്റ് ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ഓരോ വ്യക്തിയും ഓരോ സാംസ്കാരിക പശ്ചാത്തലത്തിലാണ് ജനിക്കുന്നത്. സാമൂഹീകരണ പ്രക്രിയയിലൂടെയാണ് (Socialisation) ഓരോ വ്യക്തിയും സ്വന്തം സംസ്കാരം ആർജിക്കുന്നത്.

### സാമൂഹീകരണം (Socialisation)

നമ്മൾ ജീവിക്കുന്ന സമൂഹത്തിൽ നാം എങ്ങനെ പെരുമാറണമെന്നും ഇടപെടണമെന്നും പഠിച്ചെടുക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം. ഇത് ജനനം മുതൽ ആരംഭിച്ച് ജീവിതകാലം മുഴുവൻ തുടരുന്നു. കുടുംബം, വിദ്യാഭ്യാസം, കൂട്ടുകാർ, മാധ്യമങ്ങൾ തുടങ്ങിയവയെല്ലാം സാമൂഹീകരണപ്രക്രിയയെ സഹായിക്കുന്ന ഘടകങ്ങളാണ്.

കല, സംഗീതം, സാഹിത്യം, തത്വചിന്ത, മതം, ശാസ്ത്രം എന്നിവയെല്ലാം സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളാണ്. ഇവയെല്ലാം മനുഷ്യനിർമ്മിതമല്ലേ? അതിനാലാണ് സംസ്കാരം മനുഷ്യനിർമ്മിതമാണെന്ന് കരുതുന്നത്. സംസ്കാരത്തിൽ ഭൗതികവും ഭൗതികേതരവുമായ ഘടകങ്ങളുണ്ട്. പ്രത്യക്ഷത്തിൽ കാണാൻ സാധിക്കുന്നതും രൂപമുള്ളതുമായ ഭക്ഷണം, വസ്ത്രം, വീട്ടുപകരണങ്ങൾ മുതലായവ ഭൗതിക സംസ്കാരത്തിന്റെ (Material Culture) ഘടകങ്ങളാണ്. എന്നാൽ പ്രകടമായി കാണാനാവാത്തതോ, രൂപമില്ലാത്തതോ ആയ വിശ്വാസങ്ങൾ, ചിന്തകൾ, ആശയങ്ങൾ മുതലായവ ഭൗതികേതര സംസ്കാരത്തിന്റെ (Non - Material Culture) ഘടകങ്ങളാണ്.

ചുവടെ നൽകിയിരിക്കുന്നവയെ ഭൗതികസംസ്കാരം, ഭൗതികേതരസംസ്കാരം എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തൂ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി കൂട്ടിച്ചേർക്കുമല്ലോ.

മലയാളം, ഷർട്ട്, പുസ്തകം, മതവിശ്വാസങ്ങൾ, പാത്രങ്ങൾ, വീട്, ബാഗ്, സ്നേഹം, വാച്ച്, ഫോൺ, മൺവെട്ടി, ബഹുമാനം, ജ്ഞാനം

| ഭൗതികസംസ്കാരം (Material Culture) | ഭൗതികേതര സംസ്കാരം (Non - Material Culture) |
|---|---|
| | |




ആശയപടം നിരീക്ഷിച്ച് സംസ്കാരം, സംസ്കാരത്തിന്റെ ഘടകങ്ങൾ എന്നിവയെ വിശദീകരിച്ചുകൊണ്ട് കുറിപ്പ് തയ്യാറാക്കൂ.

ലോകത്താകമാനം വൈവിധ്യമാർന്ന സമൂഹങ്ങളും സംസ്കാരങ്ങളും നിലനിൽക്കുന്നുണ്ട്. നമ്മുടെ രാജ്യമായ ഇന്ത്യയുടെ സംസ്കാരവും വൈവിധ്യങ്ങളാൽ സമ്പന്നമാണ്. അനേകം മത-ജാതി-ഗോത്ര വൈവിധ്യങ്ങൾ നിലനിൽക്കുന്ന രാജ്യമാണ് നമ്മുടേത്. ഓരോ വിഭാഗത്തിനും തനതായ പാരമ്പര്യവും സംസ്കാരവുമുണ്ട്. അതുപോലെ വൈവിധ്യമാർന്ന ഭാഷകളും ഇന്ത്യയിൽ നിലനിൽക്കുന്നു.




ചിത്രം 5.1

- നമ്മുടെ കറൻസി നോട്ടിൽ എത്ര ഭാഷകൾ ഉണ്ടെന്ന് കണ്ടെത്തൂ.
- നമ്മുടെ ഭരണഘടനയിൽ ഉൾച്ചേർത്തിരിക്കുന്ന ഭാഷകൾ ഏതൊക്കെയാണെന്ന് അന്വേഷിക്കൂ.

വിവിധ രാജ്യങ്ങളുടെ സാംസ്കാരിക സവിശേഷതകൾ ഉൾപ്പെടുത്തിയ പോസ്റ്റർ തയ്യാറാക്കാം. ഗ്രൂപ്പുകളായി തിരിയുക. വ്യത്യസ്ത രാജ്യങ്ങളുടെ പേരുകൾ എഴുതിയ കാർഡുകളിൽ നിന്നും ഓരോ ഗ്രൂപ്പും ഒരു കാർഡ് വീതം തിരഞ്ഞെടുക്കുക. വായനാസാമഗ്രിയുടെയും ഇന്റർനെറ്റിന്റെയും സഹായത്തോടെ ചുവടെ നൽകിയിരിക്കുന്ന സാംസ്കാരിക സവിശേഷതകളെ അടിസ്ഥാനമാക്കി പോസ്റ്റർ തയ്യാറാക്കി അവതരിപ്പിക്കൂ.

- പരമ്പരാഗത വസ്ത്രധാരണം
- പരമ്പരാഗത ഭക്ഷണം
- വിനോദങ്ങൾ
- ആഘോഷങ്ങൾ
- ഭാഷ
- കണ്ടുപിടിത്തങ്ങൾ

ലോകത്തെല്ലായിടത്തും നിലനിൽക്കുന്ന സംസ്കാരങ്ങൾ വ്യത്യസ്തമാണെന്ന് തിരിച്ചറിഞ്ഞില്ലേ. ഇത്തരത്തിൽ സംസ്കാരത്തിന് നിരവധി സവിശേഷതകളുണ്ട്. അവ ഏതൊക്കെയാണെന്ന് നോക്കാം.

## സംസ്കാരത്തിന്റെ സവിശേഷതകൾ

### 1. സംസ്കാരം പഠിച്ചെടുക്കുന്നതാണ് (Culture is Learnt)



ചിത്രം 5.2

കേരളത്തിലെ പ്രധാന ആഘോഷങ്ങളിലൊന്നാണല്ലോ ഓണം. നിങ്ങൾ വിദ്യാലയത്തിൽ ഓണം ആഘോഷിക്കാറുണ്ടല്ലോ.

ഓണാഘോഷത്തിനായി എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താറുള്ളത്?

- 
- 

ഇത്തരം കാര്യങ്ങളെല്ലാം നിങ്ങൾ പഠിച്ചത് എവിടെ നിന്നാണ്?

- 
- 

സംസ്കാരം ജന്മസിദ്ധമായി ലഭിക്കുന്ന ഒന്നല്ല. കുടുംബം, വിദ്യാലയം, കൂട്ടുകാർ, സമൂഹം എന്നിവയുമായുള്ള ഇടപെടലുകളിലൂടെ നടക്കുന്ന സാമൂഹീകരണ പ്രക്രിയവഴി നാം ആർജിച്ചെടുക്കുന്നതാണ് സംസ്കാരം. മുതിർന്നവരെ ബഹുമാനിക്കുന്നത് എങ്ങനെയെന്ന് നാം കുടുംബത്തിൽ നിന്നാണ് പൊതുവെ പഠിക്കുന്നത്. സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്ന് കുടുംബം, വിദ്യാലയം, കൂട്ടുകാർ, സമൂഹം എന്നിവിടങ്ങളിൽ നിന്നും പഠിക്കുന്നു. സമൂഹത്തെയും വ്യക്തികളെയും രൂപപ്പെടുത്തുന്നതിൽ സംസ്കാരം പ്രധാന പങ്കുവഹിക്കുന്നു. ഒരു വ്യക്തി സ്വന്തം സംസ്കാരത്തെക്കുറിച്ച് പഠിക്കുകയും അത് ശീലിക്കുകയും ചെയ്യുന്നതാണ് സ്വസംസ്കാരമാർജിക്കൽ (Enculturation).

നിങ്ങൾ പഠിച്ചെടുത്ത ചില സംസ്കാരരീതികൾ എന്തൊക്കെയാണ്?

- ദേശീയഗാനം ആലപിക്കുമ്പോൾ എഴുന്നേറ്റുനിൽക്കുന്നത്
- 
- 
- 

### 2. സംസ്കാരം പങ്കുവയ്ക്കുന്നതാണ് (Culture is Shared)

വിദ്യാലയത്തിൽ നിങ്ങൾ കൂട്ടുകാർ ഒന്നിച്ചിരുന്നല്ലേ ഓണസദ്യ കഴിക്കാറുള്ളത്.

ഓണസദ്യയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

- എല്ലാ വിഭാഗം ജനങ്ങളും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നു
- 
- 

ഓണസദ്യ എന്നത് കേവലം ഭക്ഷണം മാത്രമാണോ? സമൂഹത്തിലെ നാനാതുറകളിലുള്ളവർ ഒത്തുചേരുന്ന അനുഭവം കൂടിയല്ലേ. നിലത്തിരുന്ന് വാഴയിലയിൽ വിളമ്പിയ ഭക്ഷണം കഴിക്കുന്നതുപോലുള്ള പൊതുപാരമ്പര്യങ്ങൾ ഓണത്തിന്റെ ഭാഗമാണ്. അത് ഐക്യബോധവും, സാമൂഹികപങ്കാളിത്തവും വളർത്തുന്നു. ഭക്ഷണത്തിലൂടെയും ആഘോഷച്ചടങ്ങുകളിലൂടെയും സംസ്കാരം കൂട്ടായി സ്വീകരിക്കുകയും കൈമാറുകയും ചെയ്യുന്നു. ഇപ്രകാരം സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ സംസ്കാരം പരസ്പരം പങ്കുവയ്ക്കപ്പെടുന്നു.

നിങ്ങളുടെ പ്രദേശത്തുകാണുന്ന ആഘോഷങ്ങളുടെ (കാർണിവൽ, കാർഷിക മേളകൾ, ഫിലിം ഫെസ്റ്റിവൽ, സാഹിത്യോത്സവങ്ങൾ, ഉത്സവങ്ങൾ മുതലായവ) ചിത്രങ്ങൾ ശേഖരിച്ച് സാംസ്കാരിക സവിശേഷതകൾ ഉൾപ്പെടുത്തി ചുമർപത്രിക തയ്യാറാക്കൂ.

### 3. സംസ്കാരം പ്രതീകാത്മകമാണ് (Culture is Symbolic)

നമ്മുടെ ദേശീയതയെ പ്രതിനിധീകരിക്കുന്ന എന്തെല്ലാം പ്രതീകങ്ങൾ നിങ്ങൾക്കറിയാം?

- ദേശീയഗാനം
- 
- 
- 




ചിത്രം 5.3

ചിത്രം നിരീക്ഷിക്കൂ. ഇന്ത്യൻ ദേശീയതയുടെയും സംസ്കാരത്തിന്റെയും ചില പ്രതീകങ്ങളാണിവ. ദേശീയഗാനം, ദേശീയപതാക, ദേശഭക്തിഗാനം എന്നിവ നമ്മളിലുണ്ടാക്കുന്ന വികാരം ദേശീയതയാണ്. ദേശീയത ദേശസ്നേഹത്തെയും ദേശീയ ഐക്യത്തെയും പ്രതിനിധീകരിക്കുന്നു. ഇതുപോലെ ഭാഷ, ആംഗ്യങ്ങൾ (മുതിർന്നവരെയോ അതിഥികളെയോ കാണുമ്പോൾ കൈകൂപ്പുന്നത്), വസ്തുക്കൾ (സ്മാരകങ്ങൾ, മതചിഹ്നങ്ങൾ) തുടങ്ങിയ പ്രതീകങ്ങൾ സംസ്കാരത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. ഈ പ്രതീകങ്ങൾ സംസ്കാരത്തെയും മൂല്യങ്ങളെയും പരിപോഷിപ്പിക്കാൻ സഹായിക്കുന്നു.

നിങ്ങളുടെ പ്രദേശത്ത് സംസ്കാരത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന പ്രതീകങ്ങളും അവയുടെ സവിശേഷതകളും കണ്ടെത്തി ചുമർപത്രിക തയ്യാറാക്കി പ്രദർശിപ്പിക്കൂ.

### 4. സംസ്കാരം ചലനാത്മകമാണ് (Culture is Dynamic)

വിവാഹവാർഷിക ആഘോഷത്തിൽ പങ്കെടുക്കാൻ എത്തിയ കൊച്ചുമക്കളോടും കൂട്ടുകാരോടും മുത്തശ്ശി വിവാഹ ആഘോഷത്തിൽ വന്ന മാറ്റങ്ങൾ പങ്കുവയ്ക്കുന്നത് ശ്രദ്ധിക്കൂ.



എന്റെ ചെറുപ്പകാലത്ത് വിവാഹങ്ങൾ വളരെ ലളിതമായിരുന്നു. ഞങ്ങളുടെ വിവാഹം നടന്നത് വീട്ടുമുറ്റത്തൊരുക്കിയ പന്തലിൽ വച്ചായിരുന്നു. അടുത്ത ബന്ധുക്കളെയും കുടുംബക്കാരെയും മാത്രമെ ക്ഷണിച്ചിരുന്നുള്ളൂ. എന്റെ ബന്ധുക്കൾ ചേർന്നാണ് ഭക്ഷണം പാചകം ചെയ്തത്. വിവാഹച്ചടങ്ങുകൾക്കും ആചാരങ്ങൾക്കുമായിരുന്നു അന്നത്തെക്കാലത്ത് ശ്രദ്ധ കൂടുതലായുണ്ടായിരുന്നത്.

എന്നാൽ എന്റെ കൊച്ചുമകളുടെ വിവാഹം ഒരു ഉത്സവം തന്നെയായിരുന്നു. മനോഹരമായി അലങ്കരിച്ച അതിവിശാലമായ ഓഡിറ്റോറിയം, വേദിയിൽ നിറയെ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരും. ഞങ്ങളുടെ കാലത്ത് വിവാഹത്തിന് ഒരൊറ്റ ദിവസത്തെ ചടങ്ങ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് മഞ്ഞൾ കല്യാണം, മൈലാഞ്ചിയിടൽ തുടങ്ങി വിവാഹത്തിനു മുമ്പ് തന്നെ എന്തെല്ലാം പുതിയ ആഘോഷങ്ങളാണ്. വിവാഹത്തിന്റെ നടത്തിപ്പിനുതന്നെ എന്തെല്ലാം മാറ്റങ്ങൾ. ഇവന്റ് മാനേജ്മെന്റ് സംഘമായിരുന്നു എല്ലാ കാര്യങ്ങൾക്കും നേതൃത്വം കൊടുത്തിരുന്നത്. പാചകത്തിനും ഭക്ഷണം വിളമ്പാനും പ്രത്യേക സംഘം തന്നെ ഉണ്ടായിരുന്നു. എനിക്ക് കേട്ടുകേൾവി പോലുമില്ലാത്ത വിഭവങ്ങൾ സദ്യയിൽ ഉണ്ടായിരുന്നു. ലളിതമായ ചടങ്ങിൽ നിന്നും വിവാഹരീതികൾ എത്രമാത്രം മാറിയിരിക്കുന്നു...




ചിത്രം 5.4

വിവാഹരീതിയിൽ വന്നിട്ടുള്ള ആധുനിക പ്രവണതകൾ സൂചിപ്പിക്കുന്ന ചിത്രങ്ങളാണിവ. വിവാഹചടങ്ങുകളിൽ വന്ന മാറ്റങ്ങളെക്കുറിച്ച് മുത്തശ്ശി സൂചിപ്പിച്ചില്ലേ. എന്തൊക്കെയാണവ?

- വിവാഹ സൽക്കാരത്തിൽ
- 
- 
- 
- 
- 

ബന്ധുക്കൾ, സുഹൃത്തുക്കൾ, നാട്ടുകാർ എന്നിങ്ങനെ എല്ലാവരും പങ്കെടുക്കുന്ന വിവാഹം ഒരു സാമൂഹിക കൂടിച്ചേരലാണ്. ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തോടെ വിവാഹം പോലുള്ള ചടങ്ങുകൾക്ക് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

വിവാഹവുമായി ബന്ധപ്പെട്ട് നടത്തുന്ന ആർഭാടങ്ങളുടെ ഭാഗമായി ധാരാളം പുതിയ തൊഴിൽ മേഖലകൾ വികസിച്ചുവരികയും ഒട്ടേറെപേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്യുന്നുണ്ട്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിവാഹം പോലുള്ള ചടങ്ങുകൾ ആർഭാടമായി നടത്തുന്നതിനുപകരം വളരെ ലളിതമായി നടത്തുന്നതിനോട് നിങ്ങളുടെ അഭിപ്രായം എന്താണ്? ചർച്ച ചെയ്യൂ.

ലളിതമായ ചടങ്ങുകളിൽ നിന്നും അതിസങ്കീർണ്ണവും ചെലവേറിയതുമായ ആഘോഷങ്ങളിലേക്ക് വിവാഹങ്ങൾ മാറിയിരിക്കുന്നു. എന്നിരുന്നാലും വിവാഹത്തിന്റെ ആചാരങ്ങൾ മാറ്റങ്ങളോടുകൂടി പിന്തുടരുന്നത് നിങ്ങൾ ശ്രദ്ധിച്ചില്ലേ. ഇങ്ങനെ സംസ്കാരം ഒരേ സമയം പാരമ്പര്യത്തെയും ആധുനികതയെയും ഉൾക്കൊണ്ടുകൊണ്ട് മാറ്റങ്ങൾക്ക് വിധേയമാകുന്നു.

നവമാധ്യമങ്ങളുടെ വികാസം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ ഭക്ഷണം, വസ്ത്രം എന്നിവയെ സ്വാധീനിക്കുന്നുണ്ടോ? ക്ലാസിൽ ചർച്ചചെയ്ത് കുറിപ്പു തയ്യാറാക്കൂ.

### 4. സംസ്കാരം സാമ്പ്രദായികമാണ് ( Culture is Customary)



**തെയ്യം**

വടക്കൻ കേരളത്തിലെ ഒരു അനുഷ്ഠാനകലാരൂപമാണ് തെയ്യം. വൈവിധ്യപൂർണ്ണമായ ചടങ്ങുകളാണ് തെയ്യത്തിനുള്ളത്. തെയ്യത്തിനുള്ള തീയതി നിശ്ചയിച്ച്, തെയ്യം കെട്ടുന്ന ആളെ കോലം കെട്ടാൻ ഏൽപ്പിക്കുന്ന ആദ്യത്തെ ചടങ്ങാണ് 'അടയാളം കൊടുക്കൽ'. തെയ്യം കെട്ടുന്നയാൾ ഒന്നുമുതൽ ഏഴുദിവസം വരെ വ്രതമെടുക്കാറുണ്ട്. വർഷത്തിലൊരിക്കലാണ് കാവുകളിലും മറ്റും തെയ്യം കെട്ടിയാടുന്നത്. ആധുനികകാലത്തും നിലനിൽക്കുന്ന തെയ്യം അനുഷ്ഠാനങ്ങളുടെ തുടർച്ചയും സാംസ്കാരികപ്പൊലിമയും വിളിച്ചോതുന്ന ഗ്രാമക്കാഴ്ചകളാണ്.

തെയ്യത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട ചില സമ്പ്രദായങ്ങളെക്കുറിച്ച് വായിച്ചില്ലേ. എന്തൊക്കെയാണവ?

- 
- 
- 
- 

തെയ്യം പോലുള്ള നിരവധി അനുഷ്ഠാനകലകൾ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്നു. ഇതുപോലെ നമ്മുടെ സമൂഹത്തിൽ നിരവധി സാമ്പ്രദായി കരീതികൾ നിലനിൽക്കുന്നുണ്ട്. അവ പൂർവികരിൽ നിന്നും പുതുതലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നവയാണ്.

തെയ്യം പോലുള്ള അനുഷ്ഠാന കലകളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയുന്നതിനായി പാരമ്പര്യ കലാകാരരുമായി അഭിമുഖം (ഓൺലൈൻ/ഓഫ്‌ലൈൻ) സംഘടിപ്പിക്കൂ. അഭിമുഖ ചോദ്യാവലി ടീച്ചറുടെ പിന്തുണയോടുകൂടി തയ്യാറാക്കൂ.

താഴെ തന്നിരിക്കുന്ന സൂചകങ്ങൾ സംസ്കാരത്തിന്റെ ഏത് സവിശേഷതയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി ആശയപടം പൂർത്തിയാക്കൂ.

**സൂചകങ്ങൾ**

• പടയണിയുടെ ചടങ്ങുകൾ • ഇവന്റ് മാനേജ്മെന്റ് • അത്തപ്പൂക്കളം • സമാധാനത്തെ സൂചിപ്പിക്കുന്ന വെള്ളനിറം • എല്ലാ വിഭാഗം ജനങ്ങളും ഒത്തുചേർന്ന് ഓണസദ്യ കഴിക്കുന്നത്.



## സാംസ്കാരിക മാറ്റങ്ങൾ

സംസ്കാരം ചലനാത്മകമാണെന്ന് നിങ്ങൾ ശ്രദ്ധിച്ചില്ലേ. എല്ലാ സമൂഹത്തിനും സംസ്കാരമുണ്ട്. സമൂഹത്തിലെ അംഗങ്ങളുടെ വഴികാട്ടിയാണ് സംസ്കാരം. സംസ്കാരത്തിന്റെ ഘടകങ്ങൾ ഓരോ സമയത്തും മാറ്റങ്ങൾക്ക് വിധേയമാകുന്നു. നമ്മുടെ ഭക്ഷണരീതിയിലും വസ്ത്രധാരണത്തിലും കുടുംബബന്ധങ്ങളിലും വിദ്യാഭ്യാസത്തിലും വന്നിട്ടുള്ള മാറ്റങ്ങൾ ഇതിനുദാഹരണമാണ്. ഭൗതിക-ഭൗതികേതര സംസ്കാര ഘടകങ്ങളിൽ കാലാകാലങ്ങളിലുണ്ടാകുന്ന പരിവർത്തനത്തെയാണ് സാംസ്കാരികമാറ്റം എന്നതുകൊണ്ട് അർഥമാക്കുന്നത്.

മറ്റ് സംസ്കാരങ്ങളുമായി സമ്പർക്കത്തിലാകുമ്പോഴാണ് സാംസ്കാരികമാറ്റം മുഖ്യമായും സംഭവിക്കുന്നത്. ഈ മാറ്റങ്ങൾ പ്രധാനമായും മൂന്ന് രീതികളിലാണ് ഉണ്ടാകാറുള്ളത്.

### 1. സാംസ്കാരിക വ്യാപനം (Cultural Diffusion)




ചിത്രം 5.5

വിവിധ ഭക്ഷണവിഭവങ്ങളുടെ മെനുവാണ് ചിത്രത്തിൽ നൽകിയിരിക്കുന്നത്.

ഇതിൽ കേരളത്തിന്റേതല്ലാത്ത വിഭവങ്ങൾ ഏതൊക്കെയാണ്?

കേരളത്തിന്റെ ഭക്ഷണവിഭവങ്ങൾക്കൊപ്പം അന്യദേശങ്ങളിൽനിന്നുള്ള വിഭവങ്ങൾകൂടി നമ്മുടെ ഭക്ഷണരീതിയിൽ കലർന്നതായി കാണാം.

ഒരു സംസ്കാരത്തിന്റെ തനതുസവിശേഷതകൾ മറ്റൊരു സംസ്കാരത്തിലേക്ക് കലരുന്നതാണ് സാംസ്കാരികവ്യാപനം. വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിൽ ഇടപഴകുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്. ഒരു സംസ്കാരത്തിൽ നിന്ന് മറ്റു സംസ്കാരങ്ങളിലേക്കും, തിരിച്ചും ഈ വ്യാപനം സംഭവിക്കാം. കേരളത്തിൽ അതിഥിത്തൊഴിലാളികളുടെ എണ്ണം വർധിച്ചപ്പോൾ അവരുടെ ഭക്ഷണവിഭവങ്ങൾ ഇവിടെയും സുലഭമായി ലഭിക്കാൻ തുടങ്ങി. പാനിപൂരി, പനീർ ടിക്ക, ദാൽ മഖനി പോലുള്ളവ ഉദാഹരണങ്ങളാണ്. വസ്ത്രം, ഭാഷ, ആഘോഷം തുടങ്ങിയവയിലും മാറ്റങ്ങൾ പ്രകടമാണ്. ഇത്തരത്തിൽ വിവിധ സംസ്കാരങ്ങൾ സൗഹൃദപൂർവം ഇടപഴകുമ്പോഴാണ് സാംസ്കാരിക വ്യാപനം സംഭവിക്കുന്നത്.

സാംസ്കാരിക വ്യാപനത്തിന് മറ്റുദാഹരണങ്ങൾ കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്യൂ.

### 2. അന്യസംസ്കാരമാർജിക്കൽ (Acculturation)

റിഥി സ്വന്തം നാട്ടിലെ തീജ് ആഘോഷിച്ചതിനുശേഷം നമ്മോടൊപ്പം ഓണം ആഘോഷിച്ചില്ലേ. സ്വന്തം സംസ്കാരം പഠിച്ചെടുക്കുന്നതോടൊപ്പം മറ്റൊരു സ്ഥലത്തെ സംസ്കാരം കൂടി പഠിച്ചെടുക്കുകയാണ് റിഥി. ഇങ്ങനെ മറ്റൊരു സംസ്കാരം പഠിച്ചെടുക്കുന്നതാണ് അന്യസംസ്കാരമാർജിക്കൽ. മറ്റൊരു സംസ്കാരത്തിന്റെ സ്വാധീനത്താൽ സ്വന്തം സംസ്കാരത്തിൽ ഭാഗികമായ മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. അതേസമയം സ്വന്തം സംസ്കാരത്തിന്റെ പല ഘടകങ്ങളും നിലനിർത്തുകയും ചെയ്യുന്നു.

നിങ്ങൾക്ക് ഇത്തരത്തിലുള്ള അനുഭവം ഉണ്ടായിട്ടുണ്ടോ?

അന്യസംസ്കാരമാർജിക്കലിന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൂ.

### 3. സാംസ്കാരിക സ്വാംശീകരണം (Cultural Assimilation)

കേരളത്തിൽ നിന്നും ആസ്ട്രേലിയയിലേക്ക് അഞ്ചുവർഷം മുമ്പ് കുടിയേറിയവരാണ് വിനുവും കുടുംബവും. അവിടെ സ്ഥിരതാമസമായി നാലുവർഷം കഴിഞ്ഞപ്പോൾ അവർക്ക് ആസ്ട്രേലിയൻ പൗരത്വം ലഭിച്ചു. ആദ്യകാലങ്ങളിൽ അവിടത്തെ കാലാവസ്ഥ, ഭാഷ, സാമൂഹികരീതികൾ, ഭക്ഷണരീതികൾ എന്നിവയോട് പൊരുത്തപ്പെടാൻ അവർക്ക് പ്രയാസമുണ്ടായിരുന്നു. ക്രമേണ അവർ ആസ്ട്രേലിയൻ സാംസ്കാരിക രീതികളുമായി പൊരുത്തപ്പെടുകയും ചെയ്തു.

കേരളത്തിൽ നിന്നും ആസ്ട്രേലിയയിലേക്ക് തൊഴിൽ സംബന്ധമായി എത്തിച്ചേർന്ന വിനുവിന്റെ അനുഭവം വായിച്ചില്ലേ. അവിടത്തെ സംസ്കാരവുമായി ബന്ധപ്പെട്ട എന്തെല്ലാം ഘടകങ്ങളാണ് വിനുവിനും കുടുംബത്തിനും സ്വീകരിക്കേണ്ടിവന്നത്?

- 
- 
- 

ആസ്ട്രേലിയയിൽ ജീവിക്കുന്നതിനായി അവിടത്തെ ഭാഷ, ഭക്ഷണരീതികൾ തുടങ്ങിയവ വിനുവിന് പഠിച്ചെടുക്കേണ്ടതായി വന്നു. അങ്ങനെ കേരളീയനായ വിനു ആസ്ട്രേലിയയുടെ സംസ്കാരത്തിലേക്ക് മാറാൻ നിർബന്ധിതനായി. ഇത്തരത്തിൽ ഒരു ജീവിതരീതിയും സംസ്കാരവും മറ്റൊരു ജീവിതരീതിയിലേക്കും പ്രബല സംസ്കാരത്തിലേക്കും (Dominant Culture) ആഗിരണം ചെയ്യപ്പെടാറുണ്ട്. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തെ ഈ രീതിയിൽ കീഴ്പ്പെടുത്തുമ്പോഴാണ് സാംസ്കാരിക സ്വാംശീകരണം സംഭവിക്കുന്നത്. ഇതിലൂടെ ഒരു സംസ്കാരത്തിന്റെ തനത് പ്രത്യേകതകൾ ക്രമേണ നഷ്ടമാവുകയും മറ്റൊരു സംസ്കാരത്തിന്റെ രീതികൾ അതിന് പകരം വരികയും ചെയ്യുന്നു.

വ്യത്യസ്ത സംസ്കാരങ്ങൾ സമ്പർക്കത്തിലേർപ്പെടുമ്പോൾ സംഭവിക്കുന്ന സാംസ്കാരിക മാറ്റങ്ങളാണ് അന്യസംസ്കാരമാർജിക്കലും സാംസ്കാരിക സ്വാംശീകരണവും. എന്നാൽ ഒരു പ്രബല സംസ്കാരവു

മായി വ്യക്തികൾ എങ്ങനെ പൊരുത്തപ്പെടുന്നു (Accommodation) എന്നതിൽ ഇവ രണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് എങ്ങനെയാണെന്ന് നോക്കാം.



റിഥിയുടെ കുടുംബം കേരളത്തിൽ താമസമാണെങ്കിലും അവരുടെ സ്വന്തം സംസ്കാരരീതികൾ നിലനിർത്തിക്കൊണ്ടു തന്നെ കേരളത്തിലെ പ്രബലസംസ്കാരവുമായി പൊരുത്തപ്പെടുന്നു.

വ്യക്തികളോ സംഘങ്ങളോ തങ്ങളുടെ സ്വന്തം സംസ്കാരത്തെ നിലനിർത്തിക്കൊണ്ടു തന്നെ പ്രബല സംസ്കാരവുമായി പൊരുത്തപ്പെടുന്നതാണ് അന്യസംസ്കാരമാർജിക്കൽ.



വിനുവും കുടുംബവും സ്വന്തം സംസ്കാര രീതികളിൽ നിന്നും മാറി ആസ്ട്രേലിയയിലെ പ്രബല സംസ്കാരരീതികൾ സ്വാംശീകരിക്കുന്നു.

വ്യക്തികളോ സംഘങ്ങളോ പ്രബല സംസ്കാരത്തിലേക്ക് പൂർണ്ണമായും ആഗിരണം ചെയ്യപ്പെടുമ്പോൾ സംസ്കാരിക സ്വാംശീകരണം സംഭവിക്കുന്നു.

അന്യസംസ്കാരമാർജിക്കലും സാംസ്കാരിക സ്വാംശീകരണവും വ്യക്തമാക്കുന്ന ഒരു കഥാസന്ദർഭത്തിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കി ക്ലാസിൽ റോൾപ്ലേയിലൂടെ അവതരിപ്പിക്കൂ.

അന്യസംസ്കാരമാർജിക്കൽ, സാംസ്കാരിക സ്വാംശീകരണം, സാംസ്കാരിക വ്യാപനം എന്നിവ സമൂഹത്തിലെ ആന്തരിക ഘടകങ്ങളുടെ (Internal Factors) സ്വാധീനത്താൽ സംഭവിക്കുന്നതാണ്. എന്നാൽ ബാഹ്യഘടകങ്ങളും (External Factors) സാംസ്കാരിക മാറ്റത്തിന് കാരണമാകാറുണ്ട്. സാംസ്കാരിക നവീകരണം (Cultural Innovations), പാരിസ്ഥിതിക വ്യതിയാനം (Environmental Changes) തുടങ്ങിയവ സാംസ്കാരിക മാറ്റങ്ങൾക്ക് കാരണമാകുന്ന ബാഹ്യഘടകങ്ങളാണ്. ഈ ബാഹ്യഘടകങ്ങൾ സാംസ്കാരിക മാറ്റത്തിന് കാരണമാകുന്നത് എങ്ങനെയാണെന്ന് നോക്കാം.

## സാംസ്കാരിക നവീകരണവും സാംസ്കാരിക മാറ്റവും

ചിത്രം നിരീക്ഷിക്കൂ.




ചിത്രം 5.6

പാചകത്തിനായി ഉപയോഗിക്കുന്ന വിവിധയിനം അടുപ്പുകളുടെ ചിത്രങ്ങളാണ് നൽകിയിട്ടുള്ളത്. സാങ്കേതികവിദ്യയുടെ വികാസത്തോടെ അടുപ്പുകളുടെ നിർമ്മാണത്തിലും പാചകരീതിയിലും മാറ്റങ്ങളുണ്ടായി. ഇത് നമ്മുടെ ഭക്ഷണസംസ്കാരത്തെ ഗണ്യമായി സ്വാധീനിച്ചു. സാങ്കേതികവിദ്യയിലുണ്ടാകുന്ന വികാസങ്ങൾ സാംസ്കാരിക നവീകരണങ്ങൾക്ക് ഇടയാക്കുന്നുണ്ട്. ഇന്ന് ഭക്ഷണം വാങ്ങുന്നതിനായി ഓൺലൈൻ സംവിധാനത്തെ കൂടുതലായി ഉപയോഗിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ?

സാങ്കേതികവിദ്യയുടെ വികാസം സാംസ്കാരിക നവീകരണത്തിന് കാരണമാകുന്നതിന്റെ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ചിത്രങ്ങൾ ശേഖരിച്ച് ആൽബം/ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.

## പാരിസ്ഥിതിക വ്യതിയാനങ്ങളും സാംസ്കാരിക മാറ്റങ്ങളും

പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മനുഷ്യജീവിതത്തിലും പ്രതിഫലിക്കാറുണ്ടോ? ചിത്രം നിരീക്ഷിക്കൂ.



ചിത്രം 5.7

ഉരുൾപൊട്ടൽ, വരൾച്ച, പ്രളയം, ഉയരുന്ന സമുദ്രജലനിരപ്പ് തുടങ്ങിയവ ജനങ്ങൾക്ക് സ്വന്തം പ്രദേശത്തുനിന്ന് മറ്റൊരിടത്തേക്ക് മാറിത്താമസിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നു. ഇത് അവരുടെ ദൈനംദിന ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുന്നു. ഇങ്ങനെ പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക ഘടകങ്ങൾ സാംസ്കാരിക മാറ്റത്തിന് കാരണമാകുന്നു.

**സാംസ്കാരിക മാറ്റങ്ങൾ**

**ആന്തരിക ഘടകങ്ങൾ**
- സാംസ്കാരിക വ്യാപനം
- അന്യസംസ്കാരമാർജിക്കൽ
- സാംസ്കാരിക സ്വാംശീകരണം

**ബാഹ്യ ഘടകങ്ങൾ**
- സാംസ്കാരിക നവീകരണം
- പാരിസ്ഥിതിക വ്യതിയാനം

സാംസ്കാരിക മാറ്റങ്ങളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന വാർത്താതലക്കെട്ടുകളെ പട്ടികയിൽ ക്രമപ്പെടുത്തൂ (നമ്പർ രേഖപ്പെടുത്തുക).

1. പ്രകൃതി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ ടൗൺഷിപ്പ് നിർമ്മിച്ചു നൽകും
2. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും അടുക്കള നവീകരണത്തിന് സർക്കാർ പദ്ധതി
3. നിറങ്ങൾ വാരിവിതറി മലയാളികളും ഹോളി ആഘോഷിച്ചു
4. വിദേശപൗരത്വം നേടുന്ന മലയാളികളുടെ എണ്ണത്തിൽ വർദ്ധനവ്
5. ഹോളിയും ഓണവും ഒരുപോലെ ആഘോഷിച്ച് അതിഥി തൊഴിലാളികൾ

| ആന്തരിക ഘടകങ്ങൾ | | ബാഹ്യ ഘടകങ്ങൾ | |
|---|---|---|---|
| സാംസ്കാരിക വ്യാപനം | | പാരിസ്ഥിതിക വ്യതിയാനം | |
| അന്യസംസ്കാരമാർജിക്കൽ | | സാംസ്കാരിക നവീകരണം | |
| സംസ്കാരിക സ്വാംശീകരണം | | | |

മനുഷ്യജീവിതത്തിന്റെ ചലനാത്മകവും അവിഭാജ്യവുമായ ഘടകമാണ് സംസ്കാരം. സംസ്കാരം ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നു. വിവിധ സംസ്കാരത്തിലുള്ള ജനവിഭാഗങ്ങൾ ഒന്നിച്ചു ജീവിക്കുന്നതാണ് സാമൂഹിക ജീവിതത്തിന്റെ സൗന്ദര്യവും നന്മയും. അതിനാൽ വ്യത്യസ്ത സംസ്കാരങ്ങളോട് ബഹുമാനവും സഹിഷ്ണുതയും ഉണ്ടാകേണ്ടതും സാംസ്കാരിക ഐക്യം പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

## തുടർപ്രവർത്തനങ്ങൾ

- വിവിധ സംസ്കാരങ്ങളിലെ ഭക്ഷണം, വസ്ത്രധാരണം, പാരമ്പര്യം എന്നിവ പ്രതിഫലിപ്പിക്കുന്ന കൊളാഷ് തയ്യാറാക്കൂ.
- വിവിധ സംഘങ്ങളായി തിരിഞ്ഞ് ഏതെങ്കിലും ഒരു ആഘോഷത്തെ ആസ്പദമാക്കി ലഘുനാടകം അവതരിപ്പിക്കൂ.
- വിവിധ സംസ്കാരങ്ങളെ പ്രതിനിധാനം ചെയ്യുന്ന സാംസ്കാരികോത്സവം വിദ്യാലയത്തിൽ സംഘടിപ്പിക്കൂ. കേരളത്തിന് പുറത്തുനിന്നും വിദേശത്തുനിന്നും പഠനത്തിനായി എത്തുന്ന വിദ്യാർഥികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് സാംസ്കാരിക കൂട്ടായ്മയും ചർച്ചകളും ഉൾപ്പെടുത്തുമല്ലോ?



# 6

# കൃഷിയിൽ നിന്ന് വ്യവസായത്തിലേക്ക്

*പണ്ട് പിതാമഹർ കാട്ടിൻ നടുവിൽ*
*ചിന്തകളുരസിടുമക്കാലം*
*വന്നു പിറന്നിതു ചെന്നിണമോലും*
*വാളു കണക്കൊരു തീനാളം!*

..........................................................................

*കാടും പടലും വെണ്ണീറാക്കി-*
*ക്കനകക്കതിരിനു വളമേകി*
*കഠിനമിരുമ്പു കുഴമ്പാക്കി, പല*
*കരുനിര വാർത്തു പണിക്കേകി!*

അവലംബം - 'പന്തങ്ങൾ' വൈലോപ്പിള്ളി ശ്രീധരമേനോൻ

മനുഷ്യർ തങ്ങളുടെ ചുറ്റുപാടിനെ രൂപപ്പെടുത്തി കൃഷി ആരംഭിച്ചതിനെക്കുറിച്ചാണ് വൈലോപ്പിള്ളി ഈ കവിതയിലൂടെ അവതരിപ്പിക്കുന്നത്.

കൃഷിയുടെ ആരംഭത്തെക്കുറിച്ചും ഭക്ഷ്യശേഖരണത്തിൽ നിന്നും ഭക്ഷ്യോൽപാദനത്തിലേക്കുള്ള മാറ്റത്തെക്കുറിച്ചും മുൻ ക്ലാസിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

ഭൂമി, മനുഷ്യാധ്വാനം എന്നീ ഘടകങ്ങളാണ് ആദ്യകാലത്ത് കാർഷികോൽപ്പാദനത്തിനായി മനുഷ്യർ പ്രയോജനപ്പെടുത്തിയിരുന്നത്. ഉൽപാദനം വർധിപ്പിക്കുന്നതിനും ഭൂമി കൃഷിയോഗ്യമാക്കുന്നതിനും അക്കാലത്ത് കൂടുതൽ അധ്വാനം വേണ്ടിവന്നിരുന്നു. കാലക്രമേണ ഇരുമ്പിൽ നിർമ്മിച്ച മൂർച്ചയുള്ളതും ഉറപ്പുള്ളതുമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ ഭൂപ്രദേശങ്ങൾ കൃഷിയോഗ്യമാക്കി. ഇത് ഭക്ഷ്യോൽപാദനം വർധിപ്പിക്കാൻ സഹായിച്ചു.

കൃഷി വ്യാപിക്കുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമായിരിക്കും? ചർച്ച ചെയ്യൂ.

## വ്യാപാരത്തിന്റെ തുടക്കം

സ്കൂളിലെ സാമൂഹ്യശാസ്ത്ര ലാബിൽ പ്രദർശിപ്പിച്ചിട്ടുള്ള, മനുഷ്യപുരോഗതിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ നിരീക്ഷിക്കുകയാണ് നിഷാൻ.




**ചിത്രം 6.1**

**ചിത്രനിരീക്ഷണത്തിലൂടെ നിഷാൻ കണ്ടെത്തിയ ആശയങ്ങളെ അവയുടെ കാലക്രമത്തിനനുസരിച്ച് പട്ടികപ്പെടുത്തൂ.**

- 
- 
- 
- 

കൃഷി വ്യാപകമായതോടെ ഉൽപാദനം വർധിക്കുകയും അത് മിച്ചോൽപാദനത്തിന് വഴി തെളിക്കുകയും ചെയ്തു. അധികംവന്ന ഭക്ഷ്യവസ്തുക്കൾ മനുഷ്യർ ഭാവിയിലെ ഉപയോഗത്തിനായി സൂക്ഷിച്ചുവച്ചു. കാലക്രമേണ ഭക്ഷ്യവസ്തുക്കൾ സംഭരിക്കുക മാത്രമല്ല, ആവശ്യക്കാർക്ക് കൈമാറുകയും ചെയ്തിരുന്നു.

സാധനങ്ങൾക്ക് പകരം സാധനങ്ങൾ പരസ്പരം കൈമാറിയിരുന്ന സമ്പ്രദായം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

ആദ്യകാലത്ത് പ്രാദേശികമായി മാത്രമാണ് ഇത്തരം കൈമാറ്റം നിലനിന്നിരുന്നത്. തുടർന്ന് ദേശങ്ങൾ കടന്നും ഈ കൈമാറ്റം വ്യാപിച്ചു.

ക്രമേണ സാധനകൈമാറ്റത്തിനായി ചെമ്പിലും വെള്ളിയിലും സ്വർണ്ണത്തിലും നിർമ്മിച്ച നാണയങ്ങൾ വിനിമയ മാധ്യമമായി ഉപയോഗിച്ചു തുടങ്ങി. കരകൗശല വസ്തുക്കൾ, തുണിത്തരങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ

**വ്യാപാരം**

പ്രതിഫലം ഈടാക്കി സാധനങ്ങളോ സേവനങ്ങളോ കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ് വ്യാപാരം.

യായിരുന്നു ആഭ്യന്തരവ്യാപാരത്തിലെ പ്രധാന വസ്തുക്കൾ. സാധനങ്ങളുടെ കൈമാറ്റം പിൽക്കാലത്ത് വിദൂരദേശങ്ങൾ തമ്മിലും ആരംഭിച്ചു. വിദേശവ്യാപാരം പുതിയ വ്യാപാരപാതകൾ രൂപപ്പെടുന്നതിന് വഴിയൊരുക്കി. ഏഷ്യ ഭൂഖണ്ഡത്തിലെ കിഴക്കും പടിഞ്ഞാറും തമ്മിലും ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നിവ തമ്മിലുമുള്ള വാണിജ്യബന്ധം നിലനിർത്തിയിരുന്ന പട്ടുപാത (Silk Route) ഇതിന് ഉദാഹരണമാണ്.




**തന്നിരിക്കുന്ന ഫ്ലോചാർട്ടിന്റെ സഹായത്താൽ കൃഷിയുടെ വ്യാപനം മുതൽ നഗരങ്ങളുടെ രൂപപ്പെടൽ വരെയുള്ള ആശയങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൂ.**

## സാമ്പത്തിക പ്രവർത്തനങ്ങൾ

കൃഷിയിൽ നിന്നും വ്യാപാരത്തിലേക്കുള്ള വളർച്ച നമ്മൾ ചർച്ച ചെയ്തല്ലോ. കൃഷിയും വ്യാപാരവുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ പിൽക്കാലത്ത് വരുമാനം ലക്ഷ്യം വച്ചുള്ളവയായി മാറി.

**"അഭിവൃദ്ധിയുടെ മൂലകാരണം സാമ്പത്തിക പ്രവർത്തനങ്ങളാണ്, അതിന്റെ അഭാവം ഗുരുതരമായ ദുരിതം കൊണ്ടുവരുന്നു. ഫലവത്തായ സാമ്പത്തിക പ്രവർത്തനങ്ങളുടെ അഭാവം നിലവിലെ അഭിവൃദ്ധിയേയും ഭാവിയിലെ വളർച്ചയേയും അപകടപ്പെടുത്തുന്നു".**

**അർഥശാസ്ത്രം**


**കൗടില്യൻ**

ചന്ദ്രഗുപ്ത മൗര്യന്റെ മന്ത്രിയായിരുന്ന കൗടില്യന്റെ വാക്കുകൾ ശ്രദ്ധിച്ചല്ലോ. ഏതൊരു സമൂഹത്തിന്റെയും പുരോഗതി നിർണ്ണയിക്കുന്നത് സാമ്പത്തിക പ്രവർത്തനങ്ങളാണെന്നാണ് കൗടില്യൻ സൂചിപ്പിക്കുന്നത്.

എന്താണ് സാമ്പത്തിക പ്രവർത്തനങ്ങൾ?

വരുമാനം ലഭ്യമാകുന്ന പ്രവർത്തനങ്ങളാണ് സാമ്പത്തിക പ്രവർത്തനങ്ങൾ. സാമ്പത്തിക പ്രവർത്തനങ്ങൾ സാധ്യമാകുന്നത് ഉൽപാദനം എന്ന പ്രക്രിയയിലൂടെയാണ്.

ചിത്രങ്ങൾ നിരീക്ഷിക്കൂ






ചിത്രം 6.2

നമ്മുടെ പ്രിയപ്പെട്ട പാനീയങ്ങളിലൊന്നാണല്ലോ ചായ.

ചായ ഉണ്ടാക്കുന്നതിന് തേയില ആവശ്യമാണ്. തേയില എങ്ങനെയാണ് നമ്മുടെ വീടുകളിൽ എത്തുന്നത്?

തേയിലച്ചെടികളിൽ നിന്ന് ഇലകൾ നുള്ളിയെടുക്കുന്നു. അവ ഫാക്ടറിയിൽ എത്തിച്ച് സംസ്കരിച്ച് തേയിലപ്പൊടിയാക്കി മാറ്റുന്നു. ഈ തേയിലപ്പൊടി കവറുകളിലാക്കി വാഹനങ്ങളിൽ നമ്മുടെ വീടിനു സമീപത്തുള്ള കടകളിലേക്കെത്തിക്കുന്നു.

തേയിലത്തോട്ടങ്ങളിൽ നിന്ന് തേയില നമ്മുടെ കൈകളിൽ എത്തുന്നതുവരെയുള്ള സാമ്പത്തിക പ്രവർത്തനങ്ങളാണ് നമ്മൾ ചർച്ച ചെയ്തത്. ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങളെ അവയുടെ പൊതുസ്വഭാവമനുസരിച്ച് മൂന്ന് മേഖലകളിലായി തിരിക്കാം.

## സാമ്പത്തിക പ്രവർത്തനങ്ങളുടെ വിഭജനം

### പ്രാഥമിക മേഖല

പ്രകൃതിവിഭവങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മേഖലയാണ് പ്രാഥമികമേഖല. കൃഷിക്ക് പ്രാധാന്യമുള്ളത് കൊണ്ട് ഈ മേഖല കാർഷികമേഖല എന്നും അറിയപ്പെടുന്നു.

ഉദാ. കൃഷി, വനപരിപാലനം, ഖനനം, മത്സ്യബന്ധനം തുടങ്ങിയവ

### ദ്വിതീയ മേഖല

പ്രാഥമിക മേഖലയിൽ നിന്നുള്ള അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന മേഖലയാണ് ദ്വിതീയമേഖല. വ്യവസായത്തിന് പ്രാധാന്യമുള്ള ഈ മേഖലയെ വ്യാവസായികമേഖല എന്നും വിളിക്കുന്നു.

ഉദാ. വൈദ്യുതി ഉൽപാദനം, ടെക്സ്റ്റൈൽ വ്യവസായം, കെട്ടിട നിർമ്മാണം തുടങ്ങിയവ

### തൃതീയ മേഖല

പ്രാഥമിക-ദ്വിതീയ മേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് പിന്തുണ പ്രദാനം ചെയ്യുന്ന മേഖലയാണ് തൃതീയ മേഖല. പ്രാഥമിക, ദ്വിതീയ മേഖലകളിലെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമൊപ്പം എല്ലാവിധ സേവന പ്രവർത്തനങ്ങളും ഈ മേഖലയിൽ ഉൾപ്പെടുന്നു. അതിനാൽ ഈ മേഖല സേവനമേഖല എന്നും അറിയപ്പെടുന്നു

ഉദാ. ബാങ്കിംഗ്, ആരോഗ്യരംഗം, വാർത്താവിനിമയം തുടങ്ങിയവ

ഈ മൂന്ന് മേഖലകളിലും നടക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളാണ് ഒരു രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നത്.

ചിത്രങ്ങൾ നിരീക്ഷിക്കൂ.


ഖനനം


മത്സ്യബന്ധനം


ആരോഗ്യരംഗം


വ്യവസായം


കെട്ടിടനിർമ്മാണം


കൃഷി


വൈദ്യുതി ഉൽപാദനം


വാർത്താവിനിമയം


ബാങ്കിംഗ്

**ചിത്രം 6.3**

ചിത്രങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ മൂന്ന് മേഖലകളിലായി പട്ടികപ്പെടുത്തൂ.

| പ്രാഥമിക മേഖല | ദ്വിതീയ മേഖല | തൃതീയ മേഖല |
|---|---|---|
| • | • | • |
| • | • | • |
| • | • | • |

## വ്യവസായങ്ങളുടെ വളർച്ച

### ഒരു ആത്മകഥ

മഴ നനഞ്ഞ്, മഞ്ഞണിഞ്ഞ്, വെയിലേറ്റ് മലഞ്ചെരുവിൽ നിന്ന റബ്ബർമരത്തിലെ പാലായിട്ടാണ് ഞാൻ ആദ്യം രൂപപ്പെട്ടത്. എന്നെ ശേഖരിച്ച് ആസിഡ് കലർത്തി ഷീറ്റ് രൂപത്തിലാക്കി. ഉണക്കിയെടുത്ത ഷീറ്റ് വാൽക്കനൈസേഷൻ പ്രക്രിയയിലൂടെ കട്ടിയുള്ളതാക്കി. ചെരുപ്പിന്റെ കനമുള്ള അച്ച് ഉപയോഗിച്ച് അമർത്തിയപ്പോൾ ഞാൻ കൂടുതൽ ബലമുള്ളതായി. ചുറ്റികയുടെ നാദവും തുകലിന്റെയും റബ്ബർഷീറ്റിന്റെയും ഗന്ധവുമുള്ള തൊഴിൽശാലയിൽവച്ച് ഞാൻ ചെരുപ്പ് രൂപത്തിലായി. എന്നെ കൂടുതൽ മോടിവരുത്തി വിപണിയിലേക്ക് കയറ്റി വിട്ടു. വിപണിയിൽ വച്ചാണ് ഞാൻ മനുഷ്യരുമായി ചങ്ങാത്തം കൂടിയത്. പലപ്പോഴും പലരുടേയും ജീവിതയാത്രയുടെ ഭാഗമായി. നഗരത്തിലെ തിരക്കേറിയ തെരുവുകളിൽ, ശാന്തമായ ഗ്രാമങ്ങളിൽ, മലമ്പാതകളിൽ, തൊഴിൽശാലകളിലെല്ലാം എന്റെ ഉടമയുടെ പാദവും പേറി ഞാൻ സഞ്ചരിച്ചു.



റബ്ബർ ചെരുപ്പ്

**റബ്ബർ ചെരുപ്പിന്റെ ആത്മകഥ വായിച്ചല്ലോ.**

**ഇതുപോലെ നിങ്ങൾ ഉപയോഗിക്കുന്ന മറ്റേതെങ്കിലും ഒരു ഉല്പന്നത്തിന്റെ നിർമ്മാണഘട്ടങ്ങൾ ഉൾപ്പെടുത്തി ഒരു ആത്മകഥ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.**

കാർഷിക മേഖലയിൽ നിന്ന് സംഭരിച്ച അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മനുഷ്യർക്ക് ഉപകാരപ്രദമായ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമ്മൾ പരിചയപ്പെട്ടല്ലോ.

ആദ്യകാലത്ത് ഭക്ഷ്യവസ്തുക്കളാണ് കൂടുതലായി കൃഷി ചെയ്തിരുന്നത്. കാലക്രമേണ വ്യവസായ വളർച്ചയ്ക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ കൃഷിചെയ്യാൻ തുടങ്ങി. ഇത് പരുത്തി, ചണം തുടങ്ങിയ കാർഷികവിളകളുടെ വ്യാപനത്തിന് കാരണമായി. പ്രകൃതി വിഭവങ്ങളും കാർഷികമേഖലയിൽ നിന്ന് സംഭരിച്ച അസംസ്കൃത വസ്തുക്കളും ഉപയോഗിച്ച് വ്യവസായമേഖല വളർന്നു.




ചിത്രം 6.4 എ




ചിത്രം 6.4 ബി

ചിത്രങ്ങൾ നിരീക്ഷിക്കൂ.

കാർഷികമേഖലയും വ്യവസായമേഖലയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചിത്രങ്ങളിൽ നിന്ന് തിരിച്ചറിഞ്ഞല്ലോ. അതുപോലെ പ്രാഥമിക, ദ്വിതീയ മേഖലകൾക്കാവശ്യമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നത് തൃതീയ മേഖല ആയതിനാൽ ഈ മൂന്നുമേഖലകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മൂന്നു മേഖലകളിലും നടക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ ഫലമായാണ് ഉൽപാദനം സാധ്യമാകുന്നത്.

എന്താണ് ഉൽപാദനം എന്ന് നമുക്ക് നോക്കാം.

## ഉൽപാദനവും ഉൽപാദനഘടകങ്ങളും

ജനങ്ങൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഉൽപാദനം. നിരവധി ഘടകങ്ങളുടെ പ്രവർത്തന ഫലമായാണ് ഉൽപാദനം നടക്കുന്നത്. ഉൽപാദനത്തിന് സഹായിക്കുന്ന വിവിധ ഘടകങ്ങളെ ഉൽപാദനഘടകങ്ങൾ എന്ന് വിളിക്കുന്നു. ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയാണ് ഉൽപാദനഘടകങ്ങൾ. ഇവ ഓരോന്നും വിശദമായി പരിചയപ്പെടാം.

### ഭൂമി

ജലം, വായു, സൂര്യപ്രകാശം, മണ്ണ്, ഖനനം ചെയ്ത ധാതുക്കൾ തുടങ്ങിയവയെയാണ് ഉൽപാദന പ്രക്രിയയിൽ ഭൂമി എന്നതുകൊണ്ട് അർഥമാക്കുന്നത്. ഭൂമിയുടെ ഉപരിതലം, ഭൗമാന്തരീക്ഷം, ഭൂമിയുടെ അന്തർഭാഗം എന്നിവിടങ്ങളിലെ പ്രകൃതിവിഭവങ്ങളാണ് ഉൽപാദനത്തിനായി ഉപയോഗപ്പെടുത്തുന്നത്.




ചിത്രം 6.5

ചിത്രങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നവ കൂടാതെ മറ്റ് എന്തെല്ലാം പ്രകൃതിവിഭവങ്ങൾ ഉൽപാദനപ്രക്രിയയിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കണ്ടെത്തി പട്ടികപ്പെടുത്തൂ.

- പെട്രോളിയം
- ലോഹങ്ങൾ
-
-

## തൊഴിൽ

ഉൽപാദനപ്രക്രിയയിൽ തൊഴിലാളികൾ അധ്വാനശേഷി ഉപയോഗിക്കുന്നതിനെയാണ് തൊഴിൽ എന്നു പറയുന്നത്. കായികവും ബുദ്ധിപരവുമായ ശേഷി ഉപയോഗിച്ച് തൊഴിലാളികൾ ഉൽപാദനപ്രക്രിയയുടെ ഭാഗമാകുന്നു. പ്രതിഫലം ലഭിക്കുന്ന തൊഴിൽ ചെയ്യുന്നവരെയാണ് തൊഴിലാളികളായി പരിഗണിക്കുന്നത്.

നിങ്ങളുടെ പരിസരത്ത് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ പരിചയപ്പെട്ടിട്ടില്ലേ? അവരുടെ തൊഴിലിന്റെ സവിശേഷതകൾ അന്വേഷിച്ചറിയൂ.

## മൂലധനം

ഏതൊരു ഉല്പന്നത്തിന്റെയും ഉൽപാദനപ്രക്രിയയ്ക്ക് മൂലധനം ആവശ്യമാണ്. സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സമ്പത്തിനെയും വിഭവങ്ങളെയുമാണ് മൂലധനം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഫാക്ടറി, കെട്ടിടങ്ങൾ, യന്ത്രങ്ങൾ, അസംസ്കൃതവസ്തുക്കൾ, വാഹനങ്ങൾ, കമ്പ്യൂട്ടറുകൾ, തൊഴിലാളികൾക്കുള്ള വേതനം എന്നിവയെല്ലാം മൂലധനത്തിന്റെ ഭാഗമാണ്.

### മൂലധനം പലവിധം

സാമ്പത്തികമൂലധനം (പണം, നിക്ഷേപം), മനുഷ്യമൂലധനം (കഴിവ്, ജ്ഞാനം), ഭൗതികമൂലധനം (യന്ത്രങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ), പ്രകൃതിമൂലധനം (വിഭവങ്ങൾ, പരിസ്ഥിതി) എന്നിങ്ങനെ മൂലധനം പലവിധമുണ്ട്.

## സംഘാടനം

ഉൽപാദനഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം എന്നിവയെ കൂട്ടിയോജിപ്പിക്കലാണ് സംഘാടനം. ഇതിനായി പ്രവർത്തിക്കുന്നവർ സംഘാടകർ /സംരംഭകർ എന്നറിയപ്പെടുന്നു. ഒരു പുതിയ ബിസിനസ്സ് ആശയം രൂപപ്പെടുത്തുക, അതിന് ആവശ്യമായ മൂലധനം സമാഹരിക്കുക, ആ ആശയം പ്രാവർത്തികമാക്കുക എന്നിവ സംഘാടനത്തിന്റെ ഭാഗമാണ്.

ഉൽപാദന ഘടകങ്ങൾ ഒത്തുചേർന്ന് പ്രവർത്തിക്കുമ്പോഴാണ് ഉൽപാദനവും അതിലൂടെ ഉല്പന്നവും രൂപപ്പെടുന്നത്. ഉൽപാദന ഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയ്ക്ക് പ്രതിഫലം ആവശ്യമാണ്.

അവ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

| ഉൽപാദന ഘടകങ്ങൾ | പ്രതിഫലം |
|---|---|
| ഭൂമി | പാട്ടം |
| തൊഴിൽ | കൂലി |
| മൂലധനം | പലിശ |
| സംഘാടനം | ലാഭം |

ഉൽപാദനം, ഉൽപാദനഘടകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| വർക്ക്ഷീറ്റ് | |
|---|---|
| കായികവും ബുദ്ധിപരവുമായ അധ്വാനശേഷി ഉപയോഗിക്കുന്നു | തൊഴിലാളി |
| ഉൽപാദനപ്രക്രിയയിൽ മൂലധനത്തിന് കിട്ടുന്ന പ്രതിഫലം | .................................. |
| ഉൽപാദനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്ന ഉൽപാദനഘടകം | .................................. |
| ഒരു പുതിയ ബിസിനസ്സ് ആശയം പ്രാവർത്തികമാക്കാൻ നേതൃത്വം നൽകുന്ന വ്യക്തി | .................................. |
| ഉൽപാദനപ്രക്രിയയിൽ പാട്ടം പ്രതിഫലമായിട്ടുള്ള ഘടകം | .................................. |

## ഉൽപാദകരിൽ നിന്ന് ഉപഭോക്താവിലേക്ക്

ചിത്രം നിരീക്ഷിക്കൂ.



നിങ്ങളും ഇതുപോലെ സാധനങ്ങൾ വാങ്ങി ഉപയോഗിക്കാറില്ലേ?

ആഹാരം, പാർപ്പിടം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നാം സാധനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുന്നു.



**കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ വീട്ടിൽ ഉപയോഗപ്പെടുത്തിയ സാധനങ്ങളുടെയും സേവനങ്ങളുടെയും പട്ടിക തയ്യാറാക്കൂ.**

**മനുഷ്യന്റെ ആവശ്യങ്ങൾ സാധിക്കുന്നതിനായി സാധനങ്ങളും സേവനങ്ങളും വാങ്ങി ഉപയോഗപ്പെടുത്തുന്നതാണ് ഉപഭോഗം.**

**വില കൊടുത്തോ വില കൊടുക്കാം എന്ന കരാറിലോ ഏതെങ്കിലും സാധനമോ സേവനമോ വാങ്ങി ഉപയോഗപ്പെടുത്തുന്ന വ്യക്തിയാണ് ഉപഭോക്താവ്.**

നമ്മുടെ പരിസരം സന്ദർശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആൾ ഉപഭോക്താവാണ്. ഉപഭോക്താവ് നമ്മെ ആശ്രയിക്കുകയല്ല, നാം അദ്ദേഹത്തെ ആശ്രയിക്കുകയാണ്. ആ വ്യക്തി നമ്മുടെ ജോലിക്ക് ഒരു തടസ്സമല്ല, അതിന്റെ ലക്ഷ്യമാണ്. നമ്മുടെ ഇടപാടിൽ അന്യനും അല്ല, ഇടപാടിന്റെ ഭാഗമാണ്. ആ വ്യക്തിക്ക് സേവനം നൽകുന്നത് വഴി നമ്മൾ ഔദാര്യം ചെയ്തുകൊടുക്കുകയല്ല ചെയ്യുന്നത്, സേവിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നത് വഴി നമുക്കൊരു ഔദാര്യം ചെയ്ത് തരികയാണ്.



\- ഗാന്ധിജി

ഉപഭോക്താവിന്റെ പ്രാധാന്യം ഗാന്ധിജിയുടെ വാക്കുകളിൽ നിന്ന് തിരിച്ചറിഞ്ഞില്ലേ?

നാം സാധനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ ഉപഭോക്താവ് എന്ന നിലയിൽ കടകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈ പ്രാധാന്യവും പരിഗണനയും ലഭിക്കാറുണ്ടോ? ചർച്ച ചെയ്യൂ.




വാർത്താതലക്കെട്ടുകൾ നിരീക്ഷിക്കൂ.

ഇത്തരം സംഭവങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോഗപ്പെടുത്തുമ്പോഴും ഉപഭോക്താവ് എന്ന നിലയിൽ എന്തൊക്കെ അവകാശങ്ങളാണ് നമുക്ക് കിട്ടേണ്ടത്?

| | |
|---|---|
| ഗുണമേന്മ | വില്പനാനന്തരസേവനം |
| വിശ്വാസ്യത | അളവിലും തൂക്കത്തിലും കൃത്യത |

ചുവടെ നൽകിയിരിക്കുന്ന വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| സൂചകങ്ങൾ | ഉണ്ട് | ഇല്ല |
|---|---|---|
| ഉല്പന്നങ്ങൾ വാങ്ങുന്നതിന് മുമ്പ് അവയിൽ നിയമാനുസൃതം രേഖപ്പെടുത്തിയ പരമാവധി വില (MRP) കൃത്യമായും പരിശോധിക്കാറുണ്ട്. | | |
| ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ കാലാവധി (Expiry Date) കഴിഞ്ഞിട്ടില്ല എന്ന് ഉറപ്പുവരുത്താറുണ്ട്. | | |
| പരസ്യവാചകങ്ങളിൽ അവകാശപ്പെട്ടിട്ടുള്ള ഗുണമേന്മ ഉല്പന്നത്തിന് ഉണ്ടായിരുന്നു. | | |
| വീട്ടിലെ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് വില്പനാനന്തര സേവനം യഥാസമയം ലഭിക്കാറുണ്ട്. | | |
| വാങ്ങിയ ഉല്പന്നത്തിന് അതിന്റെ വിലയനുസരിച്ചുള്ള ഗുണമേന്മ ഉണ്ടായിരുന്നു. | | |

വർക്ക്ഷീറ്റ് പൂർത്തിയാക്കിയതിലൂടെ ഉപഭോക്താവ് എന്ന നിലയിൽ നാം എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടതെന്ന് തിരിച്ചറിഞ്ഞില്ലേ.

ഉപഭോക്താവിന് കിട്ടേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെയും ഉപഭോക്തൃ കോടതികളെയും സമീപിക്കാവുന്നതാണ്. ജില്ല-സംസ്ഥാന-ദേശീയ തലങ്ങളിൽ ഉപഭോക്തൃ തർക്കപരിഹാര കോടതികൾ നിലവിലുണ്ട്. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി ശക്തമായ നിയമങ്ങൾ, ഉപഭോക്തൃവിദ്യാഭ്യാസം എന്നിവ ആവശ്യമാണ്. 1986- ലാണ് ഇന്ത്യയിൽ ഉപഭോക്തൃ സംരക്ഷണനിയമം നിലവിൽ വന്നത്.

ഉപഭോക്തൃ ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ തയ്യാറാക്കി ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പ്രദർശിപ്പിക്കൂ.

ജനജീവിതം മെച്ചപ്പെടണമെങ്കിൽ സാധനങ്ങളും സേവനങ്ങളും ആവശ്യമാണ്. പ്രകൃതിവിഭവങ്ങളും മനുഷ്യാധ്വാനവും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തിയാണ് സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നത്. ഉൽപാദനം, മിച്ചോൽപാദനം, കൈമാറ്റ സമ്പ്രദായങ്ങൾ, സങ്കേതികവിദ്യ ചെലുത്തിയ സ്വാധീനം, വിപണികളുടെ വളർച്ച എന്നിവ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിയെ സ്വാധീനിക്കുന്നുണ്ട്. പ്രാഥമിക-ദ്വിതീയ-തൃതീയ മേഖലകളുടെ പരസ്പരബന്ധവും സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമാക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

- ആശയപടം പൂർത്തിയാക്കൂ.




- 'ഉൽപാദനവും ഉൽപാദനഘടകങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കുക. ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിങ്ങനെ നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് വിവരശേഖരണം നടത്തി സെമിനാർ അവതരിപ്പിക്കുക.
- ഡിസംബർ 24 ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ ഭാഗമായി 'ഉപഭോക്താവിന്റെ അവകാശങ്ങൾ' എന്ന വിഷയത്തിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കൂ.
- പ്രാഥമിക-ദ്വിതീയ-തൃതീയ മേഖലകളുടെ പരസ്പരബന്ധം കാണിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.




# ഭൂഖണ്ഡങ്ങളിലൂടെ...

> "ചരിത്രത്തിലേക്ക് പായ്ക്കപ്പലോടിച്ച പോർച്ചുഗീസുകാർ നൂറ്റാണ്ടുകൾക്കു മുൻപ് നങ്കൂരമിട്ട ഗോവൻ തീരങ്ങളിലെ, മീൻപിടുത്തക്കാരുടെ ഇഷ്ടദേവതയുടെ പേരാണ് മാദേയി. ഞങ്ങളൊന്നിച്ച് ഇന്ത്യൻ മഹാസമുദ്രത്തിൽ നിന്ന് പസഫിക്കും അറ്റ്ലാന്റിക്കും കടന്ന്, ചരിത്രം തിരയടിക്കുന്ന മുനമ്പുകൾ പിന്നിട്ട്, കാറ്റിനും തിരമാലകൾക്കുമിടയിലൂടെ, ഒരിക്കലും പരസ്പരം ഒറ്റയ്ക്കാണെന്ന് തോന്നിപ്പിക്കാതെ കടലും കാലവും ലോകവും ചുറ്റിവന്നു".
>
> അവലംബം - 'കടൽ ഒറ്റയ്ക്ക് ക്ഷണിച്ചപ്പോൾ'
> കമാൻഡർ അഭിലാഷ് ടോമി

'കടൽ ഒറ്റയ്ക്ക് ക്ഷണിച്ചപ്പോൾ' എന്ന യാത്രാവിവരണത്തിൽ സമുദ്രങ്ങളെയും വൻകരകളെയും പിന്നിട്ട യാത്രാനുഭവങ്ങൾ കമാൻഡർ അഭിലാഷ് ടോമി നമ്മോട് പങ്കുവയ്ക്കുകയാണ്. ഇന്ത്യൻ നാവികസേനയുടെ 'മാദേയി' എന്ന പായ്ക്കപ്പലിൽ ഒറ്റയ്ക്ക്, ഒരിടത്തും നിർത്താതെ, ലോകം ചുറ്റിവന്ന ആദ്യ ഇന്ത്യക്കാരനും മലയാളിയുമാണ് അദ്ദേഹം. സമുദ്രങ്ങളിൽനിന്നും സമുദ്രങ്ങളിലേക്ക് യാത്രചെയ്തപ്പോൾ വിശാലമായ ഭൂമുഖത്ത്, തനതുസവിശേഷതകളോടെ കരകൾ എങ്ങനെ വ്യാപിച്ചു കിടക്കുന്നുവെന്നും അവയെല്ലാം എത്രത്തോളം പരസ്പര ബന്ധിതമാണെന്നും അദ്ദേഹം ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. കമാൻഡർ അഭിലാഷ് ടോമി ലോകം ചുറ്റിവന്നതുപോലെ നമുക്കും ഒരു ലോകസഞ്ചാരം നടത്തിയാലോ?

സമുദ്രങ്ങൾക്കിടയിലായി സ്ഥിതിചെയ്യുന്ന അതിവിശാലമായ കരഭാഗങ്ങളാണ് ഭൂഖണ്ഡങ്ങൾ. മിക്ക ഭൂഖണ്ഡങ്ങളും നിരവധി രാജ്യങ്ങളെ ഉൾക്കൊള്ളുന്നവയാണ്. ഓരോ ഭൂഖണ്ഡത്തിനും തനതായ ഭൂമിശാസ്ത്ര സവിശേഷതകളുണ്ട്. അവ നമുക്ക് പരിശോധിച്ചാലോ?

ചുവടെ തന്നിരിക്കുന്ന ഭൂപടത്തിൽ ഭൂഖണ്ഡങ്ങളുടെ പേരുകൾ അടയാളപ്പെടുത്തൂ.



## വലുപ്പത്തിൽ ഒന്നാമൻ

ഏഷ്യയാണ് ഏറ്റവും വലിയ ഭൂഖണ്ഡമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. നമ്മുടെ രാജ്യമായ ഇന്ത്യ ഏഷ്യയുടെ ഭാഗമാണ്. ഭൂമിയുടെ കരഭാഗത്തിന്റെ ഏതാണ്ട് മൂന്നിലൊന്നും ഉൾക്കൊള്ളുന്ന ഭൂഖണ്ഡമാണ് ഏഷ്യ.

### അതിരുകൾ

ഭൂപടം നിരീക്ഷിച്ച്, ഏഷ്യയുടെ അതിരുകൾ കണ്ടെത്തി പട്ടിക പൂർത്തീകരിക്കൂ.



ഭൂപടം 7.1

| കിഴക്ക് | പടിഞ്ഞാറ് | വടക്ക് | തെക്ക് |
|---|---|---|---|
| പസഫിക് സമുദ്രം | യൂറോപ്പ് | | |

ഏഷ്യയുടെ ഏത് ഭാഗത്താണ് കര അതിർത്തിയുള്ളത്?

•

ഏഷ്യയുടെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന യൂറൽ പർവതനിരയാണ് യൂറോപ്പിനെയും ഏഷ്യയെയും തമ്മിൽ വേർതിരിക്കുന്നത്.

ഏഷ്യയിലെ ഏതാനും ഭൂപ്രകൃതി സവിശേഷതകൾ നമുക്ക് പരിചയപ്പെടാം.



ചിത്രം 7.1 - യൂറൽ പർവതനിരകൾ

ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടിയായ എവറസ്റ്റ് സ്ഥിതിചെയ്യുന്ന ഹിമാലയപർവതം ഏഷ്യയിലാണുള്ളത്. ഏഷ്യയിലെ മറ്റ് പർവതങ്ങൾ ഏതൊക്കെ?

അറ്റ്ലസ് ഉപയോഗിച്ച് ഹിമാലയപർവതത്തിന്റെയും മറ്റ് പർവതങ്ങളുടെയും സ്ഥാനം കണ്ടെത്തൂ.

പർവതങ്ങൾ കൂടാതെ മരുഭൂമികൾ, സമതലങ്ങൾ, പീഠഭൂമികൾ എന്നിവയും ഏഷ്യയുടെ ഭൂപ്രകൃതി സവിശേഷതകളാണ്. ധാരാളം നദികളും ഏഷ്യയിലൂടെ ഒഴുകുന്നു. യാങ്സിയാണ് ഏഷ്യയിലെ ഏറ്റവും നീളമേറിയ നദി.



ചിത്രം 7.2

### മരുഭൂമികൾ

വളരെക്കുറച്ച് മാത്രം മഴ ലഭിക്കുന്ന വരണ്ട, വിശാലമായ ഭൂപ്രദേശങ്ങളാണ് മരുഭൂമികൾ. ഇവയിൽ അത്യുഷ്ണം അനുഭവപ്പെടുന്നവ ഉഷ്ണമരുഭൂമികളെന്നും അതിശൈത്യമനുഭവപ്പെടുന്നവ ശീതമരുഭൂമികളെന്നും അറിയപ്പെടുന്നു.



ശീതമരുഭൂമി



ഉഷ്ണമരുഭൂമി

### സമതലങ്ങൾ

ഏറക്കുറെ നിരപ്പായ വിശാല ഭൂപ്രദേശങ്ങളാണ് സമതലങ്ങൾ. നദികൾ വഹിച്ചുകൊണ്ടുവരുന്ന എക്കൽ നിക്ഷേപിക്കപ്പെട്ട് രൂപപ്പെടുന്നവയാണ് എക്കൽ സമതലങ്ങൾ. ഇവ പൊതുവെ ഫലഭൂയിഷ്ഠങ്ങളാണ്.



### പീഠഭൂമികൾ

ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്ന് ഉയർന്നതും താരതമ്യേന നിരപ്പായ ഉപരിതലത്തോടുകൂടിയതുമായ വിസ്തൃത ഭൂപ്രദേശങ്ങളാണ് പീഠഭൂമികൾ.



ഏഷ്യയിലെ ചില ഭൂപ്രകൃതി സവിശേഷതകളുടെ ചിത്രങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്. ചിത്രങ്ങൾ നിരീക്ഷിച്ച് അവ ഏത് ഭൂപ്രകൃതി വിഭാഗത്തിൽ ഉൾപ്പെടുന്നുവെന്ന് കണ്ടെത്തി എഴുതൂ.


ഹിമാലയം - ..................


മഞ്ചൂരിയൻ - ..................


ഥാർ - ..................


ലഡാക്ക് - ശീതമരുഭൂമി


യാങ്സി - താഴ്‌വര


ഡക്കാൻ - പീഠഭൂമി

## കാലാവസ്ഥ

ഭൂപ്രകൃതി പോലെ തന്നെ വൈവിധ്യമാർന്നതാണ് ഏഷ്യയിലെ കാലാവസ്ഥയും. ഏഷ്യയുടെ വടക്കുഭാഗം ധ്രുവപ്രദേശത്തോട് ചേർന്ന് കിടക്കുന്നതിനാൽ അവിടെ തണുപ്പ് കൂടുതൽ അനുഭവപ്പെടുന്നു. സമുദ്ര സാമീപ്യമുള്ളതിനാൽ കിഴക്കുഭാഗത്ത് മിതമായ ചൂടും തണുപ്പുമാണുള്ളത്. ഭൂമധ്യരേഖാ പ്രദേശമായതിനാൽ തെക്കുഭാഗത്ത് ചൂടും ഈർപ്പവും കനത്തമഴയുമുള്ള കാലാവസ്ഥയാണ്. മരുപ്രദേശമായ പടിഞ്ഞാറ് ഭാഗത്ത് പൊതുവെ ചൂട് കൂടുതലാണ്.




ചിത്രം 7.3

## സസ്യ-ജന്തുജാലങ്ങൾ

കാലാവസ്ഥയിലെ വ്യത്യാസങ്ങൾക്കനുസരിച്ച് വൈവിധ്യമാർന്ന സസ്യ-ജന്തുജാലങ്ങൾ ഏഷ്യയിൽ കാണപ്പെടുന്നു.

**ഏഷ്യയിലെ ചില സസ്യ-ജന്തുജാലങ്ങൾ**



റഫ്ലേഷ്യ

നീലക്കുറിഞ്ഞി

ഹിമപ്പുലി

ചുവന്ന പാണ്ട

ചിത്രം 7.4

## ജനജീവിതം

ഏഷ്യയാണ് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഭൂഖണ്ഡം. ലോകജനസംഖ്യയുടെ 60 ശതമാനത്തിലധികവും ഏഷ്യയിലാണുള്ളത്. ഏഷ്യയിലെ ഭൂരിഭാഗം ജനങ്ങളും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ലോകത്ത് ഏറ്റവും അധികം നെല്ല് ഉൽപാദിപ്പിക്കുന്നത് ഏഷ്യയാണ്. വിവിധ സംസ്കാരങ്ങളുടെയും ഭാഷകളുടെയും മതങ്ങളുടെയും സംഗമഭൂമികൂടിയാണ് ഇവിടം. ടോക്കിയോ, മുംബൈ തുടങ്ങിയ തിരക്കേറിയ നഗരങ്ങൾ മുതൽ ജനവാസം തീരെ കുറഞ്ഞ ഗ്രാമങ്ങൾ വരെ ഏഷ്യയിലുണ്ട്.

## സാവന്നയും സഹാറയും കോംഗോ തടവും കടന്ന്...

ഭൂമധ്യരേഖ, ഉത്തരായണരേഖ, ദക്ഷിണായനരേഖ എന്നിവയെക്കുറിച്ച് നിങ്ങൾകേട്ടിട്ടില്ലേ. ഇവ മൂന്നും കടന്നുപോകുന്ന ഭൂഖണ്ഡം ഏതാണെന്ന് ഗ്ലോബിന്റെ സഹായത്തോടെ കണ്ടെത്തൂ.

വിശാലമായ സാവന്നപുൽമേടുകൾ മുതൽ ഇടതൂർന്ന മഴക്കാടുകൾ വരെ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് ഈ ഭൂഖണ്ഡത്തിനുള്ളത്.

ഭൂപടം 7.1 ൽ നിന്നും ആഫ്രിക്കയുടെ സ്വാഭാവിക അതിരുകൾ കണ്ടെത്തൂ.

വലുപ്പത്തിൽ രണ്ടാം സ്ഥാനമുള്ള ഭൂഖണ്ഡമാണ് ആഫ്രിക്ക. ഗ്ലോബ് നിരീക്ഷിക്കൂ, ഉത്തരാർധഗോളത്തിലും ദക്ഷിണാർധഗോളത്തിലും ഏറക്കുറെ തുല്യമായി വ്യാപിച്ചുകിടക്കുന്ന ഭൂഖണ്ഡമാണിത്. ഏറ്റവും വലിയ ഉഷ്ണമരുഭൂമിയായ സഹാറയും ഉഷ്ണമേഖലാ മഴക്കാടുകൾ നിറഞ്ഞ കോംഗോ നദീതടവും ഈ ഭൂഖണ്ഡത്തിന്റെ സവിശേഷതകളാണ്. സഹാറയും കോംഗോതടവും അറ്റ്ലസിന്റെ സഹായത്തോടെ തിരിച്ചറിയൂ.



ലോകത്തിലെ ഏറ്റവും നീളം കൂടിയ നദിയായ നൈൽ ഈ ഭൂഖണ്ഡത്തിലൂടെയാണ് ഒഴുകുന്നത്. ഇവിടുത്തെ ഏറ്റവും ഉയരമുള്ള പർവതമാണ് കിളിമഞ്ചാരോ. ആഫ്രിക്കയിലെ മറ്റ് പർവതങ്ങൾ ഏതൊക്കെയെന്ന് അറ്റ്ലസിൽ നിന്നും തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൂ.

- 
- 

ചിത്രം 7.5

## സഹാറ മരുഭൂമി



ഭൂമിയിലെ ഏറ്റവും വലിയ ഉഷ്ണമരുഭൂമിയാണ് സഹാറ. വിശാലമായ മണൽമേടുകളും, പാറകൾ നിറഞ്ഞ പീഠഭൂമികളും ഉൾക്കൊള്ളുന്ന സഹാറ നിരവധി സസ്യ-ജന്തുജാലങ്ങളുടെ ആവാസകേന്ദ്രമാണ്. പ്രതികൂല സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിക്കുന്ന ഗോത്രവിഭാഗക്കാരും സഹാറയുടെ സവിശേഷതയാണ്.

## ഉഷ്ണമേഖലാ മഴക്കാടുകൾ



ഭൂമധ്യരേഖാ പ്രദേശത്ത് കാണപ്പെടുന്ന സമൃദ്ധവും ഇടതൂർന്നതുമായ വനങ്ങളാണ് ഉഷ്ണമേഖലാ മഴക്കാടുകൾ. ഇവിടെ വർഷം മുഴുവനും ഉയർന്ന ചൂടും കനത്ത മഴയും ലഭിക്കുന്നു. സമൃദ്ധമായി മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ വളരുന്ന കാടുകളായതിനാലാണ് ഇവയ്ക്ക് മഴക്കാടുകൾ എന്ന പേര് ലഭിച്ചത്. ഭൂമിയിലെ മറ്റേതൊരു ആവാസവ്യവസ്ഥയെക്കാളും കൂടുതൽ സസ്യ-ജന്തുജാലങ്ങൾ ഈ മഴക്കാടുകളിൽ കാണപ്പെടുന്നു. തെക്കേ അമേരിക്കയിലെ ആമസോൺ, ആഫ്രിക്കയിലെ കോംഗോ, തെക്കുകിഴക്കൻ ഏഷ്യയിലെ മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ ഉഷ്ണമേഖലാ മഴക്കാടുകൾ കാണപ്പെടുന്നു.

ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഭൂപ്രകൃതി സവിശേഷതകളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| | |
|---|---|
| ഏറ്റവും വലിയ ഉഷ്ണമരുഭൂമി | .................................. |
| ഏറ്റവും ഉയരമുള്ള പർവതം | .................................. |
| ഉഷ്ണമഴക്കാടുകൾ ഉൾക്കൊള്ളുന്ന നദീതടം | .................................. |
| വിശാലമായ പുൽമേടുകൾ | .................................. |

## കാലാവസ്ഥ

ഭൂമധ്യരേഖക്ക് ഇരുവശങ്ങളിലേക്കും ഏകദേശം തുല്യമായി വ്യാപിച്ചുകിടക്കുന്ന ആഫ്രിക്കയിൽ പൊതുവെ ചൂടുകൂടിയ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. എങ്കിലും പ്രാദേശിക വ്യതിയാനങ്ങളും പ്രകടമാണ്. തീരപ്രദേശങ്ങളിലും മിതോഷ്ണമേഖലയിൽ ഉൾപ്പെടുന്ന ഭാഗങ്ങളിലും മിതമായ കാലാവസ്ഥ അനുഭവപ്പെടുന്നു.

## സസ്യ-ജന്തുജാലങ്ങൾ

ജൈവവൈവിധ്യത്താൽ സമൃദ്ധമാണ് ആഫ്രിക്കയിലെ സാവന്നാ പുൽമേടുകളും ഉഷ്ണമേഖലാ മഴക്കാടുകളും. സെറെൻഗെറ്റിയിലെ ജന്തുജാലങ്ങളുടെ കാലിക കുടിയേറ്റം ആഫ്രിക്കയിലെ ഒരു പ്രധാന സവിശേഷതയാണ്.

**ആഫ്രിക്കയിലെ ചില സസ്യ-ജന്തുജാലങ്ങൾ**


ബെയോബാബ് വൃക്ഷം


കറുത്ത കാണ്ടാമൃഗം


ആഫ്രിക്കൻ കാട്ടുനായ

ചിത്രം 7.6

**സെറെൻഗെറ്റിയിലെ കാലിക കുടിയേറ്റം (Seasonal Migration of Serengeti)**



കാലാവസ്ഥാ വ്യതിയാനങ്ങൾക്കും ഭക്ഷണലഭ്യതയ്ക്കും അനുസൃതമായി മൃഗങ്ങളും പക്ഷികളും ദീർഘദൂരം സഞ്ചരിക്കുന്ന പ്രതിഭാസങ്ങൾക്ക് ഉദാഹരണമാണ് ആഫ്രിക്കയിലെ കാലിക കുടിയേറ്റം. സെറെൻഗെറ്റിയിൽ, ദശലക്ഷക്കണക്കിന് സീബ്രകളും ഗസല്ലുകളും പുതിയ മേച്ചിൽസ്ഥലങ്ങൾ തേടി ടാൻസാനിയയ്ക്കും കെനിയയ്ക്കും ഇടയിൽ നീങ്ങുന്നത് ഒരു സവിശേഷ പ്രതിഭാസമാണ്. ആഫ്രിക്കയിലുടനീളമുള്ള ആവാസവ്യവസ്ഥകളുടെ സന്തുലിതാവസ്ഥ ജീവജാലങ്ങളുടെ നിലനിൽപ്പിന് നിർണായകമാണെന്ന് ഈ കുടിയേറ്റങ്ങൾ തെളിയിക്കുന്നു.

## ജനജീവിതം

ആഫ്രിക്കയിലെ ഭൂരിഭാഗം ജനങ്ങളും ഗ്രാമങ്ങളിൽ വസിക്കുന്നവരും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരുമാണ്. സംസ്കാരങ്ങൾ, ഭാഷകൾ, ചരിത്രം എന്നിവയാൽ സമ്പന്നമായ ഒരു നാടാണ് ആഫ്രിക്ക. പുരാതന നാഗരികതകളിൽ ഒന്നായ ഈജിപ്ഷ്യൻ സംസ്കാരം ഉടലെടുത്തത് ആഫ്രിക്കയിലാണ്. ഈജിപ്റ്റിലെ പിരമിഡുകൾ പ്രാചീന നിർമ്മാണ വൈദഗ്ധ്യത്തിന്റെ തെളിവായി നിലകൊള്ളുന്നു.

## റോക്കി മുതൽ അപ്പലേച്ചിയൻ വരെ



ചിത്രം 7.7

ഗ്ലോബ് നിരീക്ഷിച്ച് പസഫിക്, അറ്റ്ലാന്റിക്, ആർട്ടിക് എന്നീ സമുദ്രങ്ങളാൽ ചുറ്റപ്പെട്ട ഭൂഖണ്ഡം ഏതാണെന്ന് കണ്ടെത്തൂ.

ലോകത്തിലെ ചില വികസിത രാജ്യങ്ങളും വലിയ നഗരങ്ങളും ഉൾപ്പെടുന്ന ഭൂഖണ്ഡമാണ് വടക്കേ അമേരിക്ക. വടക്കേ അമേരിക്കൻ രാജ്യങ്ങളുടെ വികസനമുന്നേറ്റത്തിനു പിന്നിൽ അവിടുത്തെ ഭൂമിശാസ്ത്ര സവിശേഷതകൾക്ക് വലിയ പങ്കുണ്ട്.

ഭൂപടം 7.1ൽ നിന്നും വടക്കേ അമേരിക്കയുടെ സ്വാഭാവിക അതിരുകൾ കണ്ടെത്തൂ.

വടക്കേ അമേരിക്കയിൽ സ്ഥിതിചെയ്യുന്ന രണ്ട് പ്രധാന പർവതനിരകളാണ് റോക്കി, അപ്പലേച്ചിയൻ എന്നിവ. അറ്റ്ലസിന്റെ സഹായത്തോടെ ഈ പർവതനിരകളുടെ സ്ഥാനം കണ്ടെത്തൂ. ഈ ഭൂഖണ്ഡത്തിലെ ഫലഭൂയിഷ്ഠമായ സമതലങ്ങളാണ് മഹാസമതലങ്ങൾ. വടക്കേ അമേരിക്കയിലെ അതിവിശാലമായ പുൽമേടുകളാണ് പ്രയറികൾ. മിസോറിയും മിസിസിപ്പിയും ഉൾപ്പെടെ ധാരാളം നദികൾ വടക്കേ അമേരിക്കയിലുണ്ട്. പഞ്ചമഹാതടാകങ്ങൾ എന്നറിയപ്പെടുന്ന അഞ്ച് വലിയ ശുദ്ധജലതടാകങ്ങളും ഇവിടെയാണ്. വടക്കേ അമേരിക്കയിലെ അരിസോണയിൽ സ്ഥിതി ചെയ്യുന്ന ബൃഹദ് താഴ്‌വരയായ ഗ്രാൻഡ് കാന്യോൺ ഒരു പ്രകൃതിദത്ത അത്ഭുതമാണ്.

### ഗ്രാൻഡ് കാന്യോൺ

ഏകദേശം 446 കിലോമീറ്റർ നീളവും 29 കിലോമീറ്റർ വരെ വീതിയും 1500 മീറ്ററിലധികം ആഴവുമുള്ള വലിയ താഴ്‌വരയാണ് ഗ്രാൻഡ് കാന്യോൺ. കൊളറാഡോ നദിയുടെ പ്രവർത്തനങ്ങളുടെ ഫലമായി ദശലക്ഷക്കണക്കിന് വർഷങ്ങൾകൊണ്ട് രൂപപ്പെട്ടതാണ് ഈ ബൃഹദ് താഴ്‌വര. ഇത് യുനെസ്കോയുടെ ലോക പൈതൃക ഇടമാണ്.



## കാലാവസ്ഥ

ധ്രുവ പ്രദേശത്തോട് ചേർന്നുകിടക്കുന്നതിനാൽ ഭൂഖണ്ഡത്തിന്റെ വടക്കുഭാഗത്ത് അതിശൈത്യമാണ് അനുഭവപ്പെടുന്നത്. വടക്കുനിന്നും തെക്കോട്ടു നീങ്ങുംതോറും താരതമ്യേന ചൂട് വർധിച്ചുവരുന്നു.

## സസ്യ-ജന്തുജാലങ്ങൾ

വൈവിധ്യമാർന്ന സസ്യ-ജന്തുജാലങ്ങളുടെ ആവാസകേന്ദ്രമാണ് വടക്കേ അമേരിക്ക. പടിഞ്ഞാറ് ഭാഗത്തുള്ള സെക്വയ വനങ്ങളും മഹാസമതലങ്ങളിലെ പുൽമേടുകളും ഇതിനുദാഹരണങ്ങളാണ്.

**വടക്കേ അമേരിക്കയിലെ ചില സസ്യ-ജന്തുജാലങ്ങൾ**


കാലിഫോർണിയ പോപ്പി


സഗ്വാരോ കള്ളിച്ചെടി


മൂസ്

ചിത്രം 7.8

## ജനജീവിതം

അമേരിക്കൻ ഐക്യനാടുകളും (യു.എസ്.എ) കാനഡയും ഉയർന്ന ജീവിത നിലവാരത്തിനും സാങ്കേതിക പുരോഗതിക്കും പേരുകേട്ടതാണ്. ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, മെക്സിക്കോ സിറ്റി തുടങ്ങിയ ലോകത്തിലെ വലിയ നഗരങ്ങൾ വടക്കേ അമേരിക്കയിൽ സ്ഥിതിചെയ്യുന്നു. അനുകൂല കാലാവസ്ഥയും ഫലഭൂയിഷ്ഠമായ മണ്ണും ഇവിടുത്തെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കുന്നു. മഞ്ഞുമൂടിക്കിടക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ഇന്യൂട്ടുകൾ (എസ്കിമോകൾ) ഇവിടുത്തെ മറ്റൊരു പ്രത്യേകതയാണ്.

വടക്കേ അമേരിക്കയിലെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്ന ടൂറിസ്റ്റ് ഗൈഡായി സങ്കൽപ്പിച്ച് ഈ ഭൂഖണ്ഡത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കൂ.

## ആമസോൺ തടത്തിൽ നിന്ന്...

ആമസോൺ മഴക്കാടുകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ. 'ഭൂമിയുടെ ശ്വാസകോശം' എന്ന് ഇവയെ വിശേഷിപ്പിക്കാറുണ്ട്. ലോകത്ത് മറ്റെവിടെയും ഇല്ലാത്ത അനേകം സസ്യ-ജന്തുജാലങ്ങളുടെ ആവാസകേന്ദ്രമായ ആമസോൺ മഴക്കാടുകൾ തെക്കേ അമേരിക്കയിലാണുള്ളത്.

അറ്റ്ലസിന്റെ സഹായത്തോടെ തെക്കേ അമേരിക്കയുടെ സ്വാഭാവിക അതിരുകൾ തിരിച്ചറിയൂ.


ചിത്രം 7.9

ലോകത്തിലെ ഏറ്റവും നീളമേറിയ പർവതനിരയായ ആൻഡീസും ഏറ്റവും വലിയ നദിയായ ആമസോണും ഇവിടെയാണുള്ളത്. അതിവിശാല ഭൂപ്രദേശമായ ആമസോൺ നദീതടത്തിന്റെ ഭൂരിഭാഗവും മഴക്കാടുകളാണ്. ലോകത്തിലെ ഏറ്റവും വരണ്ട മരുഭൂമിയായ അറ്റക്കാമ തെക്കേ അമേരിക്കയുടെ മറ്റൊരു ഭൂപ്രകൃതി സവിശേഷതയാണ്.


ചിത്രം 7.10 ആമസോൺ മഴക്കാടുകളും ആമസോൺ നദിയും

### കാലാവസ്ഥ

ഭൂമധ്യരേഖാപ്രദേശമായതിനാൽ തെക്കേ അമേരിക്കയുടെ വടക്കുഭാഗങ്ങളിൽ കൂടിയ ചൂടും സമൃദ്ധമായ മഴയും ലഭിക്കുന്നു. തെക്കേ അമേരിക്കയുടെ ഏറ്റവും തെക്ക് ശൈത്യ കാലാവസ്ഥ അനുഭവപ്പെടുന്നു.

### സസ്യ-ജന്തുജാലങ്ങൾ

ആമസോൺ മഴക്കാടുകൾ ഉൾപ്പെടുന്ന തെക്കേ അമേരിക്ക ജൈവവൈവിധ്യ സമൃദ്ധമാണ്. ആമസോൺ വാട്ടർ ലില്ലി, അനാകോണ്ട മുതലായവയ്ക്ക് പ്രസിദ്ധമാണിവിടം. തെക്കേ അമേരിക്കയിലെ ആൻഡീസ് പർവതനിരകൾ ആൻഡിയൻ ലൂപിൻ എന്ന പുഷ്പച്ചെടിയുടെയും ലാമ പോലുള്ള സസ്തനികളുടെയും ആവാസകേന്ദ്രമാണ്. ലോകത്തിലെ ഏറ്റവും വലിയ ഉഷ്ണമേഖലാതണ്ണീർത്തട പ്രദേശങ്ങളിലൊന്നാണ് തെക്കേ അമേരിക്കയിലെ പാന്റനൽ. സസ്തനി വിഭാഗത്തിൽപ്പെട്ട കാപ്പിബാര ഈ മേഖലയിൽ കാണപ്പെടുന്നു.

**തെക്കേ അമേരിക്കയിലെ ചില സസ്യ-ജന്തുജാലങ്ങൾ**



ആൻഡിയൻ ലൂപിൻ



ആമസോൺ വാട്ടർ ലില്ലി



ലാമ



കാപ്പിബാര

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ തെക്കേ അമേരിക്കയിലെ വിവിധ സസ്യ-ജന്തുജാലങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച് ചുമർപത്രിക തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.

### ജനജീവിതം

തെക്കേ അമേരിക്കയിലെ ജനങ്ങളിലധികവും കൃഷി, മത്സ്യബന്ധനം, വ്യവസായം എന്നിവയിൽ ഏർപ്പെടുന്നവരാണ്. തദ്ദേശീയർ, യൂറോപ്യർ, ആഫ്രിക്കക്കാർ, ഏഷ്യക്കാർ എന്നിവരുടെ സാന്നിധ്യത്താൽ സാംസ്കാരിക വൈവിധ്യങ്ങൾക്ക് ശ്രദ്ധേയമാണ് ഈ ഭൂഖണ്ഡം.

## വെളുത്ത ഭൂഖണ്ഡം തേടി...

ചിത്രങ്ങൾ ശ്രദ്ധിക്കൂ.



മൈത്രി



ഭാരതി

ചിത്രം 7.11

വിവിധ പഠനങ്ങൾക്കായി ഇന്ത്യ സ്ഥാപിച്ചിട്ടുള്ള രണ്ട് ഗവേഷണ കേന്ദ്രങ്ങളാണ് മൈത്രിയും ഭാരതിയും. ഇവ ഏതു ഭൂഖണ്ഡത്തിലാണ് സ്ഥിതിചെയ്യുന്നത്?

- 



ചിത്രം 7.12

ഈ വൻകരയുടെ 98 ശതമാനവും അന്റാർട്ടിക്ക് ഹിമപാളിയാണ്. ഭൂമിയിലെ ശുദ്ധജലത്തിന്റെ ഭൂരിഭാഗവും ഈ ഹിമപാളിയിൽ അടങ്ങിയിരിക്കുന്നു.

ചിത്രം 7.12 ഉം ഗ്ലോബും നിരീക്ഷിച്ച് അന്റാർട്ടിക്കയുടെ സ്ഥാനം കണ്ടെത്തൂ. പൂർണ്ണമായും ദക്ഷിണ സമുദ്രത്താൽ ചുറ്റപ്പെട്ടിരിക്കുന്ന ഭൂഖണ്ഡമാണ് അന്റാർട്ടിക്ക.

അന്റാർട്ടിക്കയുടെ ഭൂപ്രകൃതി സവിശേഷതകൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

ട്രാൻസ് അന്റാർട്ടിക്ക് പർവതനിരകളാണ് ഭൂഖണ്ഡത്തെ കിഴക്കൻ അന്റാർട്ടിക്ക എന്നും പടിഞ്ഞാറൻ അന്റാർട്ടിക്ക എന്നും വിഭജിക്കുന്നത്. തെക്കേ അമേരിക്കയ്ക്ക് അടുത്തായി സ്ഥിതിചെയ്യുന്ന അന്റാർട്ടിക്കയിലെ ഒരു ഭൂപ്രകൃതി വിഭാഗമാണ് അന്റാർട്ടിക്ക് ഉപദ്വീപ്. അന്റാർട്ടിക്കയിലെ ഏറ്റവും വലിയ പർവതം വിൻസൺ മാസിഫാണ്. ഈ ഭൂഖണ്ഡത്തിൽ നിരവധി അഗ്നിപർവതങ്ങളും കാണപ്പെടുന്നു.

### കാലാവസ്ഥ

വർഷം മുഴുവനും മഞ്ഞുമൂടിക്കിടക്കുന്ന ശീതമരുഭൂമിയാണ് അന്റാർട്ടിക്ക. അന്റാർട്ടിക്കയുടെ സ്ഥാനം അതിന്റെ കാലാവസ്ഥയെ സവിശേഷമാക്കുന്നു.

### സസ്യ-ജന്തുജാലങ്ങൾ

ഹിമപാളികളുടെ വിള്ളലുകളിൽ കാണപ്പെടുന്ന ചില പായൽവർഗ സസ്യങ്ങളൊഴിച്ചാൽ അന്റാർട്ടിക്കയുടെ ഭൂരിഭാഗം പ്രദേശങ്ങളും തരിശാണ്. ഈ ഭൂഖണ്ഡത്തിന്റെ പല തീരപ്രദേശങ്ങളും പെൻഗ്വിനുകളുടെയും സീലുകളുടെയും ആവാസകേന്ദ്രങ്ങളാണ്.

### അന്റാർട്ടിക്കയിലെ പ്രധാന സസ്യ-ജന്തുജാലങ്ങൾ


പായലുകൾ


പെൻഗ്വിൻ


സീലുകൾ

ചിത്രം 7.13

### ജനജീവിതം

മനുഷ്യവാസം തീരെയില്ലാത്ത ഭൂഖണ്ഡമാണ് അന്റാർട്ടിക്ക. പാരിസ്ഥിതിക സവിശേഷതകളെക്കുറിച്ച് ഗവേഷണം നടത്തുന്നവരും സാഹസിക യാത്രികരും മാത്രമാണ് ഇവിടെയെത്തുന്നത്.

## പൗരാണിക സാഹസിക നാവികരുടെ നാട്ടിലേക്ക്...

സാഹസികരായ നാവികരുടെ ചരിത്രപ്രസിദ്ധങ്ങളായ യാത്രകളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിച്ചത്. വാസ്കോ ഡ ഗാമ ഇന്ത്യയിലേക്ക് നടത്തിയ യാത്ര മുൻക്ലാസിൽ നിങ്ങൾ പരിചയപ്പെട്ടല്ലോ. സമുദ്രമാർഗം അദ്ദേഹം ഇന്ത്യയിലേക്ക് നടത്തിയ യാത്രകൾ ചരിത്രപ്രാധാന്യമുള്ളവയാണ്.


ചിത്രം 7.14

ഏത് ഭൂഖണ്ഡത്തിൽ നിന്നാണ് അദ്ദേഹം ഇന്ത്യയിലേക്കുള്ള യാത്ര ആരംഭിച്ചത്?

- 

ഇന്ത്യയുടെ ചരിത്രത്തെ സ്വാധീനിച്ച വാസ്കോ ഡ ഗാമയുടെ നാട്ടിലേക്ക് നമുക്കൊരു യാത്ര പോയാലോ?

ഭൂപടം 7.1 ൽ നിന്നും യൂറോപ്പിന്റെ സ്വാഭാവിക അതിരുകൾ കണ്ടെത്തൂ.

യൂറോപ്പിന്റെ ചില ഭൂപ്രകൃതി സവിശേഷതകൾ ശ്രദ്ധിക്കൂ.

ആൽപ്സ്, ബ്ലാക്ക് ഫോറസ്റ്റ്, കാർപാത്തിയൻ മുതലായ നിരവധി പർവതനിരകൾ യൂറോപ്പിലുണ്ട്. ലോകത്തിലെ നീളമേറിയ നദികളിൽ ചിലതായ ഡാന്യൂബ്, വോൾഗ, റൈൻ മുതലായവ ഒഴുകുന്നത് ഈ ഭൂഖണ്ഡത്തിലൂടെയാണ്. യൂറോപ്പിൽ ഫലഭൂയിഷ്ഠമായ സമതലങ്ങളും പുൽമേടുകളുമുണ്ട്. കിഴക്കൻ യൂറോപ്പിലെ അതിവിശാലമായ പുൽമേടുകൾ സ്റ്റെപ്പി എന്നറിയപ്പെടുന്നു. യൂറോപ്പിന്റെ വടക്കൻതീരങ്ങളുടെ ചില ഭാഗങ്ങൾ ഫിജോർഡുകൾ അഥവാ 'ഫിയോഡുകൾ' എന്നറിയപ്പെടുന്ന സവിശേഷ ഭൂപ്രകൃതിയാൽ സമ്പന്നമാണ്.


നോർവേയിലെ ഫിയോഡ് തീരങ്ങൾ

### ഫിജോർഡുകൾ അഥവാ ഫിയോഡുകൾ (Fjords or Fiords)

സാധാരണയായി ഹിമാനികളുടെ പ്രവർത്തനത്താൽ രൂപം കൊള്ളുന്നതും, പർവതങ്ങളാൽ ചുറ്റപ്പെട്ടതോ കുത്തനെയുള്ള ചരിവുകൾക്കിടയിലുള്ളതോ ആയ ഇടുങ്ങിയ കടൽത്തീരങ്ങളാണ് ഫിയോഡുകൾ.

### കാലാവസ്ഥ

യൂറോപ്പിൽ പൊതുവെ മിതമായ ചൂടും തണുപ്പുമുള്ള കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഈ വൻകരയുടെ വടക്കുഭാഗങ്ങളിൽ ശൈത്യകാലത്ത് മഞ്ഞുവീഴ്ച സാധാരണമാണ്.

### സസ്യ-ജന്തുജാലങ്ങൾ

യൂറോപ്പിലെ ആൽപൈൻ പ്രദേശം പുൽമേടുകൾക്കും മെഡിറ്ററേനിയൻ മേഖല മുന്തിരിത്തോട്ടങ്ങൾക്കും പ്രസിദ്ധമാണ്.

**യൂറോപ്പിലെ ചില സസ്യ-ജന്തുജാലങ്ങൾ**



കോർക്ക് ഓക്ക് മരങ്ങൾ



ആൽപ്പൈൻ സ്റ്റെപ്പി പുൽമേട്



ലിൻക്സ്

ചിത്രം 7.15

### ജനജീവിതം

യൂറോപ്യർ പൊതുവെ ഉയർന്ന ജീവിതനിലവാരം പുലർത്തുന്നവരാണ്. സമ്പന്നമായ കലാ-സാംസ്കാരിക പൈതൃകമുള്ള ഭൂഖണ്ഡമാണ് യൂറോപ്പ്. ലോകത്തിലെ ഏറ്റവും പഴക്കംചെന്ന നഗരങ്ങളായ ഏതൻസ്, റോം എന്നിവ യൂറോപ്പിലാണ്. പാരീസ്, ലണ്ടൻ, ബെർലിൻ തുടങ്ങിയ നഗരങ്ങൾ കല, ഫാഷൻ, സാങ്കേതികവിദ്യ എന്നിവയുടെ കേന്ദ്രങ്ങളാണ്.

യൂറോപ്പിന്റെ ഭൂമിശാസ്ത്ര സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൂ.

## സഞ്ചി മൃഗങ്ങളുടെ നാട്ടിലേക്ക്...

സവിശേഷതകൾ ധാരാളമുള്ള മൃഗങ്ങളാണല്ലോ കങ്കാരുക്കൾ. ഇവ കാണപ്പെടുന്ന ഭൂഖണ്ഡമാണ് ആസ്ട്രേലിയ.



ചിത്രം 7.16

പൂർണ്ണമായും ദക്ഷിണാർധഗോളത്തിൽ സ്ഥിതിചെയ്യുന്ന ആസ്ട്രേലിയ ഭൂഖണ്ഡത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അന്വേഷിക്കാം.

അറ്റ്ലസിൽ നിന്നും ആസ്ട്രേലിയയുടെ സ്വാഭാവിക അതിരുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൂ.

പൂർണ്ണമായും സമുദ്രത്താൽ ചുറ്റപ്പെട്ട ആസ്ട്രേലിയ ഏറ്റവും ചെറിയ ഭൂഖണ്ഡമാണ്.

ആസ്ട്രേലിയയിലെ പ്രധാന പർവതനിരയാണ് ഗ്രേറ്റ് ഡിവൈഡിങ് റേഞ്ച്. ഗ്രേറ്റ് വിക്ടോറിയ ഇവിടുത്തെ പ്രധാന മരുഭൂമികളിലൊന്നാണ്. ആസ്ട്രേലിയയുടെ കിഴക്കൻ തീരത്ത് സ്ഥിതിചെയ്യുന്ന ഗ്രേറ്റ് ബാരിയർ റീഫ് പവിഴപ്പുറ്റുകളാൽ നിർമ്മിതമാണ്. മുറെ-ഡാർലിംങ് നദീതടം ഭൂഖണ്ഡത്തിലെ ഫലഭൂയിഷ്ഠമായ കാർഷിക മേഖലയാണ്.



ചിത്രം 7.17

## കാലാവസ്ഥ

ആസ്ട്രേലിയയുടെ ഭൂരിഭാഗം പ്രദേശത്തും വരണ്ട കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഭൂഖണ്ഡത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് പോകുന്തോറും വരൾച്ചയുടെ തീവ്രത വർധിക്കുന്നു.

## സസ്യ-ജന്തുജാലങ്ങൾ

ആസ്ട്രേലിയയുടെ ഒറ്റപ്പെട്ട സ്ഥാനം സസ്യ-ജന്തുജാലങ്ങൾ വ്യത്യസ്തമായ രീതിയിൽ പരിണമിക്കുന്നതിനു കാരണമായി. മാർസുപ്പിയലുകളും മുട്ടയിടുന്ന സസ്തനികളും ഇതിന് ഉദാഹരണങ്ങളാണ്.

### ആസ്ട്രേലിയയിലെ ചില സസ്യ-ജന്തുജാലങ്ങൾ

ആസ്ട്രേലിയയിൽ കാണപ്പെടുന്ന പ്രധാന ജന്തുവിഭാഗമാണ് മാർസുപ്പിയലുകൾ. ഉദരസഞ്ചികളിൽ കുഞ്ഞുങ്ങളെ കൊണ്ടുനടക്കുന്ന കങ്കാരു, കൊആല (koala) എന്നിവ മാർസുപ്പിയലുകൾക്ക് ഉദാഹരണങ്ങളാണ്. ഇവ കൂടാതെ, മുട്ടയിടുന്ന സസ്തനികളായ പ്ലാറ്റിപ്പസും എക്കിഡ്നയും ആസ്ട്രേലിയയിൽ കാണപ്പെടുന്ന മറ്റു ജീവികളാണ്. ഇവിടുത്തെ സസ്യജാലങ്ങളിൽ യൂക്കാലിപ്റ്റസ് മരങ്ങളും വാറ്റിൽ എന്നറിയപ്പെടുന്ന അക്കേഷ്യയും ഉൾപ്പെടുന്നു.



പ്ലാറ്റിപ്പസ്



എക്കിഡ്ന



കൊആല



യൂക്കാലിപ്റ്റസ്



അക്കേഷ്യ

## ജനജീവിതം

ആധുനിക നഗരങ്ങളുടെയും പുരാതന സംസ്കാരങ്ങളുടെയും നാടാണ് ആസ്ട്രേലിയ. ഇവിടുത്തെ തദ്ദേശീയരായ ഗോത്രവിഭാഗക്കാർ വളരെ പഴക്കമുള്ള സംസ്കാരത്തിനുടമകളാണ്. സിഡ്നി, മെൽബൺ, ബ്രിസ്ബേൻ തുടങ്ങിയ നഗരങ്ങൾ ഉയർന്ന ജീവിത നിലവാരത്തിനും സാംസ്കാരിക പ്രവർത്തനങ്ങൾക്കും പ്രസിദ്ധമാണ്.



ആസ്ട്രേലിയയുടെ ഭൂപ്രകൃതി സവിശേഷതകളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| | |
|---|---|
| മരുഭൂമി | ഗ്രേറ്റ് വിക്ടോറിയ |
| പവിഴപ്പുറ്റുകളാൽ നിർമ്മിതമായ ഭൂപ്രദേശം | .................................. |
| ഫലഭൂയിഷ്ഠമായ നദീതടം | .................................. |
| പർവതനിര | .................................. |

ഓരോ ഭൂഖണ്ഡവും തനതു ഭൂമിശാസ്ത്ര സവിശേഷതകൾ ഉള്ളവയാണെന്ന് തിരിച്ചറിഞ്ഞില്ലേ?

ഏതെങ്കിലും ഒരു ഭൂഖണ്ഡം സന്ദർശിക്കാൻ അവസരം ലഭിച്ചാൽ, ഏതുഭൂഖണ്ഡമായിരിക്കും നിങ്ങൾ തിരഞ്ഞെടുക്കുക? തെക്കേ അമേരിക്കയിലെ മഴക്കാടുകൾ സന്ദർശിക്കുമോ?ഏഷ്യയിലെ പർവതങ്ങൾ കീഴടക്കുമോ? അല്ലെങ്കിൽ അന്റാർട്ടിക്കയിലെ അതിശൈത്യത്തെസധൈര്യം നേരിടുമോ? കണ്ടെത്താനായി കാത്തിരിക്കുന്ന, ഇനിയുമേറെ അത്ഭുതങ്ങൾ നിറഞ്ഞതാണ് നമ്മുടെ ലോകം!

## തുടർപ്രവർത്തനങ്ങൾ

- ഭൂഖണ്ഡങ്ങളുടെ സവിശേഷതകൾ ഉൾപ്പെടുത്തി തന്നിരിക്കുന്ന മാതൃകയിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കൂ.




**ഏഷ്യ**

- ഏറ്റവും വലിയ ഭൂഖണ്ഡം
- ഏറ്റവും ഉയരമുള്ള കൊടുമുടിയായ എവറസ്റ്റ് സ്ഥിതിചെയ്യുന്ന ഭൂഖണ്ഡം
- ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഭൂഖണ്ഡം
- ഏറ്റവും കൂടുതൽ നെല്ല് ഉൽപാദിപ്പിക്കുന്ന ഭൂഖണ്ഡം

- വിവിധ ഭൂഖണ്ഡങ്ങളിലെ പ്രധാന സസ്യ-ജന്തുജാലങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് അടിക്കുറിപ്പുകളോടെ ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.
- കമാൻഡർ അഭിലാഷ് ടോമിയുടെ 'കടൽ ഒറ്റയ്ക്ക് ക്ഷണിച്ചപ്പോൾ' എന്ന യാത്രാവിവരണം വായിച്ച് കുറിപ്പ് തയ്യാറാക്കൂ.
- ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഭൂഖണ്ഡത്തെ കുറിച്ചും തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിച്ച് സെമിനാർ തയ്യാറാക്കി അവതരിപ്പിക്കൂ.

- സ്വാഭാവിക അതിരുകൾ
- ഭൂപ്രകൃതി സവിശേഷതകൾ
- കാലാവസ്ഥ
- സസ്യ-ജന്തുജാലങ്ങൾ
- ജനജീവിതം

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***